PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1952

Tuesday, the 4th November, 1952.

Vol. VII. OFFICIAL REPORT No. 6.

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 4th November, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

Prohibition Cases.

*289. [1] **Shri P. S. Nataraja Pillai:** Will the Minister for Medicine and Public Health be pleased to state:

(*a*) the number of prohibition cases detected from the City of Trivandrum;

(*b*) is there a staff working to enforce prohibition in the City; and

(c) has it come to the notice of Government that intoxicating drinks are being openly sold in the shops of the City?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) 89 in all, during the years 1950-51 and 1952.

(*b*) Yes.

(c) No.

Shri P. S. Nataraja Pillai: Has it come to the notice of Government that Sunday last a case was detected in the heart of the City?

ശ്രീ. വി. മാധവൻ: അങ്ങനെ ഒരുദിവസം ഒരു കേസ് കണ്ടുപിടിച്ചതായിട്ട് അറിവുണ്ട്.

Shri P. S. Nataraja Pillai: Has it come to the notice of Government a case was detected in front of the Public Offices a few months ago?

ശ്രീ. വി. മാധവൻ: അതും ഈ വക കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടായിരിക്കും.

Shri P. S. Nataraja Pillai: Do the facts available with the Government go to show that there is a widespread sale of intoxicants in the City?

ശ്രീ. വി. മാധവൻ: എസൻസ് വിൽപ്പന നടത്തുന്ന ചില കേസ്സുകൾ ഇതിൽ ഉൾപ്പെടാതെ ഉണ്ടായിരിക്കും. പ്രോഹിബിഷനിൽ അങ്ങനെ ചിലതു് ഉൾപ്പെടുത്താതെ ഉണ്ടെന്നു് ഗവണ്മെന്റിനു് ചില പരാതികൾ കിട്ടിയിട്ടുണ്ടു്. അതു് തടയുന്നതിനു് വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

Shri P. S. Nataraja Pillai: Is there a separate prohibition staff functioning now?

ശ്രീ. വി. മാധവൻ: പ്രോഹിബിഷനുവേണ്ടി പ്രത്യേകിച്ചു് ഒരു സ്റ്റാഫ് ഇപ്പോൾ പ്രവർത്തനത്തിൽ ഇരിക്കുന്നുണ്ടു്.

Shri P. S. Nataraja Pillai: Is there a Prohibition Officer to control the staff?

ശ്രീ. വി. മാധവൻ: ഈ വക കേസ്സുകൾ കണ്ടുപിടിക്കുന്നതിനു് പ്രത്യേകിച്ചു് എക്സൈസിൽ തന്നെ ഒരു വിഭാഗക്കാർ ഉണ്ടു്. അവർ തന്നെയാണു് ഇതിന്റെ കണ്ട്രോൾ നടത്തുന്നതു്.

Shri P. S. Nataraja Pillai: Am I to take it that it is one of the functions of the Assistant Excise Commissioner to see to the working of the prohibition staff under him?

ശ്രീ. വി. മാധവൻ: തിരുവനന്തപുരം സിറ്റിയിലുള്ള എക്സൈസ് കമ്മീഷണരുടെ കീഴിലാണു് ഇവിടെയുള്ള പ്രോഹിബിഷൻ ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നതു്.

Shri P. S. Nataraja Pillai: Was not a separate officer to control the prohibition staff in the prohibition area two years ago?

ശ്രീ. വി. മാധവൻ: അതിനു പ്രത്യേകിച്ചു ഒരു ചോദ്യം വന്നാലെ മറുപടി പറയുവാൻ തരമുള്ളു.

Shri P. S. Nataraja Pillai: Was not that post held by the Assistant Commissioner or the officer who was controlling the prohibition staff prior to their abolition by the Government in the year 1951-52?

ശ്രീ. വി. മാധവൻ: എക്സൈസ് ഡിപ്പാർട്ടുമെന്റിൽനിന്നു് സി. ഐ. ഡി. വർക്കു് നടത്തിക്കൊണ്ടിരുന്ന കുറെ ആളുകളെ ആവശ്യമില്ലെന്നു് കണ്ടു കുറയ്ക്കുവാൻ ഒരു തീരുമാനം ഗവണ്മെന്റു് എടുത്തിട്ടുണ്ടു്.

Shri P. S. Nataraja Pillai: May I know what was the intention behind this abolition? Was it to increase the efficiency of the prohibition work or to decrease it?

ശ്രീ. വി. മാധവൻ: അതു് രണ്ടും പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല. ഒരു ചെറിയ റിട്രെഞ്ച്മെന്റ് വേണമെന്നുള്ള നയംകൊണ്ടാണു് ഗവണ്മെന്റ് അങ്ങനെ ചെയ്തിട്ടുള്ളതു്.

Shri P. S. Nataraja Pillai : What was the idea of the Government in abolishing this post ? Was it that there was reduction in the number of offences or was it with a view to retrench expenditure ?

ശ്രീ. വി. മാധവൻ: കുറച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ കഴിച്ചു് ബാക്കിയുള്ളവരെക്കൊണ്ടു് ആ വർക്ക് നടത്തുവാൻ സാധിക്കുമെന്നുള്ളതുകൊണ്ടാണു് അങ്ങനെ ചെയ്തതു്.

Shri P. S. Nataraja Pillai : May I know whether experience has not shown that the retrenchment has affected the efficiency of the department ? Is it tha view of the Government that in retrenching the controlling officer they have increased the efficiency of the prohibition staff ?

ശ്രീ. വി. മാധവൻ: അതിനെപ്പറ്റി മറുപടി പറയുകയാണെങ്കിൽ, അതിൽ കൂടുതൽ ജോലിക്കാർ ഉണ്ടായിരുന്നുവെന്നും അത്രയുംപേർ അതിനു ആവശ്യമുണ്ടായിരുന്നില്ലെന്നുമാണു് ഗവണ്മെന്റ് തീരുമാനിച്ചതു്.

Shri P. S. Nataraja Pillai : Is it due to lack of supervision of the controlling agencies that the prohibition rules are disregarded so widely in the City and in the prohibition area ?

ശ്രീ. വി. മാധവൻ: അതു് അഭിപ്രായവ്യത്യാസമുള്ള ഒരു സംഗതിയാണു്. പ്രോഹിബിഷൻ ഏരിയായിൽ അതു് കണ്ടുപിടിച്ചു എന്നു പറയുന്നതു് അത്ഭുതകരമായ ഒരു കാര്യമല്ല.

Shri P. S. Nataraja Pillai : Is it the view of the Government that 89 cases in a year in the City is not a wide breach of the prohibition law ?

Mr. Speaker : That is a matter of opinion.

ശ്രീ. വി. മാധവൻ: ഇതു് ഒരു കൊല്ലത്തിനുള്ളിൽമാത്രം ഉണ്ടായിട്ടുള്ള കേസ്സുകളല്ല. പ്രോഹിബിഷൻ നടപ്പായതിനുശേഷം കണ്ടുപിടിച്ചിട്ടുള്ള കേസ്സുകളുടെ എണ്ണമാണു്.

ശ്രീ. എ. താണുപിള്ള: ൮൯ കേസ്സുകൾ എന്നു പറഞ്ഞതിൽ ശിക്ഷയിൽ പര്യവസാനിച്ച കേസ്സുകൾ എത്രയെണ്ണമുണ്ടു്?

ശ്രീ. വി. മാധവൻ: ൮൯ കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ടെന്നു് മാത്രമേ ഇപ്പോൾ പറയാൻ തരമുള്ളു.

ശ്രീ. എ. താണുപിള്ള: അതിൽ എത്ര കേസ്സുകൾ ശിക്ഷിച്ചിട്ടുണ്ടു്?

ശ്രീ. വി. മാധവൻ: അതും നിശ്ചയമില്ല.

ശ്രീ. എ. താണുപിള്ള: തിരുവനന്തപുരംപോലെയുള്ള വലിയ പട്ടണങ്ങളിലുള്ളവർമാത്രം കുടിക്കരുതു്, കൊല്ലം, കോട്ടയം, ആലുവാ മുതലായ പട്ടണങ്ങളിൽ ഉള്ള ആളുകൾ കുടിക്കണം എന്നാണോ ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നതു്?

Mr. Speaker: Does it arise from this question? "Detection of prohibition cases" that is the main question. But you are dealing with policy.

Shri A. Thanu Pillai: It is not a policy that I am dealing with. I want to show that the difficulty arises because of the indiscriminate way in which prohibition is being enforced in the State.

തിരുവനന്തപുരത്തുകാർമാത്രം കുടിക്കരുതെന്നു വച്ചിരിക്കുന്നതു് എന്തുകൊണ്ടാണു് എന്നാണു് ഞാൻ ചോദിക്കുന്നതു്?

ശ്രീ. വി. മാധവൻ: തിരുവനന്തപുരത്തു മാത്രമല്ല നാഗർകോവിൽ മുതലായ പട്ടണങ്ങളിലും കുടിയില്ല.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ: ഉൾനാടുകളിലുള്ള ആളുകൾ മദ്യപിച്ചു് എന്തെല്ലാം തകരാറുകൾ ഉണ്ടാക്കുന്നുണ്ടു് എന്നു ഗവൺമെൻറിനു് അറിയാമോ?

ശ്രീ. വി. മാധവൻ: അതിനെപ്പററി അറിവില്ല.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻനായർ: എസൻസ് കുടിച്ചു് ആളുകൾ മരിക്കുന്നുണ്ടെന്നുള്ളതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ: നെടുമങ്ങാട്ടു് അടുത്ത കാലത്തു് ഒരാൾ എസൻസ് കുടിച്ചു് മരിച്ചതായി ഗവൺമെൻറിനു് അറിവുണ്ടോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

ശ്രീ. സി. അച്യുതമേനോൻ: എസൻസിൻെറ രൂപത്തിലുള്ള മദ്യങ്ങൾ വിൽപ്പന നടക്കുന്നുണ്ടെന്നു് ഗവൺമെൻറിനറിയാമോ?

Mr. Speaker: Where there is prohibition.

ശ്രീ. സി. അച്യുതമേനോൻ: ഈ തിരുവനന്തപുരം പട്ടണത്തിൽ തന്നെ പബ്ലിക്കു് ആഫീസുകളുടെ മുമ്പിൽ മദ്യവിൽപ്പന നടത്തിയിരുന്നുവെന്നുള്ള സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: പെട്ടിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ ഉണ്ടെന്നു് ഒരു ആരോപണം ചെയ്തുകൊണ്ടു് വീരകേസരിയിൽ ഒരു ലേഖനം ഉണ്ടായിരുന്നതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അന്വേഷണത്തിൽ അങ്ങനെയുള്ള ആരോപണം ശരിയല്ലെന്നാണു് ഗവൺമെൻറിനു് അറിവായതു്.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ: ദി കേരള ആയുർവേദിക്കു് ട്രിങ്കേഴ്സ് ആൻറു് കാംബൈൻഡ്സ് ലിമിററഡിൽ ഇതിൻെറ മാനഫാക്ചറിംഗ് കൈവശംവച്ചു് എസ്സൻസ് വിൽപ്പനനടത്തിയിരുന്നതായി ഗവൺമെൻറിനു കംപ്ലെയിൻറു കിട്ടിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അതിനു വേറൊരു ചോദ്യം കൊണ്ടുവന്നാൽ മറുപടി പറയാം.

ശ്രീ. സി. അച്യുതമേനോൻ: പ്രൊഹിബിഷൻ ആക്ട് നടപ്പാക്കുന്നതിന് നാട്ടുകാരുടെ സഹായം ഉണ്ടോ എന്നറിയുവാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ടോ?

Mr. Speaker: You are straying away from the main question The main question is in regard to the detection of prohibition cases.

ശ്രീ. എ. കെ. ചെല്ലയ്യാ: ഇത്തരം കേസുകളിൽ ഗവൺമെന്റുദ്യോഗസ്ഥന്മാരുടെ മേൽ നടപടിയെടുത്തിട്ടുള്ളവയുടെ എണ്ണമെത്ര?

ശ്രീ. വി. മാധവൻ: അറിവില്ല.

ശ്രീ. എ. കെ. ചെല്ലയ്യാ: ഇതിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. ചെല്ലയ്യാ: ഏകദേശമായിട്ടെങ്കിലും എത്രപേരുണ്ടെന്നു പറയാമോ?

Shri T. S. Ramaswami: May I know the quantity confiscated last Sunday from the City of Trivandrum?

Mr. Speaker: That has already been put and answered. Order, order. Next question please.

Medical Aid.

*290 [2] **Shri K. Madhavan Unnithan:** Will the Minister for Medicine and Public Health be pleased to state:

(*a*) whether Government has received representation containing specific suggestions from members of this House for extending better medical aid to the rural parts of the State;

(*b*) whether any decision has been taken on the subject;

(*c*) whether it is a fact that the scheme is postponed for want of sufficient number of medical men; and

(*d*) whether Government have enquired about the availability of retired medical men in this State or outside?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) Yes.

(*b*) Yes.

(*c*) Difficulty to get sufficient number of doctors was only one of the reasons.

(*d*) No.

Shri K. Madhavan Unnithan: Has the Government consulted the Medical Board whether there are members to serve with the Mobile Hospital voluntarily if such a proposal is implemented?

ശ്രീ. വി. മാധവൻ: അതിനെപ്പറ്റി അന്വേഷിച്ചിട്ടില്ല.

Shri K. Madhavan Unnithan : Will the Government consider about it ?

ശ്രീ. വി. മാധവൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. കുഞ്ഞിത്തൊമ്മൻ : പ്രോത്സാഹനങ്ങൾ ലഭിക്കുന്നില്ലെന്നു വല്ല പരാതികളും കിട്ടിയിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : വേറെ ചില സംഗതികളിൽ ഇപ്പോഴും നടപടികൾ നടക്കുന്നുവെന്നു മാത്രമേ ഞാൻ പറഞ്ഞതിനു അർത്ഥമുള്ളു. മററു കാര്യങ്ങൾ ഒന്നും അന്വേഷിച്ചിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : റിട്ടയർ ചെയ്ത ഏതെങ്കിലും മെഡിക്കൽ ആഫീസറെ വീണ്ടും സർവീസിൽ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : അതിനെ സംബന്ധിച്ചു യാതൊരു നടപടിയും നടത്തിയിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ ആവശ്യത്തിനു നിയമിച്ചിട്ടില്ലെങ്കിൽ വേറെ ഏതെങ്കിലും ആവശ്യത്തിനു നിയമനം നടത്തിയിട്ടുണ്ടോ ?

Mr. Speaker :- Order. order, Please first of all understand the question. This is about the extension of medical aid to the rural areas.

Services of the Pakuthi Accountants.

※ **291.** [3] **Shri O. C. Ninan:** Will the Minister for Revenue be pleased to state:

(*a*) what is the fee usually levied for the services of the accountants for helping civil court commissioner ;

(*b*) whether it is a fact that the accountants do not render help to the commissioners and attend the spot even after the requisition by the civil court ; and

(*c*) whether it has come to the notice of Government that much delay is caused in the execution of commission orders by the non-co-operating attitude of the accountants and the revenue department ?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) Fee is fixed by the Munsiffs according to the merits of each case. It does not go below Rs. 5.

(*b*) No such instances have been brought to the notice of Government.

(*c*) No.

ശ്രീ. ഒ. സി. നൈനാൻ : ഏതുമാത്രം കേസുകളുടെ ആവശ്യത്തിനാണു റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കു അപേക്ഷകൾ അയക്കേണ്ടതു ?

Shri A. Chidambaranatha Nadar : I want notice.

അത്രുക്കററി ചൗക്കകളിലെ തൊഴിലാളി നിവേദനം.

*൨൯൨. [൪] ശ്രീ. പി. വി. അവിരാത്തരകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ചരക്കുകൾ കയററി ഇറക്കുന്നതിന് നിയമിച്ചിരുന്ന അത്രുക്കററി വെള്ളത്തുള്ളി ചൗക്കകളിലെ തൊഴിലാളികളിൽനിന്നു ൧൯൫൨-ൽ എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ചരക്കുകൾ കയററുകയും ഇറക്കുകയും ചെയ്തിരുന്നതിന് ചരക്കുടമകളിൽനിന്നും എന്തെങ്കിലും ഈടാക്കിയിരുന്നുവോ;

(സി) അങ്ങിനെ ൧൯൪൭-നു ശേഷം ൧൯൪൯ ജൂൺ ൩൦ വരെ ഈടാക്കിയ സംഖ്യയെത്ര;

(ഡി) തിരുവിതാംകൂർ-കൊച്ചിയിലെ മററു ചൗക്കകളിൽ ചരക്കുകൾ കയററി ഇറക്കുന്നതിന് ശമ്പളത്തിൽ ആളുകളെ നിയമിച്ചിരുന്നുവോ;

(ഇ) അങ്ങിനെ നിയമിച്ചിരുന്നെങ്കിൽ അവരുടെ ശമ്പളം എന്തായിരുന്നു;

(എഫ്) ഇല്ലെങ്കിൽ അവിടത്തെ കയററിറക്കുമതി എങ്ങിനെ നിർവഹിച്ചിരുന്നു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഈടാക്കിയിരുന്നു.

(സി) ൩൧൯൬൦ രൂപ ൧൩ അണ ഈടാക്കിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഡി-യുടെ ഉത്തരത്തെ പരിഗണിച്ച്, ഉദിക്കുന്നില്ല.

(എഫ്) ചരക്കുടമകൾ തന്നെ ആളുകളെ നിയമിച്ചു പ്രസ്തുത ജോലികൾ വഹിച്ചുവന്നു.

ശ്രീ. പി. വി. അവിരാത്തരകൻ: ഈടാക്കിയെന്നു പറയുന്ന തുക എങ്ങിനെയാണ് തൊഴിലാളികൾക്ക വീതിച്ചുകൊടുത്തതു്?

ശ്രീ. വി. മാധവൻ: ശമ്പളമായിട്ടു വീതിച്ചു കൊടുക്കുകയായിരുന്നു.

ശ്രീ. പി. വി. അവിരാത്തരകൻ: അവക്കു ശമ്പളം ഇല്ലെന്നാണല്ലോ പറഞ്ഞതു്.

ശ്രീ. വി. മാധവൻ: അതു് മററു ചൗക്കകളുടെ കാര്യത്തിൽ പറഞ്ഞതാണ്.

ശ്രീ. പി. വി. അവിരാത്തരകൻ: ഈ ൩൧,൯൬൦ രൂപ ൧൩ അണയും അവക്കു തിരിച്ചു കൊടുത്തിട്ടുണ്ടോ?

ശ്രീ വി. മാധവൻ: ഈടാക്കിയിട്ടുള്ള രൂപ മുഴുവനും ജോലിക്കാക്കു ശമ്പളമായിട്ടു തിരിച്ചുകൊടുക്കുകയാണ് ചെയ്തതു്.

ശ്രീ. പി. വി. അവിരാത്തരകൻ: ഈ ചൗക്കകൾ തമ്മിൽ ഇങ്ങിനെ വ്യത്യാസപ്പെടുവാനുള്ള കാരണമെന്താണ്?

ശ്രീ. വി. മാധവൻ: ഈ രണ്ടു ചൗക്കകളിലും വളരെയധികം ജോലിക്കാർ ആവശ്യമില്ല. ചരക്കുകളുടെ ഉടമസ്ഥന്മാരാണ് ജോലിക്കാരെ നിയമിച്ചു ജോലി ചെയ്യിക്കുന്നത്. അരൂക്കുററി ചൗക്കയിൽ മാത്രമാണ് ജോലിക്കാരെ സ്ഥിരമായി വെച്ചിട്ടുള്ളത്.

ശ്രീ. പി. വി. അവിരാത്തരകൻ: അരൂക്കുററി ചൗക്കയും വെള്ളത്തുരുത്തി ചൗക്കയും തമ്മിൽ വ്യത്യാസം കാണിക്കുവാനുള്ള കാരണമെന്താണ്?

ശ്രീ. വി. മാധവൻ: അരൂക്കുററി ചൗക്കയിൽ എല്ലാ സമയത്തും നല്ല ജോലിയുണ്ട്. വെള്ളത്തുരുത്തി ചൗക്കയിൽ ചിലപ്പോഴെല്ലാം തൽക്കാലത്തേയ്ക്കുള്ള ജോലികൾ മാത്രമേ ഉണ്ടാകയുള്ളു. അതുകൊണ്ടാണ് അവിടെ സ്ഥിരം ജോലിക്കാരെ വെച്ചിട്ടില്ലാത്തതു.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: അവർക്ക് ഗ്രാററുവിററി കൊടുക്കേണ്ടതു് അല്ലേ?

ശ്രീ. വി. മാധവൻ: കൊടുക്കേണ്ടതില്ല.

ശ്രീ. സി. ജി. സദാശിവൻ: അവർക്കു കൂലി കൊടുക്കുന്നതിനുവേണ്ടി ചരക്കുടമകളുടെ കയ്യിൽനിന്നു് പ്രത്യേകം തുക വസൂലാക്കിയിട്ടില്ലേ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. സി. ജി. സദാശിവൻ: അവിടെ ചരക്കുടമകളിൽനിന്നു പിരിക്കുന്ന തുക അവർക്ക് വീതിച്ചുകൊടുക്കുകയായിരുന്നു പതിവ്. അതു് കൊടുക്കണം എന്നു് ആയിരുന്നില്ലേ അവരുടെ നിവേദനം?

ശ്രീ. വി. മാധവൻ: അങ്ങനെ ഒരു തുക പിരിച്ചിട്ടില്ല

എക്സറെ ഫോട്ടോ.

❋ വൻന. [൫] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെൻറാശുപത്രികളിലെ എക്സറേ സ്ഥാപനങ്ങളിൽനിന്നു നിർദ്ധനരായ രോഗികൾക്കു് മുൻപ് നൽകിവന്നിരുന്നതുപോലെ സൗജന്യമായി എക്സറേ ഫോട്ടോ ഇനിമേൽ എടുത്തുകൊടുക്കേണ്ട എന്നു നിരോധിച്ചിട്ടുണ്ടോ;

(ബി) എക്സറേ സ്ക്രീനിംഗ് മാത്രം നടത്തിയാൽ അന്യസ്ഥലത്തിരുന്നു ചികിൽസിക്കുന്ന ഡാക്ടർക്കു് രോഗസ്ഥിതിയുടെ പൂർണ്ണവും വ്യക്തവും വിശദവുമായ വിവരം ഗ്രഹിക്കാൻ സാദ്ധ്യമല്ലെന്നറിയാമോ;

(സി) എക്സറേ ഇല്ലാത്ത സ്ഥലങ്ങളിൽ ചികിത്സയിലിരിക്കുന്ന നിർദ്ധനരായ രോഗികൾക്കു് മുൻപതിവുപോലെ സൗജന്യമായി എക്സറേ ഫോട്ടോ എടുത്തു കൊടുക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഗൗനിക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഇല്ല. എന്നാൽ ഈ ഫോട്ടോകൾ അവരെ ഏൽപ്പിക്കേണ്ട എന്നു് കല്പനയുണ്ടായിട്ടുണ്ട്. അവക്കു് അതേക്കുറിച്ചുള്ള റിപ്പോർട്ടു കൊടുക്കുന്നുണ്ട്. ഫോട്ടോ എടുക്കണമെന്നു് നിർദ്ദേശമയച്ച മെഡിക്കൽ ആഫീസർ ആവശ്യപ്പെടുകയാണെങ്കിൽ തിരിച്ചു് അയക്കുന്നതിനായി ഈ ഫോട്ടോ കൊടുക്കുന്നതാണു്.

(ബി) സ്ക്രീനിംഗ് മാത്രം കൊണ്ടു് ആവശ്യപ്പെട്ട അറിവു ലഭിക്കുമെങ്കിൽ ഫോട്ടോ എടുക്കാറില്ല. ഇതേക്കുറിച്ചു് തീരുമാനിക്കുന്നതു് റേഡിയോളജിസ്റ്റിന്റെ അഭിപ്രായമനുസരിച്ചാണു്. സ്ക്രീനിംഗ് മാത്രംകൊണ്ടു് പൂർണ്ണവിവരം ലഭിക്കുമെങ്കിൽ ഫോട്ടോ എടുക്കുകയില്ല.

(സി) മേൽപ്പറഞ്ഞ വിവരങ്ങൾകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: ചിലവു ചുരുക്കുന്നതിനുവേണ്ടിയാണോ ഇങ്ങനെ തീരുമാനിച്ചിട്ടുള്ളതു് ?

ശ്രീ. വി. മാധവൻ: അല്ല.

ശ്രീ. പി. ഭാസ്കരൻ നായർ: ഒരു എക്സ്റേ ഫോട്ടോ എടുക്കുന്നതിനു് എന്തു ചിലവു വരും ?

Mr. Speaker: That is a separate question. How can that be answered at random? Before you put a question you must consider the feasibility of that question being answered.

ശ്രീ. ഒ. സി. നൈനാൻ: പ്രൈവററ ആശുപത്രികളിൽ നിർദ്ധനരായ രോഗികളെ ചികിത്സിക്കുന്നുണ്ടെങ്കിൽ അവരുടെ എക്സ്റേഫോട്ടോ ആവശ്യമാണെങ്കിൽ അതു് എടുത്തു കൊടുക്കുമോ ?

ശ്രീ. വി. മാധവൻ: അവിടത്തെ മെഡിക്കൽ ആഫീസർ ഫോട്ടോ വേണമെന്നു ആവശ്യപ്പെട്ടാൽ ഫോട്ടോ എടുത്തു ഡാക്ടർക്കു അയച്ചു കൊടുക്കും.

ശ്രീ. ഒ. സി. നൈനാൻ: അപ്രകാരം നിർദ്ധനരായ രോഗികളുടെ എക്സ്റേ ഫോട്ടോ എടുക്കുകയാണെങ്കിൽ അതിനു് പണം കൊടുക്കണമോ ?

ശ്രീ. വി. മാധവൻ: നിർദ്ധനരായ രോഗികളുടെ എക്സ്റേ ഫോട്ടോ ആവശ്യപ്പെടുന്നതോടൊപ്പം അവർ നിർദ്ധനരാണെന്നുള്ളതിനു് ഡാക്ടറുടെ ഒരു സർട്ടിഫിക്കററും കൂടി കൊടുത്താൽ പണം കൊടുക്കേണ്ടതില്ല.

ശ്രീ. കെ. കരുണാകരൻ: ഫോട്ടോകൾ രോഗികളെ ഏല്പിക്കേണ്ട എന്നു നിശ്ചയിക്കുവാൻ കാരണമെന്താണു് ?

ശ്രീ. വി. മാധവൻ: രോഗികളുടെ കയ്യിൽ ഫോട്ടോ കൊടുക്കുകയാണെങ്കിൽ അതു് അവരുടെ കയ്യിലിരുന്നു് ചീത്തയാകാൻ എളുപ്പമുണ്ടു്. അതുകൊണ്ടു് ഫോട്ടോ എടുക്കണമെന്നു് നിർദ്ദേശിച്ച ഡാക്ടർ ഫോട്ടോ വേണമെന്നു് ആവശ്യപ്പെട്ടാൽ ഡാക്ടരുടെ ചുമതലയിൽ

തന്നെ അതു് തിരിച്ചേല്പിക്കത്തക്ക നിലയിൽ കൊടുക്കുന്നതാണു്. അല്ലെങ്കിൽ ഫോട്ടോ എടുത്തിട്ടു് അതിൽ കാണുന്ന വിവരങ്ങളിൽ നിന്നും അസാധാരണമായിട്ടുള്ള രോഗം ഉണ്ടെന്നു കാണുന്നപക്ഷം, ആ വിവരം ഡാക്ടർക്കു മനസ്സിലാകത്തക്കവണ്ണം കുറിച്ചുകൊടുക്കും.

ശ്രീ. പ്രാക്കുളം ഭാസി: ആരാണു് ഈ നിർദ്ധനസർട്ടിഫിക്കററു കൊടുക്കേണ്ടതു്?

Mr. Speaker: The Doctor who recommends the photo being taken, that is, the Doctor who treats the patient.

ശ്രീ വി. മാധവൻ: ഫോട്ടോ വേണമെന്നു് നിശ്ചയിക്കുന്നതു് ഡാക്ടരായിരിക്കും. ആ ഡാക്ടർ ഫോട്ടോ എടുത്തു് അയക്കണമെന്നു് കുറിപ്പു് കൊടുത്തയക്കുന്നതോടൊപ്പം രോഗി നിർദ്ധനനാണെന്നുള്ള ഒരു കുറിപ്പുംകൂടി കൊടുത്തയക്കണം.

ശ്രീ. പ്രാക്കുളം ഭാസി: നിർദ്ധനനാണെന്നു് ഡാക്ടർ കുറിപ്പു് കൊടുത്തയച്ചിട്ടു് നിർദ്ധനനല്ലെന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. വി. മാധവൻ: അങ്ങനെയുള്ള കേസു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നാൽ നടപടി എടുക്കുന്നതാണു്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഏതെങ്കിലും എക്സ്റേ സ്ഥാപനം ഉപയോഗശൂന്യമായി കിടക്കുന്നതായിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

ശ്രീ. ഏ. താണുപിള്ള: ഈ ഫോട്ടോകളെല്ലാം തിരിച്ചു് ഏല്പിച്ചുകഴിഞ്ഞാൽ ഗവണ്മെൻറു് എന്തു ചെയ്യും?

ശ്രീ. വി. മാധവൻ: അതു് സൂക്ഷിച്ചുവയ്ക്കും.

ശ്രീ. ഏ. താണുപിള്ള: എത്രകാലം ഈ ഫോട്ടോ സൂക്ഷിച്ചുവയ്ക്കും?

ശ്രീ. വി. മാധവൻ: അതു് അന്വേഷിച്ചുവേണം പറയുവാൻ.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ രാജ്യത്തെ എല്ലാ ആശുപത്രികളിലും എക്സ്റേ സ്ഥാപനങ്ങൾ ഇല്ലെന്നുള്ള കാരണത്താൽ മററാശുപത്രികളിൽനിന്നും വരുന്ന രോഗികൾക്കു് എക്സ്റേഫോട്ടോ എടുത്തു കൊടുക്കേണ്ടതു് ആവശ്യമല്ലേ?

ശ്രീ. വി. മാധവൻ: രോഗികളുടെ അടുത്തു് ഫോട്ടോ കൊടുത്തയച്ചാൽ അവർ അതു് കയ്യിൽവച്ചു് ചീത്തയാക്കാൻ എളുപ്പമുണ്ടു്. അങ്ങനെ ഫോട്ടോ ചീത്തയായാൽ അതു് പിന്നേയും എടുക്കേണ്ടിവന്നാൽ അതു് ചിലവും ബുദ്ധിമുട്ടും ഉള്ളകാര്യം ആണെന്നുള്ളതുകൊണ്ടാണു് അങ്ങനെ ചെയ്യാത്തതു്.

Tar-creting of Roads.

*294. [6] **Shri A. Kunjan Nadar:** Will the Minister for Local Self Government be pleased to state:

(*a*) how many miles of road are tar-creted by the Government in each of the Municipal towns of Quilon, Alleppey, Kottayam, Nagercoil and City of Trivandrum from 1948 to 1952 ;

(i) without contribution from the Municipality

(ii) with contribution.

(*b*) what is the expense incurred by the Government in (i) and (ii) regarding the respective Municipalities ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) and (*b*) it is a long list ; I shall place the list † on the table.

ഡിസ്പെൻസറികളും ആശുപത്രികളും.

* ൨൯൫. [൧] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ൧൯൫൨-ൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് എത്ര ആശുപത്രികളും ഡിസ്പെൻസറികളും പുതിയതായി തുറന്നിട്ടുണ്ട്; അവ എവിടെയെല്ലാമാണ്;

(ബി) വള്ളിക്കുന്നം, മുതുകുളം ഈ പ്രദേശങ്ങളിൽ പൊതുജനങ്ങൾ ഓരോ ഡിസ്പെൻസറികൾ സ്ഥാപിച്ചു കിട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു തീരുമാനമെടുത്തു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ആശുപത്രി ൧. അവിട്ടംതിരുനാൾ ആശുപത്രി, ഉള്ളൂർ, തിരുവനന്തപുരം.

ഡിസ്പെൻസറികൾ ൧. തുത്തൂർ. ൨. കീഴ്മേട്. ൩. കുളമശ്ശേരി. ൪. അഴകപ്പാപുരം.

(ബി) ഉണ്ട്.

(സി) ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. കെ. കുട്ടപ്പൻ: എന്തു വ്യവസ്ഥയിലാണ് ഗവണ്മെൻറു ഡിസ്പെൻസറിയും ആശുപത്രിയും സ്ഥാപിച്ചുകൊടുക്കുന്നത്?

ശ്രീ. വി. മാധവൻ: ആശുപത്രി കെട്ടിടവും സ്ഥലവും ഉണ്ടാക്കിത്തരണം. എന്നുതന്നെയല്ലാ അവിടെ ഒരു ആശുപത്രിയുടെ ആവശ്യമുണ്ടെന്നു ഗവണ്മെൻറിന് ബോദ്ധ്യമാകണം. ചുരുങ്ങിയതു് ഇരുപതിനായിരത്തിൽ കുറയാത്ത ജനസംഖ്യയും വേണം. ഇങ്ങനെയെല്ലാം ഉള്ള സ്ഥലങ്ങളിലാണ് ഗവണ്മെൻറു ആശുപത്രിയും ഡിസ്പെൻസറിയും അനുവദിക്കുന്നതു്.

ശ്രീ. കെ. കുട്ടപ്പൻ: കായംകുളത്ത് ഒരു പുതിയ ഡിസ്പെൻസറി ൧൯൫൨-ൽ ഗവണ്മെൻറു പണിയിച്ചിട്ടുണ്ടോ?

† Please See Appendix I,

ശ്രീ. വി. മാധവൻ: ഡിസ്പെൻസറി അവിടെ മുമ്പിനാലെ ഉള്ളതാണ്. കെട്ടിടം പുത്തനായി പണിയിച്ചു എന്നേ ഉള്ളൂ.

ശ്രീ. കെ. കട്ടപ്പൻ: ആ കെട്ടിടത്തിലേക്ക ഡിസ്പെൻസറിയുടെ പ്രവർത്തനം മാററിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. കെ. കട്ടപ്പൻ: കെട്ടിടത്തിൻെറ പണി പൂർത്തിയായിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. എ. താണുപിള്ള: എൻ ഇ പി എൽ അഞ്ചു് ഡിസ്പെൻസറികൾ തുറന്നു എന്നു പറഞ്ഞു. അതിനെല്ലാം സ്ഥലവും കെട്ടിടവും നാട്ടുകാർ തന്നിട്ടുള്ളതാണോ;

ശ്രീ. വി. മാധവൻ: അതെ.

ശ്രീ. എ. താണുപിള്ള: നാട്ടുകാർ സ്ഥലവും കെട്ടിടവും തരുവാൻ ഒരുക്കമില്ലാത്ത സ്ഥലങ്ങളിലെ പാവങ്ങൾക്ക് വൈദ്യസഹായത്തിനു് എന്താണു് വഴി?

ശ്രീ. വി. മാധവൻ: അവർ അടുത്തുള്ള ആസ്പത്രികളിലേക്കു് പോകണം. ഒരു നാട്ടിലെ ജനങ്ങൾ മുഴുവനും നിർദ്ധനരാണെന്നു വിചാരിക്കുവാൻ പാടില്ല. കുറെ ആളുകൾ നിർദ്ധനരും കുറെ ആളുകൾ പണക്കാരും ആയിരിക്കും. അവരെല്ലാവരുംകൂടി സഹകരിച്ചു് ഇതു് ചെയ്യണം.

ശ്രീ. എ. താണുപിള്ള: സാധുക്കൾ ഇര കാര്യത്തിലും ധനവാന്മാരെ ആശ്രയിച്ചു് ജീവിക്കണമെന്നാണോ പറയുന്നതു്?

ശ്രീ. വി. മാധവൻ: അങ്ങനെയല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഏതെങ്കിലും സ്ഥലം ഗവണ്മെൻറു വകയുണ്ടെങ്കിൽ അവിടെയും ആസ്പത്രി തുറക്കുന്നതിനു് നാട്ടുകാർ സ്ഥലവും കെട്ടിടവും തരണമെന്നു ഗവണ്മെൻറ് കരുതുമോ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: പുതുതായി ഡിസ്പെൻസറികൾ സ്ഥാപിച്ചു കിട്ടണമെന്നു് നിവേദനം കിട്ടിയിട്ടുള്ള സ്ഥലങ്ങളിൽ അവ ആവശ്യമാണോ എന്നു് ഗവണ്മെൻറ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: പരിശോധിച്ചിട്ടുണ്ടോ എന്നു അറിഞ്ഞുകൂടാ.

ശ്രീ. എൻ. രാജഗോപാലൻ നായർ: അപേക്ഷ വന്നിട്ടുള്ള സ്ഥലങ്ങൾ എല്ലാം ബന്ധപ്പെട്ട മന്ത്രി ഒന്നു സന്ദർശിക്കുവാൻ ദയവുണ്ടാകുമോ?

(ഉത്തരം ഇല്ല.)

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇപ്പോൾ അനുവദിച്ചിട്ടുള്ള ആസ്പത്രികളിൽ ആയുർവ്വേദ ആസ്പത്രിയോ ഡിസ്പെൻസറിയോ ഉൾപ്പെടുന്നുണ്ടോ?

ശ്രീ. വി. മാധവൻ: ആയുർവ്വേദ ആശുപത്രിയെപ്പററിയല്ല ഇവിടെ പറഞ്ഞതു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ആശുപത്രികഠം ഇല്ലാത്ത സ്ഥലങ്ങളിൽ ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുവാൻ ഗവണ്മെൻറിനു ഉദ്ദേശമുണ്ടോ?

ശ്രീ. വി. മാധവൻ: ഉണ്ടു്.

ശ്രീ. കൊച്ചുകുഞ്ഞു്: ഒരു ആശുപത്രിയുടെ അടുത്തു് ആവശ്യമുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും നാട്ടുകാർ കൊടുത്തു് ഒരു ആശുപത്രി തുടങ്ങണമെന്നു പറഞ്ഞാൽ അതു് ഗവണ്മെൻറ ശ്രദ്ധിക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ: ആ സ്ഥലത്തു് അത്യാവശ്യമാണെന്നു കണ്ടാൽ ഗവണ്മെൻറ അതിനെക്കുറിച്ചു് അന്വേഷിക്കും.

പയൽസ്കൂളുകളും ഉച്ചഭക്ഷണവും.

* ഫ ൽ ന്നു [വ്യ] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങഠംക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് എത്ര പയൽ സ്കൂളുകഠം ഉണ്ടു്; അവയിൽ എത്ര സ്കൂളുകളിലെ വിദ്യാത്ഥികഠംക്കു് ഉച്ചഭക്ഷണം കൊടുക്കുന്നു;

(ബി) ചേത്തലതാലൂക്കിൽ പയൽസ്കൂളുകഠം ഉണ്ടോ; അവിടെയുള്ള കുട്ടികഠംക്കു് ഉച്ചഭക്ഷണം കൊടുക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൪ വ്യ പയൽസ്കൂളുകഠം ഉണ്ടു്. അതിൽ ഒരു സ്കൂഠം ഒഴിച്ചു ബാക്കി എല്ലാ സ്കൂളുകളിലെ വിദ്യാത്ഥികഠംക്കും ഉച്ചഭക്ഷണം കൊടുക്കുന്നുണ്ടു്.

(ബി) ചേത്തലയിൽ ഒരു പയൽസ്കൂഠം ഉണ്ടു്. ആ സ്കൂളിലെ വിദ്യാത്ഥികഠംക്കു് ഉച്ചഭക്ഷണം കൊടുക്കുന്നതിനു് വേണ്ട ഏപ്പാടുകഠം ചെയ്തുകഴിഞ്ഞിട്ടുണ്ടു്.

(സി) എല്ലാ സ്കൂളുകളിലേയും വിദ്യാത്ഥികഠംക്കു് ഉച്ചഭക്ഷണം കൊടുക്കുന്നതിനു വേണ്ട നടപടികഠം എടുത്ത ഘട്ടത്തിൽ ചേത്തലയിലെ ഈ സ്കൂളിൻെറ കായ്യം വിട്ടുപോയതാണു്.

ശ്രീ. കെ. കുട്ടപ്പൻ: ചേത്തലയിലെ മററു പ്രൈവററ സ്കൂളുകളിലെ കുട്ടികഠംക്കു് ഉച്ചഭക്ഷണം കൊടുക്കുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിയാം.

ശ്രീ. കെ. കുട്ടപ്പൻ: പിന്നെ എന്തുകൊണ്ടാണു് അവിടത്തെ ഈ പയൽസ്കൂളിലെ കുട്ടികഠംക്കു് ഉച്ചഭക്ഷണം കൊടുക്കാതിരുന്നതു് എന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ പയൽസ്കൂൾ നടത്തുന്ന കാര്യം ആദ്യം അറിഞ്ഞില്ല, അതുകൊണ്ടാണു്. ഇപ്പോൾ എല്ലാ കുട്ടികൾക്കും ഭക്ഷണം കൊടുക്കുന്നതിനു് വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: ഏതുതരത്തിലുള്ള സ്കൂളിനെയാണു് പയൽസ്കൂൾ എന്നു പറയുന്നതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഹരിജനവിദ്യാർത്ഥികൾ ധാരാളമായിട്ടുള്ള സ്ഥലത്തു് uplift ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ആ വിദ്യാർത്ഥികളുടെ സൗകര്യത്തിനായിട്ടു് സ്കൂൾ നടത്തിവരുന്നുണ്ടു്. ആ സ്കൂളിനെയാണു് പയൽസ്കൂൾ എന്നു പറയുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: ചേർത്തലയിൽ ഒരു പയൽസ്കൂൾ നടത്തുന്നതായി ഗവണ്മെൻറിനു് അറിഞ്ഞുകൂടാ എന്നു പറഞ്ഞു. ആ സ്കൂളിലെ അദ്ധ്യാപകന്മാർക്കു് ഗവണ്മെൻറിൽനിന്നു ശമ്പളം കൊടുത്തിരുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെൻറിൽ പല ഡിപ്പാർട്ടുമെൻറുകളും ഉണ്ടു്. വിദ്യാർത്ഥികൾക്കു് ഉച്ചഭക്ഷണം കൊടുക്കണം എന്നു തീരുമാനം എടുത്തപ്പോൾ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള സ്കൂളുകളിലെ കുട്ടികളുടെ കാര്യം മാത്രം എടുത്തു. പിന്നീടു് ഇങ്ങനെയുള്ള സ്കൂളുകളും ഉണ്ടെന്ന കാര്യം ഗവണ്മെൻറിനു അറിവു കിട്ടിയപ്പോൾ അവിടെയും ഉച്ചഭക്ഷണം കൊടുക്കുന്നതിനുള്ള ഏർപ്പാടു ചെയ്തു.

ശ്രീമതി കെ. ആർ. ഗൗരി: ഈ സ്കൂളിലെ കുട്ടികൾക്കു് ഉച്ചഭക്ഷണം കൊടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് അവിടത്തെ അദ്ധ്യാപകന്മാർ ഗവണ്മെൻറിൻെറ അടുത്തു് നിവേദനം നടത്തിയിട്ടു് എത്രകാലമായി?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ഒരു നിവേദനം കിട്ടിയിട്ടുണ്ടു്. എത്ര കാലമായി എന്നു് പറയുവാൻ നോട്ടീസു വേണം.

ശ്രീമതി കെ. ആർ. ഗൗരി: നാലുമാസത്തിനുമുൻപു്, ഭക്ഷണം കിട്ടണമെന്നു കാണിച്ചു് ആരുടെയെങ്കിലും അപേക്ഷ കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

Shri P. S. Nataraja Pillai: May I know whether these schools are recognised under the Education Code?

Shri K. Kochukuttan: Yes.

Shri P. S. Nataraja Pillai: Are they inspected by the Education Department?

Shri K. Kochukuttan: They are inspected.

Mr. Speaker: Now, you are wandering away from the point. The subject is the school meal.

Shri P. S. Nataraja Pillai: It is a non-recognised school run by the Department. Unless it is recognised, students cannot get admission to Government Schools.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ സ്കൂളുകളിൽനിന്നും പാസ്സായി സർട്ടിഫിക്കററം വാങ്ങിക്കൊണ്ടുപോകുന്ന കുട്ടികളെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലുള്ള മററ എല്ലാ സ്കൂളുകളിലും ചേക്കാൻ തടസ്സമൊന്നുമില്ല. അതിനുള്ള അംഗീകാരം ഈ സ്കൂളുകൾക്കു ലഭിച്ചിട്ടുണ്ട്.

മണിയംകര കമ്മിററി.

* ൨൯൧. [൯] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപണ്ടാരവക കരത്തെപ്പററി (മണിയംകരം) അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ ഗവണ്മെൻറിൽ നിന്നും ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ കമ്മിററിയിൽ, ഈ സഭയിലെ ഏററവും വലിയ പ്രതിപക്ഷമായ ഐക്യമുന്നണിപാർട്ടിയിൽ നിന്നും ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

இலாகா மந்திரி ரெவன்யூ ஸ்ரீ. ஏ. சிதம்பரநாத நாடார்:

(ஏ) ஸ்ரீ. பண்டாரவகை (மணியம்) கரத்தைப் பற்றி ரிப்போர்ட் செய்ய ஒரு கமிற்றி ஏற்படுத்தப்பட்டிருக்கிறது.

(பி) அதில் ஐக்கியமுன்னணி கட்சியைச் சேர்ந்த யாரையும் உட்படுத்தவில்லை.

(ஸி) அதற்குத் தனியாக காரணம் ஒன்றுமில்லை.

ശ്രീ. വി. ശ്രീധരൻ: ഈ സംഗതിയെപ്പററി ഒരു തീരുമാനമെടുക്കുന്നതിനു മുൻപു ഈ സഭയിലെ മെംബറന്മാരുമായി ആലോചന നടത്തിയിട്ടുണ്ടോ?

Shri A. Chidambaranatha Nadar: I would like to bring to the notice of the House that it is a Committee constituted by Government.

Shri N. Rajagopalan Nair: May I know the names of the members?

Shri A. Chidambaranatha Nadar: With the permission of the Speaker, I would mention the names.

1. Shri A. S. Damodaran Asan.
2. ,, P. S. Nataraja Pillai, M. L. A.
3. ,, K. G. Perumal Pillai, Kadukkarai.
4. ,, P. Ramaswamy Pillai, M. L. A. Advocate, Nagercoil
5. ,, G. Chandrasekhara Pillai, M. L. A.
6. ,, T. N. Subramonia Aiyar.
7. ,, S. Vaidyanatha Aiyar.
8. ,, T. R. Krishna Aiyar.
9. ,, R. Ponnappa Nadar, M. L. A.
10. ,, V. Ramanuja Aiyangar. He is the Convener.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഗവണ്മെൻറിൽനിന്നും കാൺസ്റ്റിറ്റ്യൂട്ട് ചെയ്ത ഒരു കമ്മിററിയാണ് ഇതെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ സഭയിലെ മൂന്നംഗങ്ങളെ ഇതിൽ ഉൾപ്പെടുത്തി കാണുന്നു. ആ സ്ഥിതിക്ക് പ്രധാന എതിർപക്ഷപാർട്ടിയായ ഐക്യമുന്നണിപാർട്ടിയിൽനിന്നും ഒരാളെയെങ്കിലും ഈ കമ്മിററിയിൽ ഉൾപ്പെടുത്താമായിരുന്നില്ലേ?

Shri A. Chidambaranatha Nadar: Government concede that there are eminent men and intellectual giants even in the United Front. But this 'Maniam Karam' is a tax concerning South Travancore and Government felt that eminent and legally equipped men must be appointed in the Committee.

Shri N. Rajagopalan Nair: May I know whether the Minister will be able to include members from the United Front Party also in the Committee?

Shri A. Chidambaranatha Nadar: I cannot give a definite answer now.

മസൂരിബാധിതർ.

*൨൯൭. [൧൦] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൭ ജാനുവരി തൊട്ട് ഇന്നുവരെ ഈ സംസ്ഥാനത്തു ആകെ എത്ര പേക്ക് മസൂരിരോഗം ബാധിച്ചിട്ടുണ്ട്;

(ബി) ഇതിൽ തിരുവനന്തപുരം സിററിയിലും താലൂക്കിലുമായി എത്രപേക്ക് ഈ രോഗം ബാധിച്ചിട്ടുണ്ട്;

(സി) ഈ രോഗബാധിതരിൽ എത്രപേർ മൃതിയടഞ്ഞിട്ടുണ്ട്;

(ഡി) ഈ രോഗം ബാധിക്കുന്നവക്ക് ചികിത്സാസൗകര്യം വല്ലതും ഗവണ്മെൻറ ചെയ്തുകൊടുക്കുന്നുണ്ടോ;

(ഇ) ഐരാണിമുട്ടത്തു മസൂരി ആശുപത്രിയുടെ അരക്ഷിതാവസ്ഥ ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൧൧൦൭ പേക്ക് മസൂരിരോഗം ബാധിച്ചതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം സിററിയിൽ ൩൯ പേക്കും, താലൂക്കിൽ ൩൫ പേക്കും.

(സി) ൪൨൩.

(ഡി) യാചകരായി അലഞ്ഞു നടക്കുന്ന രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് പൊതുജനാരോഗ്യവകുപ്പിൽനിന്ന് വേണ്ട നടപടികൾ നടത്തുന്നുണ്ട്. ചികിൽസ ആവശ്യമുള്ളവക്ക് അതിനുള്ള സൗകര്യങ്ങളും നൽകുന്നുണ്ട്.

(ഇ) ഐരാണിമുട്ടത്തുള്ള മസൂരി ആശുപത്രിയിൽ രോഗികൾക്ക വേണ്ടത്ര സൗകര്യങ്ങൾ നൽകിവരുന്നുണ്ട്.

ശ്രീ. വി. ശ്രീധരൻ: ഈ ആശുപത്രിയുടെ ഭരണം നടത്തുന്നതു ആരാണു്?

ശ്രീ. വി. മാധവൻ: ഗവണ്മെൻറാണു്.

ശ്രീ. വി. ശ്രീധരൻ: തിരുവനന്തപുരം സിററി കാർപ്പറേഷനിൽ നിന്നും, ഈ ആശുപത്രിയുടെ കാര്യത്തിൽ അവക്കുള്ള നഷ്ടം പരിഹരിക്കാനായി ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അതു സൂക്ഷ്മമായി ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. വി. ശ്രീധരൻ: ഈ ആശുപത്രിക്കു സമീപം ഒരു വലിയ ഡിപ്പോ സ്ഥാപിച്ചിരിക്കുന്നതുനിമിത്തം ഈ ആശുപത്രിയിൽ രോഗികൾക്കു കിടക്കാൻ നിവൃത്തിയില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അതിനെപ്പററി അറിവില്ല.

ശ്രീ എ. കെ. ചെല്ലയ്യാ: ൪൨൩ പേർ മസൂരിരോഗംനിമിത്തം മരിച്ചെന്നു പറഞ്ഞതു്, സംസ്ഥാനമൊട്ടുകെയാണോ, അതോ തിരുവനന്തപുരം സിററിയിൽ മാത്രമാണോ?

ശ്രീ. വി. മാധവൻ: സംസ്ഥാനം ഒട്ടാകെയുള്ളതാണു്.

ശ്രീ. എ. കെ. ചെല്ലയ്യാ: കുളച്ചൽ മുനിസിപ്പൽ അതിർത്തിക്കകത്തുതന്നെ ഏകദേശം അഞ്ഞൂററിമുപ്പതുപേർ മരിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. ചെല്ലയ്യാ: ഈ രോഗത്തിനു കുത്തിവയ്പുനടത്തുന്നതിൽപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരെങ്കിലും മസൂരി ബാധിച്ചു മരിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അതിനു പ്രത്യേകം നോട്ടീസ്സുവേണം.

ശ്രീ. എ. കെ. ചെല്ലയ്യാ: ഒരു വാക്സിനേററർക്കു് മസൂരിബാധിച്ചശേഷം, കുത്തിവയ്പുനടത്തുകയും രോഗം ബാധിക്കുകയും ചെയ്തിട്ടുള്ളതായി എനിക്കു നേരിട്ടറിയാം. അതിനെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ആ സംഗതി ഗവണ്മെൻറിൻെറ അറിവിൽപ്പെട്ടിട്ടില്ല. മെംബർ ഇവിടെ പറഞ്ഞ സ്ഥിതിക്കു് അന്വേഷണം നടത്താം.

തോന്നയ്ക്കൽ റിസർവ്വ് ഭൂമി

* ൨൫൫. [൧൧] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സമാധാനം പടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ തോന്നയ്ക്കൽ എന്ന സ്ഥലത്തു് എത്ര ഏക്കർ റിസർവ്വ് ഭൂമിയുണ്ടു്;

(ബി) ഈ ഭൂമി എപ്പോഴെങ്കിലും കൃഷിക്കായി കർഷകർക്ക് വിട്ടുകൊടുത്തിട്ടുണ്ടോ;

(സി) ഈ ഭൂമി ഇപ്പോൾ എന്തുചെയ്തിരിക്കുന്നു?

ரெவன்யூ இலாகா மந்திரி ஸ்ரீ. ஏ. சிதம்பரநாத நாடார்:

(ஏ) திருவனந்தபுரம் தாலுகா தோணைக்கல் என்ற இடத்தில் 513.5 ஏக்கர் ரிசர்வ் நிலமுண்டு.

(பி) டாங்கிய சிஸ்டத்தின்படி சுமார் 500 ஏக்கர் நிலத்தைக் கிருஷி செய்ய 1754-ஆம் நம்பர் தோணைக்கல் கோவாப்பரேட்டிவ் சொஸைட்டிக்கு கொடுக்கப்பட்டது.

(சி) மேற்படி நிலம் 513·5 ஏக்கர் தற்போது Forest Department-ன் கீழ் இருக்கிறது. 292 ஏக்கர் நிலத்திலிருக்கும் பரங்கிமாவுகள் ஒவ்வொரு வருஷத்திலும் பாட்டத்திற்குக் கொடுக்கப்பட்டு வருகிறது.

ശ്രീ. വി. ശ്രീധരൻ: ൧൧൧൭-ൽ ഈ ഭൂമി മുഴുവനും കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് വേണ്ടിയാണോ കൊടുത്തിരുന്നതു്?

ശ്രീ. എ. ചിദംബരനാഥനാടാർ: അതെ.

Shri P. S. Nataraja Pillai: Was not this area set apart as a fuel reserve?

Shri A. Chidambaranatha Nadar: Yes, that is why I said it has been given under taungia system.

കുത്തകപ്പാട്ടം

*൩൦൦. [൧൨] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) കോൺഗ്രസ്സ് മന്ത്രിസഭ അധികാരത്തിൽ വന്നശേഷം കൃഷിക്കായിട്ടു എത്ര ഏക്കർ ഭൂമി കുത്തകപ്പാട്ടമായിട്ടും മററും കൊടുത്തിട്ടുണ്ടു്;

(ബി) മേൽപ്രകാരം സ്ഥലം കൊടുത്തതിനുള്ള മാനദണ്ഡമെന്താണു്;

(സി) സ്ഥലം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളിൽ പറയുന്ന ആളുകൾ ജീവിച്ചിരിക്കുന്നവരാണോ എന്നും മററുമുള്ള വിവരങ്ങൾ ശേഖരിച്ചശേഷമാണോ സ്ഥലം അനുവദിച്ചിട്ടുള്ളതു്;

(ഡി) ഈ അന്വേഷണങ്ങൾ നടത്തിയതു് ഏതുവിധം?

ரெவன்யூ இலாகா மந்திரி ஸ்ரீ. ஏ. சிதம்பரநாத நாடார்:

(ஏ) காங்கிரஸ் மந்திரி சபை ஆட்சிக்கு வந்தபிறகு 33542 ஏக்கர் 95 செண்ட் பூமி குத்தகைப் பாட்டமாகக் கொடுக்கப்பட்டிருக்கிறது. மேற்கூறிய பூமி மாஜி ராணுவத்தினர்களுக்கும், பின்னோக்க சமுதாயத்தினருக்கும், நிலமிலிகளுக்கும் லேலம் இடாமல் கொடுக்கப்பட்டது.

(பி) புதுவல் சட்டங்கள்), குத்தகைப்பாட்டச் சட்டங்கள், கொச்சி லாண்டு ரெவன்யூ சட்டங்கள் ஆகியவைகளின்படி நிலத்திற்கு உரிமை கொண்டாடியவர்களுக்கு கொடுக்கப்பட்டது. இன்னும் உணவு உற்பத்தித் திட்டப்படியுள்ள கமிற்றிகள் மூலமும் நிலம் கொடுக்கப்பட்டது. குடியிருக்க வீடமில்லாதவர்களுக்கும் கொடுக்கப்பட்டது.

(ஸி) நபர்கள் யார், அவர்கள் உயிருடனிருக்கிறார்களா என்ற மற்ற விவரங்கள் சேகரித்த பிறகுதான்.

(டி) லாண்ட் ரெவன்யூ டிப்பார்ட்மெண்ட் வழியாக விசாரணைகள் நடத்தப்பட்டன.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇങ്ങനെ കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ളതിൽ ഫാറസ്ററ് എത്ര, കായൽത്തിരുത്തുകളെത്ര, പുറംപോക്കുസ്ഥലമെത്ര എന്നു പറയാമോ?

Shri A. Chidambaranatha Nadar: Without getting a definite question on this matter I cannot supply the answer now.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇതിൽ [illegible] ഫലമായി കൊടുത്തിട്ടുള്ളതു എത്ര സ്ഥലമെന്നു പറയാമോ?

Shri A. Chidambaranatha Nadar: I have not got the information.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ കുത്തകപ്പാട്ടയിനത്തിൽ എത്ര രൂപ ഗവൺമെൻറിലേക്കു വരവുണ്ട്?

Shri. A. Chidambaranatha Nadar: I shall try to get the information if the hon. Member will put a separate question.

ശ്രീ. എൻ. രാജഗോപാലൻ നായർ: കൃഷിക്കായി കൊടുത്തിട്ടുള്ള ഈ ഭൂമികളിൽനിന്നും എത്ര നെല്ലു ആദായമായി കിട്ടിയിട്ടുണ്ടെന്നു പറയാമോ?

Shri A. Chidambaranatha Nadar: What is the question please?

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ സ്ഥലം പതിച്ചുകൊടുത്ത ആളുകൾ തന്നെയാണോ അവിടെ കൃഷിചെയ്യുന്നതു്?

Mr. Speaker: Order, order. You can put specific questions on the matter.

ശ്രീ. എൻ. രാജഗോപാലൻ നായർ: കുത്തകപ്പാട്ടത്തിനു വിട്ടുകൊടുത്തിട്ടുള്ള ഭൂമികളെപ്പററി ആക്ഷേപങ്ങൾ വന്നാൽ അതിനെപ്പററി അന്വേഷിച്ചു നടപടി നടത്താൻ ദയവുണ്ടാകുമോ?

Shri. A. Chidambaranatha Nadar: There is no necessity for that.

ശ്രീ. കെ. ജെ. തോമസ്: കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള കൂടിയ കാലാവധി എത്ര?

Shri A. Chidambaranatha Nadar : Twelve years and twenty years.

ശ്രീ. കെ. ജെ. തോമസ്: കുറഞ്ഞ കാലാവധിയെത്ര?

Shri A. Chidambaranatha Nadar : Three years.

ശ്രീ. കെ. ജെ. തോമസ്: ഇങ്ങനെയുള്ള ഭൂമി സ്ഥിരമായിട്ടു ചിലർക്കെങ്കിലും കൊടുക്കാൻ ഗവണ്മെന്റു നിശ്ചയിച്ചിട്ടുണ്ടോ?

Shri A. Chidambaranatha Nadar : No.

ശ്രീ. കുഞ്ഞിത്തൊമ്മൻ: യാതനക്കാർ ഏതു തരത്തിലുള്ള യാതനക്കാരാണെന്നു പറയാമോ?

Mr. Speaker : That is all ancient history.

ശ്രീ. കെ. കെ. വിശ്വനാഥൻ: കുത്തകപ്പാട്ടത്തിന് ഒരാൾക്കു കൊടുക്കാവുന്ന ഭൂമിയുടെ പരിധി നിർണ്ണയിച്ചിട്ടുണ്ടോ?

Shri A. Chidambaranatha Nadar: Yes.

ஸ்ரீ. கணபதி: *ஹரிஜனங்களுக்கு இடம் கொடுக்கப்படவில்லை என்று தாராளம்* Complaints *வந்ததுண்டா?*

ஸ்ரீ. எ. சிதம்பரநாத நாடார்: *தாராளம் வந்திருக்கின்றன.*

ശ്രീ എ. കെ. ചെല്ലയ്യ: കോട്ടയത്തെ ഒരു എൻ. ഗോവിന്ദമേനോന് എത്ര ഏക്കർ ഭൂമി കുത്തകപ്പാട്ടമായി കൊടുത്തിട്ടുണ്ട്?

Shri A. Chidambaranatha Nadar: There are so many Govinda Menons.

ശ്രീ. ഏ. താണുപിള്ള: ഈ പന്ത്രണ്ടും ഇരുപതും വർഷക്കാലത്തേക്കു കുത്തകപ്പാട്ടം കൊടുത്തിരിക്കുന്ന സ്ഥലങ്ങൾ സ്ഥിരമായി ദേഹണ്ഡം ചെയ്യാമോ?

Shri A. Chidambaranatha Nadar : No.

ശ്രീ. ഏ. താണുപിള്ള: അവിടെ സ്ഥിരമായി വീടുകെട്ടുവാൻ അവകാശമുണ്ടോ?

Shri A. Chidambaranatha Nadar: No.

ശ്രീ. ടി. എ. മജീദ്: അങ്ങനെ കെട്ടുന്നതായി അറിയാമോ?

ശ്രീ. ഏ. ചിദംബരനാഥനാടാർ: അറിഞ്ഞുകൂടാ.

ശ്രീ. ഏ. കെ. ചെല്ലയ്യ: ഗോവിന്ദമേനോൻ ചെ[illegible]വിന്റെ അമ്മാവനാണെന്നറിയാമോ?

ஸ்ரீ. எ. சிதம்பரநாத நாடார்: *இருக்கலாம்.*

ஸ்ரீ. [illegible] சங்கர்: *குத்தகப்பாட்டம் காலாவதி தீர்ந்தபிறகு யாராவது நிலத்தை[illegible] கைவசம் வைத்திருக்கிறார்களா?*

Shri A. Chidambaranatha Nadar : No.

<u>വനഭൂമിയിലെ അനധികൃതമായ കയ്യേററം.</u>

*൨൦൧. [൧൨] <u>ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ</u>: താഴെ പറയുന്ന ചോദ്യത്തിനു ലാൻറവന്യൂവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

വണ്ടൻമേട്ടിലും അയ്യപ്പൻകോവിലിലുമുള്ള വനഭൂമിയിലെ അനധികൃതമായ കയ്യേററം തടയുവാനും കയ്യേറിയവരെ ഇറക്കിവിടുവാനും ഗവണ്മെൻറ തീരുമാനിച്ചശേഷം, അനധികൃതമായി കയ്യേറിയ ആക്കെങ്കിലും പട്ടാ നൽകിയിട്ടുണ്ടോ?

ரெவன்யூ இலாகா மந்திரி (<u>ஸ்ரீ. ஏ. சிதம்பரநாத நாடார்</u>):

வண்டன் மேட்டிலும், ஐயப்பன் கோயில் மேட்டிலும் நில ஆக்கிரமிப்பைத் தடை செய்வதற்கு அரசாங்கம் தீர்மானித்த பிறகு இந்தக் கேள்விக்கு இடமே இல்லை.

<u>ஸ்ரீ. என். ராஜகோபாலன் நாயர்</u>: வண்டன் மேட்டிலும், ஐயப்பன் மேட்டிலும் பாவங்களை இறங்கச் சொல்வதும், பணக்காரர்களை அங்கே இருக்கச் சொல்வதும் தெரியுமா?

<u>ഭവനനിർമ്മാണം.</u>

*൨൦൨. [൧൪] <u>ശ്രീ. ആർ. ഗംഗാധരൻ</u>: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് സ്കീം അനുസരിച്ച് ഭവനനിർമ്മാണത്തിനായി കേന്ദ്രഗവണ്മെൻറ് ൧൯൫൦–൫൧-ലേയ്ക്കു ഒരു തുക അനുവദിച്ചതിനെ സംബന്ധിച്ച് ഗവണ്മെൻറിന് എന്തെങ്കിലും വിവരങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്;

(സി) ഇല്ലെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>):

(എ) ഭവനനിർമ്മാണത്തിനായി കേന്ദ്രഗവണ്മെൻറ് ൧൯൫൦–൫൧-ലേയ്ക്കു ഒരു തുക അനുവദിക്കുന്നതിനെ സംബന്ധിച്ച് ചില വിവരങ്ങളെല്ലാം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്.

(ബി) വ്യവസായശാലകളിലെ തൊഴിലാളികളുടെ താമസത്തിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ് കിട്ടിയിട്ടുള്ളതു്. ഈ പദ്ധതിയനുസരിച്ച് ഭവനനിർമ്മാണത്തിനുള്ള ചെലവിൽ പകുതി സൗജന്യമായും പകുതി നാലേകാൽ ശതമാനം പലിശനിരക്കിന് വായ്പയായും തരാമെന്നു കേന്ദ്രഗവണ്മെൻറ സമ്മതിച്ചിട്ടുണ്ട്. ഇതനുസരിച്ച് ആവശ്യമുള്ള തുകയുടെ വിവരവും എസ്റ്റിമേററും മററും കേന്ദ്രഗവണ്മെൻറ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിവരങ്ങൾ ശേഖരിക്കുകയാണ്.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ശംഗാധരൻ : കേന്ദ്രഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾക്കു് മറുപടി അയച്ചിട്ടുണ്ടെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സ്കീം വേണമെന്നു പറഞ്ഞിട്ടുണ്ടു്. അതിലേയ്ക്കുള്ള എസ്റ്റിമേററ് തയാറാക്കിക്കൊണ്ടിരിക്കയാണു്.

ശ്രീ. ആർ. ശംഗാധരൻ : ഈ വിവരം ഗവണ്മെൻറിനു് കിട്ടിയതു് എത്ര നാളുകൾക്കു മുമ്പാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കുറച്ചു ദിവസമേ ആയിട്ടുള്ളു.

ശ്രീ. ആർ. ശംഗാധരൻ : ഇങ്ങനെയൊരു പ്രസ്താവനയുണ്ടായതു് കഴിഞ്ഞ ഡിസംബർ മാസത്തിലാണെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആണെന്നു തോന്നുന്നില്ല.

ശ്രീ. ആർ. ശംഗാധരൻ : കഴിഞ്ഞ ഡിസംബർമാസം ൨൪-ാംനു-യിലെ പത്രങ്ങളിൽ ഇങ്ങനെയൊരു പ്രസ്താവന കേന്ദ്ര ഡെവലപ്പമെൻറ മന്ത്രി ചെയ്തതായി പി. ടി. ഐ.യുടെ ഒരു റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഞാൻ വിശ്വസിക്കാം. പക്ഷെ ഒരു മന്ത്രി ഒരു പ്രസ്താവന ചെയ്യുന്നതും അവിടെനിന്നും ഫോം ആയി ഒരു എഴുത്തു കിട്ടുന്നതിനും തമ്മിൽ സമയാന്തരം ഉണ്ടായി എന്നു വന്നേക്കാം.

ശ്രീ. ആർ. ശംഗാധരൻ : ൫൨-൫൩ വർഷത്തിലേയ്ക്കു് തുക അനുവദിച്ചിട്ടുള്ള സ്ഥിതിക്കും ൫൨-൫൩ വർഷം അവസാനിക്കാൻ അധികകാലം ഇല്ലാത്ത സ്ഥിതിക്കും സ്കീം തയാറാക്കി അയക്കുന്നതിനു് എന്താണു താമസം വരുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : താമസം നേരിടുന്നില്ല. കേന്ദ്രഗവണ്മെൻറിൻെറ സഹായം സ്വീകരിച്ചു നടത്തണമെന്നുതന്നെയാണു് ഉദ്ദേശം.

ശ്രീ. ആർ. ശംഗാധരൻ : സ്കീം സമർപ്പിക്കാൻ എത്ര സമയം വേണ്ടിവരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ശംഗാധരൻ : ഇവിടെ ഭവനനിർമ്മാണപദ്ധതിയുടെ അപര്യാപ്തതയേയും വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പത്തേയും പരിഗണിച്ചു് ഈ സംസ്ഥാനത്തേയ്ക്കു് നല്ല ഒരു തുക സഹായധനമായി കിട്ടേണ്ടതിലേയ്ക്കു് വേണ്ട നടപടികൾ സത്വരമായി എടുക്കാൻ ഗവണ്മെൻറ് ശ്രമിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെംബർ പറഞ്ഞ കാരണങ്ങളാലും മററു കാരണങ്ങളാലും ആ നടപടികൾ അതിസത്വരം നടത്തണമെന്നാണു വിചാരിക്കുന്നതു്.

വണ്ടൻമേട്ടിൽ അനധികൃതപ്രവേശനം.

* ൩൦൩. [൧൭] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൻമേട്ടിൽ എത്രപേർ അനധികൃതപ്രവേശനം നടത്തിട്ടുണ്ടു്;

(ബി) അനധികൃതപ്രവേശനം നടന്നിട്ടുള്ളതു് എത്ര ഏക്കർ സ്ഥലത്താണു്;

(സി) ഇതിൽ എത്ര ഏക്കർ സ്ഥലത്തുനിന്നും, കയ്യേററക്കാരെ ഒഴിപ്പിച്ചിട്ടുണ്ടു്?

ரெவன்யூ இலாகா மந்திரி (ஸ்ரீ. எ. சிதம்பரநாத நாடார்):

(எ) 900

(பி) *சுமார்* 1800 *ஏக்கர்.*

(ஸி) *எத்தனை ஏக்கரிலிருந்து ஆட்களை ஒழிப்பிக்கச் சொல்லியிருக்கிறார்கள் என்று இப்போது சொல்ல முடியாது.*

ശ്രീ. എ. താണുപിള്ള: ഈ സ്ഥലങ്ങളിൽ ആളുകൾ പ്രവേശിക്കാതെ സൂക്ഷിക്കേണ്ടതു് ഏതു ഡിപ്പാർട്ടുമെൻറിൻെറ ചുമതലയാണു്?

Shri A. Chidambaranatha Nadar: The Forest and Land Revenue Departments.

ശ്രീ. എ. താണുപിള്ള: ഈ ഡിപ്പാർട്ടുമെൻറുകളിൽനിന്നു ഗവണ്മെൻറിലേക്കു് ഈ പ്രവേശനത്തെപ്പററി റിപ്പോർട്ടു് കിട്ടിയിട്ടുണ്ടോ?

Shri A. Chidambaranatha Nadar: Yes.

ശ്രീ. എ. താണുപിള്ള: റിപ്പോർട്ടു് എപ്പോഴാണു് കിട്ടിയതു്, പ്രവേശനം എപ്പോഴാണു് ഉണ്ടായതു്.

Shri A. Chidambaranatha Nadar: I want notice.

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറിനു് ഈ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിൽനിന്നാണോ അതോ മററു പ്രകാരത്തിലാണോ ഈ പ്രവേശനത്തിനെപ്പററി ആദ്യമായി അറിവു കിട്ടിയതു്?

Shri A. Chidambaranatha Nadar: In both ways.

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറിനു് അറിവു കിട്ടിയതു് എപ്പോഴാണെന്നു പറയാമോ?

Shri A. Chidambaranatha Nadar: I want notice.

ശ്രീ. എ. താണുപിള്ള: എത്ര കാലമായി ഗവണ്മെൻറു് ഈ സംഗതിയെപ്പററി ആലോചിച്ചുവരുന്നുണ്ടു്?

Shri A. Chidambaranatha Nadar: For the last six or seven months.

ശ്രീ. എ. താണുപിള്ള: ഈ പ്രവേശനം എത്രകാലംമുമ്പായിരുന്നു തുടങ്ങിയതെന്നും എത്ര കാലംകൊണ്ടാണു് പ്രവേശനം മുഴുവൻ നടന്നതെന്നും പറയാമോ?

Shri A. Chidambaranatha Nadar: I am not in a position to answer that question now.

ശ്രീ. എ. താണുപിള്ള: ഈ പ്രവേശനം എത്ര കാലംകൊണ്ടു് നടന്നു എന്നെങ്കിലും ഗവണ്മെൻറിനു് ഉദ്ദേശമായി പറയുവാൻ കഴിയുമോ?

Shri A. Chidambaranatha Nadar: For more than two years.

ശ്രീ. എ. താണുപിള്ള: ഈ നടപടി ഗവണ്മെൻറു് സ്വീകരിച്ചു തുടങ്ങിയിട്ടു എത്ര കാലമായിയെന്നു് ഉദ്ദേശമായിട്ടെങ്കിലും പറയാമോ?

Shri A. Chidambaranatha Nadar: For about six months.

ശ്രീ. എ. താണുപിള്ള: ഈ ഒന്നരവർഷക്കാലം പ്രവേശനം ഉണ്ടായിട്ടു് റിപ്പോർട്ടു് ചെയ്യാത്തതു് എന്തുകൊണ്ടാണെന്നു് ഈ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരോടു ചോദിച്ചിട്ടുണ്ടോ?

Shri A. Chidambaranatha Nadar: Yes.

ശ്രീ. എ. താണുപിള്ള: അവരുടെ സമാധാനം എന്താണു്?

Shri A. Chidambaranatha Nadar: I want notice.

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറുവക സ്ഥലങ്ങളും വകകളും സൂക്ഷിക്കാൻ നാട്ടിൽ ഇന്നു് ഗവണ്മെൻറുമില്ല, ആരുമില്ലായെന്നു് ജനങ്ങൾ വിശ്വസിക്കുന്നതായി ഗവണ്മെൻറിനറിയാമോ?

Shri A. Chidambaranatha Nadar: No, no. Government understand fully well that the general public are aware that there is a strong Government in existence.

ശ്രീ. എ. താണുപിള്ള: വളരെ ശക്തിയേറിയ ഒരു ഗവണ്മെൻറുള്ളതുകൊണ്ടാണോ ഗവണ്മെൻറുവക സ്ഥലങ്ങളിൽ രണ്ടുവർഷക്കാലംകൊണ്ടു് ഏകദേശം ൨ ൦ ൦ ൦ ഏക്കർ സ്ഥലത്തു് ആളുകൾ പ്രവേശിച്ചതു്?

Mr. Speaker: Next question.

ഹെൽത്തു യൂണിററു്.

* ന. ൧൮. [ഏ ന്ന] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് എത്ര ഹെൽത്തു യൂണിററുകൾ സ്ഥാപിച്ചിട്ടുണ്ടു്; എവിടെയെല്ലാം;

(ബി) ഹെൽത്തുയൂണിററിൻെറ പ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) ഹെൽത്തുയൂണിററുകൾ സ്ഥാപിക്കുന്നതു് എന്തെല്ലാം പരിഗണനകളെ അടിസ്ഥാനപ്പെടുത്തിയാണു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി മാധവൻ):

(എ) നാലു്. നെയ്യാററിൻകര, കരുനാഗപ്പള്ളി, കുത്താട്ടുകുളം, കമ്പല്ലൂഞ്ഞി എന്നീ സ്ഥലങ്ങളിൽ.

(ബി) പ്രതിരോധപരവും ചികിത്സാപരവുമായ ആരോഗ്യസംരക്ഷണം.

(സി) സംസ്ഥാനത്തെ ആരോഗ്യസംരക്ഷണം ഹെൽത്തുയൂണിററു മുഖാന്തിരമായിരിക്കണമെന്നാണു ലക്ഷ്യം. അതിന്റെ പ്രാരംഭമായി ഓരോ ഡിസ്ട്രിക്ടിലും ഓരോന്നു വീതം ഹെൽത്തുയൂണിററുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ പ്രവൎത്തനം പരിശോധിച്ച് അവയുടെ വിജയത്തെപ്പററി ബോദ്ധ്യമായശേഷം ഹെൽത്തു യൂണിററുകളുടെ സംഖ്യ വൎദ്ധിപ്പിക്കണമെന്നു് ഉദ്ദേശിക്കുന്നു.

ശ്രീ. ആർ. ഗംഗാധരൻ: ഹെൽത്തുയൂണിററ് സ്ഥാപിക്കാൻ ആരംഭിച്ചിട്ട് എത്ര കാലമായി എന്നു പറയാമോ?

ശ്രീ. വി. മാധവൻ: കുന്നത്തുകുളം, കമ്പളഞ്ഞി ഇവിടെയെല്ലാം ആരംഭിച്ചതു് ഏൻ ഡി ഏ-ലാണെന്നാണ് ഓൎമ്മ.

ശ്രീ. ആർ. ഗംഗാധരൻ: ഈ പദ്ധതി ആരംഭിച്ചിട്ട് എത്ര വൎഷമായി?

ശ്രീ. വി. മാധവൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇതിൽ ആദ്യമായി സ്ഥാപിച്ചതു് ഏതു യൂണിററാണെന്നു പറയാമോ?

ശ്രീ. വി. മാധവൻ: നെയ്യാററിൻകരയാണെന്നാണോൎമ്മ.

ശ്രീ. എൻ. രാജഗോപാലൻ നായർ: അതെത്ര കാലമായി ആരംഭിച്ചിട്ടുണ്ട് എന്നു പറയാമോ;

ശ്രീ. വി. മാധവൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: നെയ്യാററിൻകര ഹെൽത്തു് യൂണിററിനകത്തു് ഡെത്തുറേററിന്റെ ശതമാനം കൂടുതലാണെന്നു പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

ശ്രീ. വി. മാധവൻ: ഒരു പക്ഷെ ആ കാൎയ്യംകൂടി പരിഗണിച്ചായിരിക്കും അവിടെ ഒരു യൂണിററ് സ്ഥാപിക്കാൻ കാരണമായതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: അവിടെ ഹെൽത്തുയൂണിററ് ആരംഭിച്ചതിനുശേഷവും ഒരു ശതമാനം പോലും ഡെത്തുറേററ് കുറക്കാൻ കഴിഞ്ഞിട്ടില്ലെന്നു് അറിയാമോ;

ശ്രീ. വി. മാധവൻ: ഏതായാലും കൂടിയിട്ടില്ലെന്നുള്ള കാൎയ്യം ബഹുമാനപ്പെട്ട മെംബർ സമ്മതിക്കുന്നു എന്നു ഞാൻ കരുതുന്നു.

Coupe Contract.

※ 304 A. [18] **Shri T. S. Ramaswami:** Will the Minister for Revenue be pleased to state:

(*a*) whether any coupe contract was given to co-operative societies in South Travancore at concession rates for the benefit of Palm Gur Workers;

(b) was any change made to any of such contracts during the middle of the contract period ; and

(c) if so the reasons for the same ?

Minister for Revenue (**Shri A. Chidambaranatha Nadar**):

(a) Yes. to the North Kalkulam Palm Gur Co-operative Society No. 3173.

(b) No.

(c) Does not arise.

ஸ்ரீ. டி. எஸ். ராமஸ்வாமி: அந்தக்கூப்பை அந்த ஸொஸைட்டிதான் நடத்திக்கொண்டுவருகிறதா?

Shri. A. Chidambaranatha Nadar: Yes. அந்த ஸொஸைட்டிதான்.

ஸ்ரீ. டி. எஸ். ராமஸ்வாமி: அந்த ஸொஸைட்டியின் பிரஸிடெண்ட் யார்?

ஸ்ரீ. எ. சிதம்பரநாத நாடார்: ஜே. டி. ராஜ்.

ஸ்ரீ. டி. எஸ். ராமஸ்வாமி: பிரஸிடெண்ட் நேரே நடத்துகிறாரா அல்லது ஏஜென்ஸிமூலம் நடத்துகிறார்களா?

ஸ்ரீ. எ. சிதம்பரநாத நாடார்: ஏஜென்ஸி ஏற்படுத்தி இருக்கிறார்கள்.

ஸ்ரீ. டி. எஸ். ராமஸ்வாமி: கன்ஸர்வேற்றர் ஆப் பாரஸ்ட் (Conservator of Forest) ஸொஸைட்டி பிரஸிடெண்டை வற்புறுத்தி ஏஜென்ஸி கொடுக்கச் சொன்னதுண்டா?

ஸ்ரீ. எ. சிதம்பரநாத நாடார்: இல்லை.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஏஜென்ஸி கொடுக்கவேண்டுமென்று கொவாப்பரேற்றிவ் ஸொஸைற்றி ஏதாவது தீர்மானம் பாசாக்கி இருக்கிறதா?

Shri A. Chidambaranatha Nadar: I must make the position clear. If any assignment is to be made or if any change has to be made by the President, it must be done by a resolution of the General Body members, not by the President or the Secretary. As things stand today, no assignment or no change has been effected so far. But the co-operative society is competent to appoint an agent to work down the coupes.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஏஜண்டு பெயர் என்ன?

ஸ்ரீ. எ. சிதம்பரநாத நாடார்: தெரியாது.

ஸ்ரீ. டி. எஸ். ராமஸ்வாமி: அதன் ரேட் என்ன?

Shri A. Chidambaranatha Nadar: It is a concessional rate to the co-operative society.

ஸ்ரீ. டி. எஸ். ராமசுவாமி: தொகை என்ன?

Shri A. Chidambaranatha Nadar : Rs. 18,900.

Shri T. S. Ramaswami : Acreage?

Shri A. Chidambaranatha Nadar : 63 acres.

WRITTEN ANSWERS

പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറ്.

* ൩൦൬. [൧൫൯] ശ്രീ. കെ. സദാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ മെഡിക്കലും പബ്ലിക്ക് ഹെൽത്തും കൂടിച്ചേർന്നപ്പോൾ സർവീസിൽനിന്നും ഇപ്പോൾ സർവീസിലുള്ള എത്ര പേരെ ഒഴിവാക്കിയിട്ടുണ്ട് ;

(ബി) അവരുടെ പേരുകളും ഉദ്യോഗങ്ങളും എന്തെല്ലാമാണ് ;

(സി) അപ്രകാരം ഒഴിവാക്കുന്നതിന് ഉണ്ടായിരുന്ന പരിതഃസ്ഥിതികൾ എന്തെല്ലാം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഒരാളെ.

(ബി) ശ്രീ. പി. ഗോപാലകൃഷ്ണൻ നായർ, ഡിസ്ട്രിക്റ്റ് ഹെൽത്താഫീസർ, കോട്ടയം.

(സി) അപ്രകാരം ഒഴിവാക്കേണ്ടതാണെന്ന് ഗവണ്മെൻറിന് ബോദ്ധ്യമായിരുന്നതിനാൽ.

ഭവനനിർമ്മാണപദ്ധതി.

* ൩൦൭. [൨൧] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറിന്റെ ഹൗസിംഗ് സ്കീം അനുസരിച്ച് ഇതിനകം എത്ര വീടുകൾ പണികഴിപ്പിച്ചിട്ടുണ്ട് ;

(ബി) അതിൽ എത്ര വീടുകളിൽ ആളുകൾ താമസം തുടങ്ങിയിട്ടുണ്ട് ;

(സി) മററു വീടുകൾ ആർക്കും താമസത്തിന് ഏൽപ്പിച്ചു കൊടുക്കാതിരിക്കാൻ കാരണമെന്ത് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ൨൧൧ വീടുകൾ.

(ബി) ൨൦൪ വീടുകളിൽ.

(സി) എറനയം, തമലം, അഴിക്കോട്, ഇടവലങ്ങ് എന്നീ സ്ഥലങ്ങളിലുള്ള ൧൩ വീടുകളാണ് താമസത്തിന് വിട്ടുകൊടുക്കാതിരിക്കുന്നത്. എറനയത്ത് അനുവദിച്ചിട്ടുള്ള ൩൦ വീടുകളിൽ ൨൦ വീടുകൾ മാത്രമേ

പൂർത്തിയായിട്ടുള്ളു. ബാക്കി വീടുകൾ കൂടി പൂർത്തിയായതിനു് ശേഷം മാത്രമേ പണി പൂർത്തിയായ ൨൦ വീടുകൾ താമസത്തിനു് കൊടുക്കുവാൻ കഴിയുകയുള്ളു. അഴിക്കോടു്, ഇടവലങ്ങു് എന്നീ സ്ഥലങ്ങളിൽ അനുവദിച്ച ൨൩ വീടുകളുടെ പണി പൂർത്തിയായിട്ടു് അധികദിവസമായില്ല. ഏതാനും ആഴ്ചകൾക്കുള്ളിൽ ആ വീടുകൾ താമസത്തിനു് നൽകുന്നതാണു്. തിരുവനന്തപുരത്തിനു സമീപമുള്ള തമലം എന്ന സ്ഥലത്തു പണി തീർന്ന ൩൦ വീടുകളാണു് താമസത്തിനു് വിട്ടുകൊടുക്കാതെ അവശേഷിക്കുന്നതു്. ഈ വീടുകൾ തിരുവനന്തപുരം കാർപ്പറേഷൻ ജീവനക്കാരുടെ ഉപയോഗത്തിനായി കെട്ടിയതാണു്. എന്നാൽ Housing പദ്ധതി അനുസരിച്ചു് ഗവണ്മെൻറിനു് ചെലവായ പണം ഗഡുക്കളിലായി മടക്കി തരുവാൻ കാർപ്പറേഷൻ തയ്യാറില്ലാത്തതിനാൽ പ്രസ്തുത വീടുകൾ വിട്ടുകൊടുക്കുന്നകാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്. ഇതു് സംബന്ധിച്ചു് അവസാനതീരുമാനം ഉടനെ ഉണ്ടാകുന്നതാണു്.

ഭൂമി കയ്യേററം.

* ൩൦൧ [൨൨] ശ്രീ. സി. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യത്തിനു റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വണ്ടൻമേട്ടിൽ അനധികൃതമായി ഭൂമി കയ്യേറിയിട്ടുള്ളവരെയെല്ലാം ഇറക്കിവിടുമെന്നു് കഴിഞ്ഞ നിയമസഭയിൽ റവന്യൂമന്ത്രി പ്രഖ്യാപിച്ചതിനു വിപരീതമായി ആ നടപടികൾ പെട്ടെന്നു നിറുത്തി വയ്ക്കാൻ കാരണം എന്തു്?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. ഏ. ചിദംബരനാഥനാടാർ) :

അനധികൃതമായിട്ടാണെങ്കിലും കൃഷി ഇറക്കിയവർതന്നെ ആ കൃഷി സൂക്ഷിച്ചു് വിളവെടുക്കുന്നതു് ഉചിതമായിരിക്കുമെന്നു് ഗവണ്മെൻറിനു ബോദ്ധ്യപ്പെടുകയാൽ ൧൯൫൨ ഡിസംബർ അവസാനത്തിനുമുമ്പു് അത്തരം കൃഷിക്കാർ അവരവരുടെ വിളവുകൾ എടുത്തുകൊണ്ടു് സ്ഥലം ഒഴിഞ്ഞുകൊള്ളേണ്ടതാണെന്നു് ഗവണ്മെൻറ തീരുമാനിച്ചു.

ആസ്പത്രി ജീവനക്കാർ.

* ൩൦൨ [൨൩] ശ്രീ. സി. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ആസ്പത്രിജീവനക്കാരെ കണ്ടിജൻസി ജീവനക്കാരായി മാററാൻ ഉത്തരവിട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു് കാരണമെന്തു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) പ്യൂൺ, വാർഡർ ഇവർ ഒഴികെയുള്ള താഴ്ന്നതരം ആസ്പത്രിജീവനക്കാരെ കണ്ടിജൻസിയിലേക്കു് മാററുവാൻ ഉത്തരവായിട്ടുണ്ടു്

(ബി) ആസ്പത്രിജീവനക്കാരുടെ സർവ്വീസിനു് ഐകരൂപ്യം വരുത്തുവാനാണു് ഇപ്രകാരം ചെയ്തതു്.

ക്ലാർക്കന്മാർ.

* ൩൦൩ [൨൪] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക്രട്ടറിയേററിലെ സൂപ്പർന്യൂമററി ക്ലാർക്കന്മാരെ ൪൦–൭൦ ഗ്രേഡിൽ തൃശ്ശൂർ ഡിസ്ട്രിക്ട് ട്രെഷറിയിൽ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ലാർക്കന്മാരെക്കാൾ കൂടുതൽ സർവീസുള്ള ട്രെഷറിയിലെ ഉദ്യോഗസ്ഥന്മാരെ ൩൦–൪൦ ഗ്രേഡിൽ തള്ളുകയുണ്ടായിട്ടുണ്ടോ;

(സി) ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ ൩൩൯ൻ പ്രകാരം ഒരു ഡിപ്പാർട്ടുമെൻറിലേയ്ക്കു മററുള്ളവരെ എടുക്കുമ്പോൾ ആ ഡിപ്പാർട്ടുമെൻറിലെ ഏററവും ഒടുവിലെ ഗ്രേഡിൽ മാത്രമേ നിയമനം നടത്തുവാൻ പാടുള്ളുവെന്ന് വ്യവസ്ഥയുണ്ടോ; പ്രസ്തുത വ്യവസ്ഥ ഇക്കാര്യത്തിൽ ലംഘിക്കപ്പെടുവാൻ കാരണമെന്ത്?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

വില്ലേജുകച്ചേരി അടിച്ചുതളിജോലിക്കാരുടെ ശമ്പളം.

* ൩൧൦ [൨൭] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽപെട്ട, വില്ലേജുകച്ചേരികളിൽ, അടിച്ചുതളി ജോലി നോക്കിക്കൊണ്ടിരിക്കുന്ന ജോലിക്കാർക്ക് ശമ്പളം കൊടുക്കാതിരുന്നിട്ട് എത്ര മാസങ്ങളായി;

(ബി) ഇങ്ങനെ ശമ്പളം ലഭിക്കാത്ത എത്ര ആളുകൾ ഇപ്പോഴും ജോലിനോക്കിക്കൊണ്ടിരുപ്പുണ്ട്;

(സി) ഇവരുടെ ശമ്പളം കൊടുക്കുന്നതിന് ഇത്ര വൈകുന്നതിനുള്ള കാരണമെന്ത്;

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ൧൧൨൭ ഏപ്രിൽ മാസം മുതൽ ൧൧൨൭ സെപ്റ്റംബർമാസം വരെയുള്ള ശമ്പളം നിറുത്തിവച്ചിരുന്നു.

(ബി) ആരുമില്ല.

(സി) [illegible] കാരണം ൧൧൨൭ ഏപ്രിൽ ൧-ാംതീയതി മുതൽ തുടരുന്നതിനുള്ള ഗവണ്മെൻറ [illegible] ലഭിക്കാത്തതുകൊണ്ടാണ് ശമ്പളം കൊടുക്കാൻ താമസിച്ചത്.

അവശസമുദായങ്ങൾക്കു തിരിച്ചിട്ടുള്ള സ്ഥലം.

*൧൮൭. [൨൯] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാററുപുഴ താലൂക്കിൽ കുട്ടമംഗലം പകുതിയിൽ മന്നാംകണ്ടം എന്ന സ്ഥലത്ത് അവശസമുദായാംഗങ്ങൾക്കായി തിരിച്ചിട്ടുള്ള ൧൦൦ ഏക്കർ സ്ഥലം ഇതേവരെ സർവ്വേ ചെയ്തു തിരിച്ചുകൊടുക്കാത്തതിന്റെ കാരണം എന്ത്;

(ബി) മേൽപറഞ്ഞ സ്ഥലം ഉടൻതന്നെ അവശസമുദായാംഗങ്ങൾക്കായി തിരിച്ചുകൊടുക്കുവാൻ വേണ്ട നടപടികൾ ഗവണ്മെന്റ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പ്രസ്തുത സ്ഥലത്തുള്ള മരങ്ങളെ മുറിച്ചുമാററുന്നതിനും അനധികൃതമായി ടി സ്ഥലത്തു താമസിക്കുന്നവരെ നീക്കംചെയ്യുന്നതിനുമുള്ള താമസമാണ് ഇതിനു കാരണം.

(ബി) ടി സ്ഥലം പിന്നോക്കസമുദായാംഗങ്ങൾക്കു വീതിച്ചുകൊടുക്കാൻ നടപടി നടന്നുവരുന്നു.

ഷാപ്പുകൺട്രാക്ടറന്മാരുടെ ലേലസംഖ്യ.

*൧൭൨. [൧൮] ശ്രീ. സി. കെ. കുമാരപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പബ്ലിക്ക്ഹെൽത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേററിലെ ഷാപ്പുകൺട്രാക്ടറന്മാർ ലേലസംഖ്യ കുറച്ചുകിട്ടണമെന്ന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ ഗവണ്മെൻറ് എന്തു തീരുമാനം ചെയ്തു;

(സി) അപ്രകാരം തീരുമാനിക്കുവാൻ കാരണമെന്ത്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) ആലോചനയിൽ ഇരിക്കുകയാണ്.

(സി) ഉദിക്കുന്നില്ല.

ഗവണ്മെൻറാശുപത്രികളിൽ മരുന്നില്ലെന്നുള്ള പരാതികൾ.

*൧൭൩. [൧൭] ശ്രീ. സി. കെ. കുമാരപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പബ്ലിക്കുഹെൽത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെൻറാശുപത്രികളിൽ ആവശ്യമുള്ള മരുന്ന് ഇല്ലെന്ന പരാതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കുറവ് പരിഹരിക്കുവാൻ വേണ്ട നടപടി കൾ ഉടനെ സ്വീകരിക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) മരുന്നിന്റെ കുറവ് പരിഹരിക്കുവാൻ വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

Dispensary Buildings.

※ 314. [34] **Shri N. P. Varghese:** Will the Minister for Public Health be pleased to state:

(*a*) whether Government have received applications from Government dispensary committees to supply them with timber for constructing dispensary buildings to be surrendered to Government;

(*b*) are Government aware that timber is so scarce in the country that they have to purchase from Government depots at tariff rates;

(*c*) will the Government be pleased to supply the dispensary committees with 50 candies of timber either free or at seigniorage rates for dispensaries to be surrendered to Government?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) Yes. Such petitions are often received.

(*b*) No.

(*c*) In deserving cases Government give timber either free or at seigniorage rates according to the requirements for the construction.

Land for Plantations.

※ 315. [37] **Shri A. Samraj:** Will the Minister for Revenue and Forests be pleased to state:

(*a*) whether any land was given to anybody in the Reserve Forest area in South Travancore for the purpose of plantations in 1952;

(*b*) if so, the names of persons thus given and the area of land given to each?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) No.

(*b*) Does not arise.

ചെത്തുതൊഴിലാളിഫെഡറേഷൻ.

* ൩൦൮. [൪൦] **ശ്രീ. കെ. പി. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി ചെത്തുതൊഴിലാളി ഫെഡറേഷനിൽനിന്നും ഒരു മെമ്മോറാണ്ടം ഗവണ്മെന്റിലേക്കു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിട്ടുള്ള അടിയന്തിരാവശ്യങ്ങളെ സംബന്ധിച്ച് ഗവണ്മെന്റ് എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ചെത്തുവ്യവസായത്തിന്റെ പരിപോഷണാർത്ഥം അതിൽ ഗവണ്മെന്റ് നടപ്പാക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഉടനടി നടപ്പാക്കാൻ ഗവണ്മെന്റ ശ്രദ്ധിക്കുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (**ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ**) :

(എ) ഉണ്ട്.

(ബി) ആലോചനയിലിരിക്കുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തു തെരഞ്ഞെടുപ്പ്.

* ൩൦൯. [൪൧] **ശ്രീ. കെ. പി. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തു നടക്കുവാൻപോകുന്ന പഞ്ചായത്തു തിരഞ്ഞെടുപ്പിനുള്ള വോട്ടേഴ്സ്‌ലിസ്റ്റിൽ പേർ ചേർക്കുന്നതിനും തിരുത്തുന്നതിനും നിശ്ചയിച്ച അവധി മതിയാവാത്തതാണെന്നും ദിവസം നീട്ടിക്കിട്ടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അങ്ങനെ തീയതി നീട്ടിക്കൊടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (**ശ്രീ. കെ. കൊച്ചുകുട്ടൻ**) :

(എ) ഉണ്ട്.

(ബി) ഇല്ല.

Siddha Vaidyans.

* 310. [43] **Shri R. Ponnappa Nadar** : Will the Minister for Medicine and Public Health be pleased to state :

(a) whether any discrimination is shown to Siddha Vaidyans with regard to the grant-in-aid and registration as per the Medical Practitioners' Act ;

(b) If so the reasons for the same ?

Minister for Medicine and Public Health (**Shri V. Madhavan**) :

(a) No.

(b) Does not arise.

ശ്രീപണ്ടാരവക വസ്തുക്കളിൽനിന്നും ഈടാക്കിയ കരം.

※ ൩൧൯. [൪൮] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ശ്രീപണ്ടാരവക വസ്തുക്കളിൽനിന്നും ഈടാക്കിവരുന്ന കരം അന്യായമായ നിരക്കിൽ ഉള്ളതാണെന്നു് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഗവണ്മെന്റ് അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ഉണ്ട്.

(ബി) ഈ സംഗതിയെപ്പററി അന്വേഷിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിററിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ വേണ്ട തീരുമാനങ്ങൾ എടുക്കുന്നതാണ്.

വണ്ടൻമേട്ടിൽ പുറമ്പോക്ക് സ്ഥലങ്ങളിൽ കുടിയേറിയവർ.

※ ൩൨൦. [൪൯] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വണ്ടൻമേട്ടിൽ, പുറമ്പോക്കുസ്ഥലങ്ങളിൽ കൃഷിയിറക്കുകയും കുടിയേറിപ്പാർക്കുകയും ചെയ്തിരിക്കുന്നവരുടെ നേരെയുള്ള സർക്കാർ നയത്തിനു് മാററംവല്ലതുമുണ്ടോ;

(ബി) എന്തു നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;

(സി) ആരെയെങ്കിലും ഇതിനകം ഇറക്കിവിട്ടിട്ടുണ്ടോ;

(ഡി) എത്ര ഏക്കർ സ്ഥലം വീതമാണ് ഈ ഇറക്കിവിട്ടവർ കൈവശം എടുത്തിരുന്നതു്;

(ഇ) എത്ര ഏക്കർ സ്ഥലംവരെ (maximum number of acre) കൈവശം വച്ചുകൊണ്ടിരിക്കുന്നവർ ഇവരുടെയിടയിലുണ്ട്?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടർ):

(എ) ഇല്ല.

(ബി) അനധികൃതപ്രവേശനസ്ഥലങ്ങൾ പരിശോധിച്ച് തരംതിരിക്കുന്നതിനു ഒരു പരിശോധകസമിതിയേയും (Inspection Squad) അങ്ങിനെയുള്ള പ്രവേശനങ്ങൾ കണ്ടുപിടിക്കുന്നതിനു് ഒരു സ്പെഷ്യൽ എൽ. ആർ. എം. സ്റ്റാഫിനേയും (L. R. M. Staff) നിയമിച്ചിട്ടുണ്ട്. ഇതേവരെ ഉദ്ദേശം ൩൦൦ ആളുകൾ ൧൮൦൦ ഏക്കറോളം ഭൂമിയിൽ അനധികൃതമായി പ്രവേശിച്ചതിനെ കണ്ടുപിടിച്ച് അവരുടെ പേരിൽ പുറമ്പോക്ക് കേസെടുത്തു് നടപടി നടന്നുവരുന്നു.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഉദ്ദേശം ൭ മുതൽ ൧൦ ഏക്കർവരെ.

ചങ്ങനാശ്ശേരി താലൂക്ക വിഭജനം.

※ ൩൨൧. [൪൬] ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കിനെ രണ്ടു താലൂക്കുകളായി വിഭജിക്കുവാൻ ഗവണ്മെന്റ് നിശ്ചയിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഓരോ ഭാഗത്തിലും ഏതെല്ലാം പകുതികൾ പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

Hospitals and Health Units.

※ 322. [47] **Shri M. V. Cherian:** Will the Minister for Medicine and Public Health be pleased to state:

The criterion for sanctioning new hospitals and health units in the State?

Minister for Medicine and Public Health (**Shri V. Madhavan**):

Hospitals. If new medical institutions are to be started in any locality, (a) the place should be at least five miles away from the nearest medical institution, either allopathic or ayurvedic, either Government or grant-in-aid; (b) the population of the locality and surrounding places to be served by the proposed institution should not be less than 20,000 and (c) the local public should surrender to Government free of cost a suitable site and building constructed according to the approved plan of the Public Works Department and furnished.

Health Units. Primary Health Units are opened in Centres where there are Government dispensaries and which are affected with one or other communicable disease. Starting of new Health Units will, however, depend on the successful working of the four primary Health Units functioning now.

Midwives.

※ 323. [48] **Shri M. V. Cherian:** Will the Minister for Medicine and Public Health be pleased to state:

Whether the Government would bestow serious consideration to post a midwife in each Panchayat where there is no hospital?

Minister for Medicine and Public Health (**Shri V. Madhavan**):

Yes. That is the aim of Government.

Grant to Hospitals.

*324. [50] **Shri O. C. Ninan:** Will the Minister for Medicine be pleased to state:

(*a*) is the Government giving grant to hospitals;

(*b*) how many hospitals are receiving grants and the total amount paid in 1951;

(*c*) what are the conditions on which grants are issued to private hospitals?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) Yes.

(*b*) 38. Total amount: Rs. 1,00,158.

(*c*) Details are given in the appendix.

Maternity Facilities.

*325. [51] **Shri O. C. Ninan:** Will the Minister for Medicine be pleased to state:

(*a*) whether there are any facilities provided for maternity cases in dispensaries;

(*b*) in how many dispensaries there are such facility and what are those dispensaries; and

(*c*) whether the Government will consider the question of providing such facilities in all the dispensaries in the State?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) Yes.

(*b*) 99. The names of the dispensaries are given in the appendix. ‡

(c) Yes.

കുഷ്ഠരോഗികൾ.

*൩൨൬. [൫൨] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) എറണാകുളം റോഡുകളിൽ കുഷ്ഠരോഗികൾ അലഞ്ഞുനടക്കുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു പ്രതിവിധി ചെയ്തിട്ടുണ്ടു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ടു്.

(ബി) വേണ്ട നടപടികൾ എടുക്കുന്നതിന് ഗവണ്മെന്റ് ആലോചിച്ചുവരുന്നു.

---

† Please see Appendix II.

‡ Please see Appendix III.

Integration of the Department for the Advancement of Backward Communities.

*327. [57] **Shri A. K. Chelliah**: Will the Minister for Local Self Government be pleased to state:

(*a*) whether a proposal for the integration of the Department for the Advancement of Backward Communities was forwarded to Government by the Commissioner in 1950;

(*b*) whether there were representation on this by the subordinates affected;

(*c*) whether the Government invited the opinion of the Public Service Commission;

(*d*) whether the Commission has now sent up revised proposal with new names not included in the original; and

(*e*) will the integration be effected before settling the question already referred to the Public Service Commission.

Minister for Local Self Government **(Shri. K. Kochukuttan)**:

(*a*) Yes.

(*b*) Yes.

(*c*) Yes.

(*d*) No.

(*e*) The integration of the Department for the Advancement of Backward Communities will be effected in accordance with the principles laid down by the Government.

ഡാക്ടരെപ്പററി പരാതി.

*൩൨൮. [൫൮] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ആശുപത്രികളിൽ മരുന്ന് കുത്തിവയ്ക്കേണ്ടിവരുന്ന രോഗികൾ കുത്തിവയ്പുസൂചികൂടി വാങ്ങിക്കൊടുക്കേണ്ട ആവശ്യമുണ്ടോ;

(ബി) തൈക്കാട്ട് സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ആശുപത്രികളിൽചെന്ന ഒരു ഗർഭിണിക്ക് മരുന്നും സൂചിയും വാങ്ങുന്നതിന് അവിടെയുള്ള ഒരു ഡാക്ടർ കുറിച്ചുകൊടുത്തതായും അതിൽ പ്രതിഷേധം പ്രകടിപ്പിച്ചതുകൊണ്ട് പ്രസ്തുത രോഗിയെ ഡാക്ടർ രണ്ടുദിവസം നോക്കുകയേ ഉണ്ടായില്ലെന്നും ഒരു പാർലമെൻറ മെംബർ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുകയുണ്ടായോ;

(സി) ഇതിന്മേൽ ഗവണ്മെൻറ് എന്തു നടപടി നടത്തി?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ടി സംഗതി അന്വേഷണത്തിൽ ഇരിക്കുകയാണ്.

UNSTARRED QUESTIONS.

ടൗൺഹാൾ.

൨൫൫. [൩] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) എറണാകുളത്ത് പൊതുജനങ്ങളുടെ ഉപയോഗാർത്ഥം ഒരു ടൗൺഹാൾ ഇല്ലെന്നും ഇവിടെ ഒരു കാലത്ത് നിർമ്മിച്ച ടൗൺഹാളാണ് നിയമസഭാമന്ദിരമായും പിന്നീട് ലാകാളേജായും ഉപയോഗിച്ചുവരുന്നതെന്നും ഗവണ്മെൻറിനറിയാമോ;

(ബി) പുതിയതായി ഒരു ടൗൺഹാൾ നിർമ്മിച്ചുതരാൻ വേണ്ട നടപടികൾ ഗവണ്മെൻറ് കൈക്കൊള്ളുമോ?

ഉത്തരം.

(എ) അറിയാം.

(ബി) ആലോചിക്കാം.

Pakuthy Cutcherry—Kottuvalli.

256. [4] **Shri E. P. Varghese:** Will the Minister for Revenue be pleased to state:

(a) whether the Pakuthy Cutcherry of Kottuvalli Pakuthy is at the northern boundary of the Pakuthy;

(b) what is the distance from the Pakuthy Cutcherry to the southern boundary of the Pakuthy; and

(c) whether the Pakuthy Cutcherry can be conveniently located at Cheriapalli junction on the Parur-Kottuvalli Road?

Answer

(a) Yes.

(b) 5 miles.

(c) No.

Cape Hospital.

257. [5] **Shri A. Kunjan Nadar:** Will the Minister for Medicine be pleased to state:

(a) whether any representation has been received from the public of Cape Comorin to convert the Cape Hospital to a full time Hospital; and

(b) if so, what action is taken on it?

Answer

(a) Yes.

(b) The matter is under consideration.

ഡിസ്പെൻസറിയുടെ ആവശ്യകത.

൨൭൮. [൮] ശ്രീ. എം. എൻ. ഗോവിന്ദൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട്ട് കുഷ്ഠരോഗാശുപത്രിയോടനുബന്ധിച്ചു മററു രോഗികളെക്കൂടി ചികിത്സിക്കുന്നതിനായി ഒരു ഡിസ്പെൻസറി തുടങ്ങുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇന്നുള്ള കെട്ടിടസൌകര്യങ്ങൾ വച്ചുകൊണ്ട് ഒരു ഡാക്ടരെ കൂടി നിയമിക്കുന്നതായാൽ അതു സാധിക്കുന്നതാണെന്ന് ഗവണ്മെൻറിനു അറിവുണ്ടോ;

(സി) ഈ ആശുപത്രിക്ക് ൮ മൈലിനുള്ളിൽ മററാശുപത്രികൾ ഇല്ലെന്നു ഗവണ്മെൻറിന് അറിയാമോ?

ഉത്തരം.

(എ) ഇല്ല. മററു രോഗികളെ പരിശോധിച്ചു വൈദ്യസഹായം നൽകുവാൻവേണ്ടി ഇപ്പോൾതന്നെ അവിടെ ഒരു ഡിസ്പെൻസറി ഉണ്ട്.

(ബി) ഇപ്പോൾ ൩ ഡാക്ടർമാർ പ്രസ്തുത ആശുപത്രിയിൽ ഉണ്ട്. അതിൽ ഒരു ഡാക്ടരെ മററു രോഗികളെ ഉദ്ദേശിച്ച് പുതുതായി നിയമിക്കപ്പെട്ടതാണ്.

(സി) ഈ സ്ഥലത്തുനിന്നും ഏതാണ്ട് ൩ മൈൽ അകലെ അടൂർ, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ ഗവണ്മെൻറ ഡിസ്പെൻസറികൾ ഉണ്ട്,

കായംകുളത്തെ പുതിയ ആശുപത്രി.

൨൭൯. [൯] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കായംകുളത്ത് പുതുതായി പണികഴിപ്പിച്ച ആശുപത്രിയുടെ പണി പൂർത്തിയായോ; ആയി എങ്കിൽ എന്ന്;

(ബി) പണി പൂർത്തിയായതിനുശേഷവും, പഴയ ആശുപത്രി കെട്ടിടംതന്നെ തുടർന്നു ഉപയോഗിക്കാനുള്ള കാരണമെന്തു്;

(സി) പഴയ ആശുപത്രി കെട്ടിടത്തിനു പ്രതിമാസം എന്തു വാടകയാണ് കൊടുത്തുവരുന്നതു്?

ഉത്തരം.

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ൪൦ രൂപ,

ആശുപത്രി.

൨൬൦. [൧൧] ശ്രീ. എം. പി. മെൻഡിസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) മൂവാറ്റുപുഴതാലൂക്കിൽ നേരിയമംഗലം എന്ന സ്ഥലത്ത് ഗവണ്മെന്റിൽനിന്നും ഒരു ആശുപത്രി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിലേക്കായി ഗവണ്മെന്റിൽനിന്നും എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം.

(എ) നേരിയമംഗലത്ത് ആശുപത്രി തുടങ്ങുവാൻ ഉദ്ദേശമില്ല.

(ബി) ഉദിക്കുന്നില്ല.

കൊരട്ടി കുഷ്ഠരോഗാസ്പത്രിയിലെ ഡാക്ടർ.

൨൬൧. [൨] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കൊരട്ടി കുഷ്ഠരോഗാസ്പത്രിയിലേക്ക് ഗവണ്മെന്റ് നിയോഗിച്ചിരുന്ന ഡാക്ടർ നൈനാനെ ഈയിടെ സ്ഥലം മാറ്റുകയുണ്ടായോ?

(ബി) ഉണ്ടെങ്കിൽ ഈ ഡാക്ടറെ സ്ഥലം മാറ്റുന്നതിന് വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

(സി) ഈ ഡാക്ടറുടെ സ്ഥലംമാറ്റത്തിൽ അവിടത്തെ രോഗികൾക്ക് പ്രതിഷേധമുള്ളതായി ഗവണ്മെന്റിന് അറിയാമോ?

ഉത്തരം.

( ) ഉണ്ട്.

(ബി) ടി ആശുപത്രിയിൽ ജോലി നോക്കുന്നതിനുവേണ്ടി അദ്ദേഹത്തിന് അനുവദിച്ചിരുന്ന അവധിയുടെ കാലം തീർന്നതുകൊണ്ട്.

(സി) അറിയാം.

Public Cemetery at Kottarakara.

262. [14] **Shri E. Krishnan Nair:** Will the Minister for Medicine and Public Health be pleased to state :

(*a*) whether it is a fact that there is no public cemetery at Kottarakara;

(*b*) whether there have been petitions from the people of Kottarakara for a public burial ground in the town; and

(*c*) if so, whether the Government have taken or intend to take any action in the matter?

Answer

(*a*) Yes.

(*b*) No. But there was a report in the issue of *Prabhatham* dated 19-5-52 regarding nuisance caused from the burial of dead bodies near the Pulamom junction and suggesting the necessity of a public burial ground at Kottarakara.

(*c*) Steps are being taken to provide a public burial ground at Kottarakara.

Hindu Convent at Cape.

263. [15] **Shri A. Samraj:** Will the Minister for Medicine and Public Health be pleased to state:

(*a*) whether any grant is given by the Public Health Department to one Hindu Convent (so called) in Cape Comorin; and

(*b*) if so the details and purpose of the grant?

Answer

(*a*) No.
(*b*) Does not arise.

Housing and Colonisation Schemes.

264. [16] **Shri A. Samraj:** Will the Minister for Local Self Government be pleased to state the number and details of the housing and colonisation schemes that are going to be taken up by the Government in South Travancore in 1952?

Answer

Seventy eight houses are proposed to be constructed in 1952-53 under the Housing Scheme in the following centres in South Travancore.

1.	Theroor	..	10 houses
2.	Vizhinjam	..	15 houses
3.	Colachel	..	36 houses
4.	Karamana	..	17 houses

The houses at Theroor and Karamana are intended mainly for agricultural labourers and these schemes will be worked under the responsibility of the Kasturba Grama Co-operative Society, Ltd., No. 3241, Theroor, and Co-operative Society, No. 671, Karamana, respectively. The houses at Colachel and Vizhinjam are intended for fishermen and these schemes will be worked under the responsibility of the South Travancore Latin Catholic Arsan Co-operative Society, Ltd., No. 2577, Colachel and Co-operative Society No. 30.8, Vizhinjam, respectively.

(*b*) *Colonisation Scheme.*

A co-operative Colony for the Travancore-Cochin compulsorily demobilised soldiers, consisting of not less than 80 members will be organised in Puthunvetti muri Reserve during the current year. The area set apart for the Colony is 205 acres.

ആശുപത്രി കാംപൌണ്ടു വാൾ.

൨൩൬. [൫൧] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ കാണുന്ന ചോദ്യത്തിനു് മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറയിൻകീഴ് ഗവണ്മെൻറ് ആശുപത്രിയുടെ കാംപൌണ്ടുവാൾ പണി ഇതുവരെയും തുടങ്ങാത്തതു് എന്തു്?

ഉത്തരം.

ഉടനെ തുടങ്ങുവാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

ആററിങ്ങൽ ഡിസ്പെൻസറി.

൨൩൩. [൫൪] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ കാണുന്ന ചോദ്യത്തിനു് മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ആററിങ്ങൽ ഒരു ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ എങ്കിലും ഗവണ്മെൻറ എടുത്തിട്ടുണ്ടോ?

ഉത്തരം.

ഇല്ല. ഡിസ്പെൻസറി തുടങ്ങുവാൻ തന്നെ തീരുമാനിച്ചിട്ടില്ല.

മുനിസിപ്പാലിററി സാനിട്ടേഷൻ.

൨൩൧. [൫൯] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആററിങ്ങൽ മുൻസിപ്പാലിററിയിലെ സാനിട്ടേഷൻ, കഴിഞ്ഞ ആറുമാസത്തിനിടയ്ക്കു് ഒരിക്കൽ എങ്കിലും ബഹുമാനപ്പെട്ട മന്ത്രിയോ ഡയറക്ടർ ആഫ് പബ്ളിക്ക് ഹെൽത്തോ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ താമസിയാതെ പരിശോധിക്കുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) ആവശ്യാനുസരണം പരിശോധിക്കുന്നതാണു്.

തൊഴിൽ ക്കം.

൨൩൪. [൨൦] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏനാമ്മാവു് പെരിങ്ങോട്ടുകര ചെത്തുതൊഴിലാളിയൂണിയനും, ഷാപ്പുകൺട്രാക്ടറന്മാരും തമ്മിലുള്ള തൊഴിൽ ക്കം രഞ്ജിപ്പിൽ അവസാനിപ്പിക്കുന്നതിനുവേണ്ടി അസിസ്റ്റൻറ് ലേബർകമ്മിഷണർ

ആഗസ്റ്റ് ൨൨-ാം തീയതി വിളിച്ചുകൂട്ടിയ ത്രികക്ഷി സമ്മേളനം യാതൊരു വിട്ടുവീഴ്ചക്കും തയ്യാറാവാതിരുന്ന ഷാപ്പുടമകളുടെ പിടിവാശി മൂലം അലസിപ്പിരിഞ്ഞതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് ഗവണ്മെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം.

(എ) യൂണിയന്റെ അവകാശവാദങ്ങളെപ്പറ്റി ഷാപ്പുകൺട്രാക്ടർമാരുടെ പ്രതിനിധികൾ പരിഗണിക്കുവാൻ തയ്യാറായിരുന്നില്ലെന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഒരു ത്രികക്ഷി സമ്മേളനം നടത്തുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്.

Karingal Dispensary.

269. [21] **Shri R. Ponnappa Nadar:** Will the Minister for Medicine be pleased to state:

(*a*) whether there was any demand from the people of Killiyur for the opening of a dispensary in the Karingal Travellers Bungalow;

(*b*) is the Karingal travellers bungalow now used;

(*c*) will the Government be pleased to open the dispensary; and

(*d*) did not the Village Uplift committees of Midalam and Killiyur demand for the opening of a dispensary at the Karingal T. B.?

Answer.

(*a*) Yes.

(*b*) No travellers bungalow is being maintained at Karingal now.

(*c*) There is no urgent necessity for a dispensary as there are mission hospitals at Neyyoor and Marthandom.

(*d*) Yes.

ആസ്പത്രികൾ.

൨൭൦. [൨൨] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കുട്ടനാട്ടിൽ എത്ര ആസ്പത്രികൾ ഉണ്ട്;

(ബി) പുതുതായി എത്ര ആസ്പത്രികൾ അനുവദിക്കുന്നു?

ഉത്തരം.

(എ) ആസ്പത്രികളും ഡിസ്പെൻസറികളുംകൂടി ൨൦.

(ബി) തകഴിയിൽ ഒരു ഡിസ്പെൻസറി തുടങ്ങുവാനുള്ള ആലോചനയുണ്ട്.

Complaint against the Commissioner for the Advancement of Backward Communities.

271. [26] **Shri A. K. Chelliah:** Will the Minister for Local Self-Government be pleased to state:

(*a*) whether there were complaints against the present Commissioner for the advancement of Backward Communities;

(*b*) whether confidential enquiries were made about the complaints; and

(*c*) if so, what is the result of the enquiries?

Answer.

(*a*) Yes.

(*b*) Yes.

(c) The matter is under consideration of the Government.

വൈക്കത്തെ സചിവോത്തമ മെമ്മോറിയൽ പ്രസവ വാർഡ്.

൨൭൨. [൨൭] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വൈക്കം ഗവണ്മെന്റ് ആശുപത്രിയോടനുബന്ധിച്ച് ഗവണ്മെന്റ് ഏറ്റെടുത്തു പണി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ള പ്രസവവാർഡിന്റെ പണി ആരംഭിച്ചത് സചിവോത്തമ മെമ്മോറിയൽ പ്രസവവാർഡ് എന്ന പേരിലാണെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോഴും ആ പേരിൽ തന്നെയാണോ ഗവണ്മെന്റ് പണി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) അങ്ങനെയാണെങ്കിൽ വിവരം ഗവണ്മെന്റ് പൊതുജനശ്രദ്ധയ്ക്കായി പരസ്യപ്പെടുത്തുമോ;

(ഡി) ആദ്യം വാർഡ് പണിക്കായി രൂപീകരിച്ചിരുന്ന കമ്മിറ്റിയുടെ വരവു ചെലവ് കണക്കുകൾ ഗവണ്മെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ആ കണക്കുകൾ കമ്മിറ്റി അംഗീകരിച്ചതും ആഡിറ്റ് ചെയ്തതുമായിരുന്നോ;

(എഫ്) ഇല്ലെങ്കിൽ അത്തരം ഒരു കണക്ക് സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ;

(ജി) കമ്മിറ്റി സമർപ്പിച്ചിട്ടുള്ള കണക്കിലെ വരവ് എത്ര; ചെലവ് എത്ര;

(എച്ച്) കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറിയും ആരായിരുന്നു?

<u>ഉത്തരം.</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഇക്കാര്യത്തിൽ ഗവണ്മെന്റ് ഇടപെടേണ്ട കാര്യം ഉണ്ടെന്നു തോന്നുന്നില്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) ചെയർമാൻ—ശ്രീ. വി. കെ. വേലപ്പൻനായർ.
സെക്രട്ടറിമാർ—ശ്രീ. വി. മാധവൻ.
ശ്രീ. കെ. ആർ. ഗോപാലപിള്ള.

<u>*பிணியாளர்களுக்கு வார்டுகள்.*</u>

273. [28] *ஸ்ரீ. எஸ். ஜி. கேசியப்பன் : கீழ்காணும் வினாக்களுக்கு மருத்துவ இலாகா மந்திரி அவர்கள் விடைபகர்வார்களாக:*

(*ஏ*) *பீர்மேடு தாலூகாவில் பிணியாளர்களை கிடத்தி சிகிச்சை செய்வதற்கு ஏதாவது வார்டுகள் இருக்கின்றனவா;*

(*பி*) *இல்லையேல், ஏன்;*

(*ஸி*) *சீக்கிரம் ஏற்பாடாகுமா?*

Answer.

(*a*) Yes. In the Government Dispensary at Upputhura there is accommodation for 4 patients.

(*b*) & (*c*) Do not arise.

Adjournment Motion *re*: Labour at Puthalam.

[12 Noon.]

Mr. Speaker: The time for questions is over. Has the Minister for Labour received notice of an adjournment from the hon. Member, Mr. Ramaswami ?

Shri Panampilli Govinda Menon: I got one just now.

Mr. Speaker: Are you in a position to give any information regarding this matter ?

Shri Panampilli Govinda Menon: This morning, the hon. Member spoke to me about this matter and I have promised to enquire into the case.

Mr. Speaker: When will you be able to give some information about that to the House ?

Shri Panampilli Govinda Menon: I must send the Labour Commissioner to the spot. I may require three or four days.

Mr. Speaker: Then we shall proceed to Legislative Business.

ശ്രീ. ടി. വി. തോമസ്: ഈ അഡ്ജേൺമെന്റമോഷന്റെ സ്ഥിതി എന്താണെന്നറിയണം?

Mr. Speaker : It is an incident which took place in South Travancore. Some information has to be collected. The Minister wants three or four days. So, as soon as the Minister submits the information, I shall decide whether the motion is admissible or not.

Shri T. S. Ramaswami : Can it not be discussed tomorrow ?

Mr. Speaker : The Minister says he wants three days. The hon. Member might have noted it. Anyhow, after two days the information will be supplied.

THE TRAVANCORE-COCHIN NURSES AND MIDWIVES BILL—(*contd.*)

Minister for Medicine and Public Health **(Shri V. Madhavan):** I move that the Travancore-Cochin Nurses and Midwives Bill be referred to a Select Committee.

Minister for Local Self-Government **(Shri K. Kochukuttan) :** I second it.

Shri K. Balakrishna Menon : Sir, I appreciate the principle underlying this Bill, but I do not agree with the Government regarding the necessity of having a separate Bill for midwives and nurses. In my view, the purposes of this Bill could very well be served by the Medical Practitioners Bill the scope of which could be widened, and representation to the nurses and midwives may be given.

The object of this Bill, if I have understood it correctly, is practically the same as that of the Medical Practitioners Bill. That is, both these Bills seek to establish an efficient medical system in the State. Now, doctors are as much a necessary part of the medical system as the midwives and nurses. You cannot have anyone of them non-co-operating with the other sections of the medical service. In fact, one is the complement of the other. If that is so, I do not see why there should be a separate organization for the midwives and nurses. You can as well have one of their representatives in the Council constituted under the Medical Practitioners Bill.

Shri N. P. Varghese : Has not the Central Government constituted two Councils ?

Shri K. Balakrishna Menon : That is no justification why we should do it. Perhaps it is a wrong precedent which should not be followed.

What I find from the Medical Practitioners Bill is that the Council provided by the Bill controls the work, training, etc., of medical practitioners. The same functions are contemplated under this Bill also. That being so why should we disintegrate the component parts of the medical system and try to organise them as though on trade union lines ? Is it not much better to have a sort of integration and co-ordination among them ? Would it not be very conducive for promoting a more efficient medical system in the State ? For these reasons, I would suggest that

[Shri K. Balakrishna Menon.]

the Government may very well consider the possibility of integrating the salient features of this Bill with the Medical Practitioners Bill and completely give the go-by to the present Bill as such. Our aim is not to multiply laws as far as possible. I believe it is possible also to serve the same purpose in view by integrating the necessary provisions in this Bill with those in the Medical Practitioners Bill. This point may be considered by the Government.

ശ്രീ. ഒ. സി. മൈനനാൻ: സർ, ഈ ബില്ലിൻെറ സാമാന്യതത്വങ്ങളോടു യോജിക്കുന്നതോടൊപ്പംതന്നെ ഒന്നുരണ്ടു് കാര്യങ്ങൾ ചൂണ്ടിക്കാണിക്കണമെന്നു് ഞാനാഗ്രഹിക്കുന്നു. ഇങ്ങനെ പ്രത്യേകമായി ഒരു ബിൽ വളരെ ആവശ്യമാണെന്നാണെനിക്കു തോന്നുന്നതു്. ഈ ബില്ലിലെ വ്യവസ്ഥകൾകൂടി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിൽ ചേർക്കുന്നതു വളരെ ദോഷമാണു്. ആ ബില്ലിൽനിന്നും വ്യത്യാസമായ പല സംഗതികളും ഇതിൽ ഉണ്ടെന്നുള്ളതു് ഈ ബില്ലിൻെറ സ്കീം നോക്കിയാൽ കാണാവുന്നതാണു്. അതായതു ഈ ബില്ലിൻെറ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായിട്ടു് ഒരു കൗൺസിൽ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യുമെന്നു പറഞ്ഞിട്ടുണ്ടു്. ആ കൗൺസിലിലേക്കു് കുറെ ആളുകളെ നാമിനേറ്റുചെയ്യുകയും ബാക്കിയുള്ളവരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നതിനാണു് വ്യവസ്ഥചെയ്തിരിക്കുന്നതു്. ഈ ബില്ലിൻെറ മൂന്നാമത്തെ ക്ലാസു പരിശോധിച്ചാൽ ഇതിൽ ഈ സ്റ്റേററിലെ മുനിസിപ്പാലിററികളിൽനിന്നും തിരുവനന്തപുരം കാർപ്പറേഷനിൽനിന്നും ഓരോ ആളുകൾക്കുകൂടി ഈ കൗൺസിലിൽ പ്രാതിനിധ്യം കൊടുത്തിട്ടുള്ളതായി കാണാം. തിരുവനന്തപുരം കാർപ്പറേഷനിൽനിന്നുമുള്ള അംഗത്തെ തെരഞ്ഞെടുക്കാമെന്നാണു് വ്യവസ്ഥചെയ്തിട്ടുള്ളതു്. അതുപോലെ ഈ സ്റ്റേററിലുള്ള എല്ലാ മുനിസിപ്പാലിററികളിൽനിന്നുമായി രണ്ടുപേരെ തിരഞ്ഞെടുക്കേണ്ടതും ആവശ്യമാണു്. അങ്ങിനെ ഒരു വ്യവസ്ഥകൂടി ഇതിൽ ചേർക്കേണ്ടതാണു്. ഇങ്ങനെ തെരഞ്ഞെടുക്കുന്ന സീററു കാർപ്പറേഷനിൽ മാത്രമല്ല വേണ്ടതു്. ഈ അസംബ്ലിയിൽതന്നെ പാസ്സാക്കിയിട്ടുള്ള വില്ലേജുപഞ്ചായത്തു് ആക്ടനുസരിച്ചു് ഈ സ്റ്റേററിൽ വില്ലേജുപഞ്ചായത്തുകൾ സ്ഥാപിക്കാൻപോകുകയാണു്. ആ സ്ഥിതിക്കു് മിക്കവാറും എല്ലാ സ്ഥലങ്ങളിലും മിഡ്‌വൈഫ്മാരെ നിയമിക്കേണ്ടതായിവരും. അപ്പോൾ വളരെ അധികം ആളുകൾ ജോലിയിൽ ഏർപ്പെടേണ്ടതായിവരും. അതുകൊണ്ടു് അവരുടെ പ്രാതിനിധ്യംകൂടി ഈ കൗൺസിലിലുണ്ടാകത്തക്കവണ്ണം സിററികാർപ്പറേഷനിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന അംഗത്തെപ്പോലെതന്നെ രണ്ടോ നാലോ അംഗങ്ങൾ ഈ മുനിസിപ്പാലിററികളിൽനിന്നും വില്ലേജുപഞ്ചായത്തുകളിൽനിന്നുമായി തിരഞ്ഞെടുക്കണമെന്നുള്ള വ്യവസ്ഥകൂടി സെലക്ട്കമ്മിററി ആലോചിച്ചു് ഈ മൂന്നാം വകുപ്പിൽ ചേർക്കുന്നതു പ്രയോജനകരമായിരിക്കുമെന്നാണു് ഞാൻ പറയുന്നതു്. ഇപ്പോൾ ഈ വില്ലേജുപഞ്ചായത്തുകളിൽ സേവനംനടത്തുന്ന ആളുകളുടെ പ്രത്യേകയോഗ്യതകളെ പരിഗണിച്ചു് അവർക്കും ഈ കൗൺസിലിൽ പ്രാതിനിധ്യം കൊടുക്കുന്നതു് കൂടുതൽ പ്രയോജനകരമായിരിക്കുമെന്നുള്ള സംഗതി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുകയാണു്.

പിന്നെ ഒരുകാര്യംകൂടി എനിക്കു ചൂണ്ടിക്കാണിക്കുവാനുണ്ട്.

ശ്രീ. ഇ. പി. വർഗ്ഗീസ്: വില്ലേജുപഞ്ചായത്തുകളിൽനിന്നുകൂടി പ്രതിനിധികളെ എടുക്കണമെന്നാണോ പറയുന്നതു്; അതോ സിററി കാർപ്പറേഷനിൽനിന്നും മുനിസിപ്പാലിററികളിൽനിന്നും മാത്രം മതിയോ?

ശ്രീ. ഒ. സി. നൈനാൻ: സിററികാർപ്പറേഷൻ അംഗങ്ങളിനേയും തിരഞ്ഞെടുക്കണം, മുനിസിപ്പാലിററികളിൽനിന്നുമെടുക്കണം.

ശ്രീ. ഇ. പി. വർഗ്ഗീസ്: വില്ലേജുപഞ്ചായത്തിൽനിന്നുകൂടി അംഗങ്ങളെ എടുക്കണമെന്നാണോ പറയുന്നതു്?

ശ്രീ. ഒ. സി. നൈനാൻ: അങ്ങിനെയല്ല ഞാൻ പറഞ്ഞതു്. ഈ സിററികാർപ്പറേഷനിൽനിന്നും ഒരംഗത്തെ എടുക്കുന്നതുപോലെ വില്ലേജു പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും കൂടി രണ്ടോ നാലോ പേരെക്കൂടി ഈ കൗൺസിലിലേക്കു് തെരഞ്ഞെടുക്കണമെന്നാണു്. അവർക്കും കൂടി പ്രാതിനിധ്യമുണ്ടായിരിക്കത്തക്കവണ്ണം കുറച്ചുകൂടി വിപുലമായ ഒരു വ്യവസ്ഥയായിരിക്കണമെന്നാണു് ഞാൻ പറഞ്ഞതു്.

പിന്നെ ഒരു കാര്യം എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു് ൨൦-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ചാണു്. അതിൽ രെജിസ്ത്രേഷനു ക്വാളിഫിക്കേഷനുള്ളവരായിരിക്കണമെന്നും ക്ലിപ്തപ്പെടുത്തിയ പരിശീലനം സിദ്ധിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ടു്. അതുകൂടാതെ പരിക്ഷായോഗ്യതയില്ലാ വർക്കു് രജിസ്റ്റർ ചെയ്യണമെന്നുണ്ടെങ്കിൽ ഈ ആക്ടു് നടപ്പിൽ വരുന്നതിനു മൂന്നുകൊല്ലം മുമ്പു് അങ്ങിനെയുള്ളവർ പ്രാക്ടീസു നടത്തിയിരുന്നുവെന്നു തെളിയിച്ചാൽ മതിയെന്നു ഒരു വ്യവസ്ഥ ഇതിൽ കാണിച്ചിട്ടുണ്ടു്. അതിലേക്കു് ഏതെങ്കിലും ഒരു രജിസ്റ്റേർഡു് മെഡിക്കൽ പ്രാക്ടീഷണറുടെ സർട്ടിഫിക്കററു ഹാജരാക്കിയാൽ മതിയെന്നു പറഞ്ഞിരിക്കുന്നു. അതത്ര ശരിയാണെന്നു് എനിക്കു തോന്നുന്നില്ല. അതിൽ പറയുന്നതുപോലെയുള്ള മെഡിക്കൽ പ്രാക്ടീഷണറന്മാരുടെ സർട്ടിഫിക്കററിനു് വലിയ പ്രയാസമൊന്നുമില്ല. നേരെമറിച്ചു് അങ്ങിനെയുള്ള ഒരു സർട്ടിഫിക്കററു മതിയെന്നുള്ള പക്ഷം അതു സർജൻജനറലിന്റേയോ അല്ലെങ്കിൽ അതുപോലുള്ള വിദഗ്ദ്ധന്മാരുടേയോ സർട്ടിഫിക്കററു ആയിരിക്കണമെന്നുള്ള വ്യവസ്ഥയായിരുന്നാൽ അതു വളരെ പ്രയോജനകരമായിരിക്കും. ഇന്നു് നാട്ടിൽനടപ്പുള്ള വയററാട്ടികളുടേയും മററും ജോലിചെയ്തുകൊണ്ടിരിക്കുന്നവർക്കും ഇതുപോലെ ഒരു സർട്ടിഫിക്കററു സമ്പാദിക്കുവാൻ കഴിയും. അതല്ല ഇന്നു നമുക്കാവശ്യം. അവരുടെ ഉപദ്രവം തടയുന്നതിനും മനുഷ്യർക്കു് കൂടുതൽ പ്രയോജനമുണ്ടാകുന്നതിനും ഈ ൨൦-ാം വകുപ്പിൽ പ്രിസ്ക്രൈബുചെയ്തിരിക്കുന്ന പരീക്ഷായോഗ്യതകൊണ്ടു് ഒരു പ്രയോജനവുമില്ല. ഇപ്പോഴത്തെ വ്യവസ്ഥവച്ചുനോക്കുകയാണെങ്കിൽ രണ്ടോ നാലോ പ്രസവം കഴിഞ്ഞിട്ടുള്ള വർക്കും വേണമെങ്കിൽ ഒരു രജിസ്റ്റേർഡു് മെഡിക്കൽ പ്രാക്ടീഷണറുടെ സർട്ടിഫിക്കററു വാങ്ങിച്ചുകൊണ്ടുവരുന്നതിനു് പ്രയാസമുണ്ടായിരിക്കുന്നതല്ല.

[ശ്രീ. ഒ. സി. നൈനാൻ.]

നമ്മുടെ രാജ്യത്ത് പ്രസവകേസ്സുകളിൽ ധാരാളം വയറാട്ടികൾ ജോലിചെയ്യുന്നവെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാം. ശാസ്ത്രീയമായ പരിജ്ഞാനക്കുറവുനിമിത്തം ഇവരുടെ പ്രവൃത്തികളിൽ പല കുഴപ്പങ്ങളും നേരിടുന്നുണ്ട്. അതുകൊണ്ട് പ്രസവകേസ്സുകളിൽ ഇവർ പ്രവേശിച്ച് മനുഷ്യരെ ഉപദ്രവിക്കാതിരിക്കാനാണ് ഈ ബില്ല് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. എന്നാൽ ബില്ലിൽതന്നെ പറഞ്ഞിട്ടുണ്ട് ൫ കൊല്ലത്തെ പരിശീലനം ഉള്ളവരെക്കൂടി ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്താമെന്ന് ഇങ്ങനെയുള്ള വ്യക്തികൾ എളുപ്പം പ്രവേശിക്കാതിരിക്കാൻ വേണ്ട വ്യവസ്ഥകൾകൂടി ബില്ലിന്റെ ൨൦-ാം വകുപ്പിൽ ചേർക്കേണ്ടതാണ്. ഏതായാലും ഈ ബിൽ ഒരു വിധത്തിലും വച്ചുതാമസിപ്പിക്കാൻ പാടില്ലാത്തതാണ്. അതുകൊണ്ട് കഴിയുന്നതും വേഗം സെലക്ട്കമ്മിററിക്കു അയക്കണമെന്നു ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ ഈ ബില്ലിന്റെ പൊതുതത്വത്തോടു യോജിക്കുന്നു. അതേസമയംതന്നെ ബില്ലിന്റെ ൨൦-ാം വകുപ്പിനെപ്പററി ശ്രീ. നൈനാന്റെ അഭിപ്രായങ്ങളോടു വിയോജിക്കയും ചെയ്യുന്നു. വളരെ കർക്കശമായ വ്യവസ്ഥകളാണ് ബില്ലിന്റെ ൨൦-ാംവകുപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നാണ് എന്റെ അഭിപ്രായം. കാരണം ശാസ്ത്രീയമായ പരീക്ഷായോഗ്യതയുള്ളവർക്കുമാത്രമേ ഈ ബില്ലുകൊണ്ടു പ്രാക്ടീസുചെയ്യാൻ ഒക്കുകയുള്ളു. നേരെമറിച്ച് വളരെ തഴക്കവും പഴക്കവും ഉള്ള അനവധി വയററാട്ടികൾ നമ്മുടെ നാട്ടിൻപുറത്ത് ഉണ്ട്. അവരുടെ കാര്യം ഇതിൽ ഒന്നും പറഞ്ഞുകാണുന്നില്ല. ഈ അടുത്തകാലത്തു മൂന്നുകൊല്ലത്തിലൊരിക്കലാണ് മിഡ്വൈഫുകളെ ട്രെയിനിംഗിനായി ക്ഷണിച്ചത്. സംസ്ഥാനത്ത് ഇവരുടെ ആവശ്യം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ഗവണ്മെന്റ് അപ്ലിക്കേഷൻ ക്ഷണിച്ചിട്ടും ആവശ്യമുള്ള മിഡ്വൈഫുകളെ കിട്ടാതെയാണിരിക്കുന്നത്. ആ സ്ഥിതിയ്ക്കു ബില്ലിലെ വ്യവസ്ഥകൾക്ക് അല്പംകൂടി അയവുവരുത്തേണ്ടതാണ്. സിനിമാതാരങ്ങളോടുതോന്നുന്ന അപേക്ഷയും തെററിദ്ധാരണകളുമാണ് നാട്ടുകാർക്ക നേഴ്സുകളോടും മിഡ്വൈഫുകളോടും തോന്നുന്നതെങ്കിലും അതൊക്കെ അവർ സഹിച്ചുകൊണ്ടാണു ഈ ജോലിയിൽ ഏർപ്പെട്ടു കഴിഞ്ഞുകൂടുന്നത്. സർ, ഈ അടുത്തകാലത്തു നേഴ്സുകളെ ട്രെയിനിംഗിന് ക്ഷണിച്ചപ്പോൾ ഏകദേശം ൨൫൦ പേരോളം അപേക്ഷകരായിട്ടുണ്ടായിരുന്നു. ഈ ൨൫൦ അപേക്ഷകരിൽ ൧൫൦ പേരെയാണ് തിരഞ്ഞെടുത്തത്. തിരഞ്ഞെടുക്കപ്പെട്ടവരിൽതന്നെ ൨൫ പേർക്കാണ് സ്റ്റൈപ്പൻറ് കൊടുത്തിട്ടുള്ളത്. മററുള്ളവർക്കും സ്റ്റൈപ്പെൻറ കൊടുത്തിട്ടില്ല. Non-stipendiary ആയി ഹാജരാകുവാനാണ് അവർക്ക് നോട്ടീസ് കൊടുത്തിരിക്കുന്നത്. അതിൽ എത്ര പേർ പഠിക്കുവാൻവരുമെന്നു നിശ്ചയമില്ല. കാരണം സാധുക്കളാണു ഈ ജോലിക്കു കച്ചകെട്ടി പുറപ്പെടുന്നത്, അവർക്കാർക്കുംതന്നെ സ്വന്തമായി ഇത്ര നീണ്ട ട്രെയിനിംഗിനു പണവും മുടക്കി വരുവാനുള്ള സാദ്ധ്യതയില്ല. ഇപ്പോൾതന്നെ ആവശ്യമുള്ള നേഴ്സുകൾ ഇല്ലാതിരിക്കെ, നാട്ടിൻപുറങ്ങളിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന ആയമാരെ എലിമിനേററുചെയ്യുന്നതു അപകടകരമാണ്. സാധാരണ ഇവർ രജിസ്റ്റർചെയ്യാൻ കൂട്ടാക്കുന്നവ

രല്ല. പരീക്ഷായോഗ്യതയുള്ളവരെവേണം ഇതിന് ഉപയോഗിക്കേണ്ട തെന്ന ഗവണ്മെൻറതീരുമാനം നല്ലതുതന്നെ. പക്ഷേ നമുക്ക ഇപ്പോഴുള്ള മിഡ്വൈഫുകളെക്കൊണ്ട പട്ടണങ്ങളിലും പരിസരങ്ങളിലും ഉള്ള ആവശ്യങ്ങൾ ഒരുവിധം നിർവ്വഹിക്കാമെന്നല്ലാതെ ഗ്രാമപ്രദേശങ്ങളിലുള്ള സ്ത്രീകളുടെ പ്രസവാവശ്യങ്ങൾക്കു ഇവരെ ലഭിക്കുവാൻ പ്രയാസമാണ്. എത്രയോ ഗ്രാമങ്ങൾ ഇവർ കാണാത്തതുണ്ട്. ഇന്നും ഭൂരിപക്ഷം പ്രസവങ്ങളും ഈ നാടൻ പതിച്ചിമാരാണെടുക്കുന്നത്. ഞങ്ങളുടെ നാട്ടിലുണെങ്കിൽ പ്രസവകേസുകൾക്ക് ഡാക്ടന്മാരേയോ, നഴ്സുകളെയോ ലഭിക്കുകയില്ല. ആ സ്ഥലങ്ങളിൽ ഈ കാര്യങ്ങൾക്കുവേണ്ടി ഈ ആയകളാണ് പോകുന്നത്. എന്നാൽ ഈ ബില്ല പാസ്സാകുന്നതോടുകൂടി ഈ ആയമാർ ചെയ്യുന്ന സേവനം, അവർ രജിസ്റ്റർചെയ്തിട്ടില്ലെന്ന കാരണത്താൽ തടയുന്നതും, രജിസ്റ്റർചെയ്താൽ ശിക്ഷാർഹരാണെന്നു വച്ചിരിക്കുന്നതും കഷ്ടമാണ്. അതുകൊണ്ട ഈ കാര്യങ്ങളെല്ലാം നിർവ്വിഘ്നം നിർവ്വഹിക്കുന്നതിന് ഗവണ്മെൻറിൽനിന്നും ഒരു സ്കീംതന്നെ ഉണ്ടാക്കണമെന്നാണ് എൻെറ അഭിപ്രായം. ഈ ബില്ലിൻെറ പ്രിയാമ്പിളിൽ പറഞ്ഞിരിക്കുന്നതുതന്നെ രജിസ്ട്രേഷൻ ആൻറ് ട്രെയിനിംഗ് എന്നാണ്. അഞ്ചുകൊല്ലംകൊണ്ട അല്ലെങ്കിൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ വേണ്ടത്ര മിഡ്വൈഫുകളെയും നേഴ്സുകളേയും train ചെയ്തു എടുക്കുവാനുള്ള സ്കീംകൂടി ഈ ബില്ലിലെ വ്യവസ്ഥയിൽ ഉൾപ്പെടുത്തണം. അതുവരെ മേല്പറഞ്ഞവരെ തടയരുതെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ആയ എന്നു പറഞ്ഞാൽ?

ശ്രീമതി കെ. ആർ. ഗൗരി: വയററാട്ടിയെയാണ ആയ എന്നു പറയുന്നത്.

Shri E. P. Varghese: I am mostly in agreement with the views expressed by the hon. Member from Vadakanchery. This is a Bill inseparably connected with the Medical Practitioners Bill. The latter has already been sent to the Select Committee. This Bill is intended for training and registration of nurses and midwives. It is mostly the Medical Department which can decide what sort of training these nurses should have and what should be the qualifications for registration. So I think it would be proper to send this Bill also to the same Select Committee with the instruction that, if necessary, they may amalgamate the two Bills into one comprehensive Bill, as the hon. Member remarked. As the position stands at present, I think it will only multiply legislation if we have these two Bills.

Further I do not see any reason to agree with the Kalloop-para Member to have Panchayat members also in the Council contemplated in the Bill. I do not know what they will have to contribute to the working of the Council contemplated in the Bill.

Shri O. C. Ninan: May I know what the members of the Municipal Council will have to say in such a Council?

Shri E. P. Varghese: I am of the same opinion with regard to the Municipal Councils also.

Shri O. C. Ninan: They are represented in the Council under the Medical Bill also.

Shri E. P. Varghese: What I feel is that we need not represent all sorts of people in these Councils. Of course, it is quite understandable that members who are interested in Municipalities will say that Municipalities should be represented; while members who are interested in Panchayats will say that Panchayat members should be included among the members of the Council. But what I ask is; how are these people going to assist in the work of the Council. There may be some, of course, who may have something real to contribute, members of Municipal Councils, who may be doctors for example. But generally, such persons are not very useful in such Councils. It is the medical men who are the most competent to decide these matters. Along with them in the Council contemplated under the Medical Practitioners Bill, we may include midwives and nurses and have a comprehensive council. I think we must try to minimise the number and strength of such Councils to the minimum. I must not be understood to be finding fault with the Government for bringing up a separate Bill. My suggestion is that this Bill may be sent to the same select committee as is considering the Medical Practitioners Bill, because both Bills are allied. almost inseparably, as I said at the beginning. Medical practitioners cannot do away with nurses and midwives. We may well leave this integration if possible to the Select Committee.

At this stage, I do not want to make any observation on the provisions of the Bill. Moreover there are not very many provisions which are objectionable.

Shri K. Madhavan Unnithan: I oppose the views expressed by the preceding speakers advocating integration of the two bills. In the first place, the Medical Practitioners' Bill deals with medical practice as a whole, and the various systems of medical practice. The Midwives and Nurses Bill comes only under one of the systems. Therefore I feel that the two Bills cannot be integrated. Secondly the Medical Practitioners' Bill contemplates a Council with a large membership. In such a Council, the number of midwives and nurses would necessarily be comparatively small, and would not afford proper representation. In view of that also, it would not be advisable to integrate the two Bills. There is, of course, no objection to sending the two Bills to the same Select Committee.

Shri A. Thanu Pillai: I wish to say a word about this Bill. Practically all that I wanted to say has been said by one hon. Member or another here.

This Bill is one providing for the registration of nurses and midwives. The suggestion that was made here was that the council contemplated to be constituted under this Bill may well be the medical council under the Medical Practitioners Bill, because there is a good deal of common membership in both the councils. I also think that, after all, one council will do because this Bill

provides only for nurses and midwives under the Allopathic system. Now an objection was raised that the other Bill provides for other sets of practitioners also. But I do not think that makes for a great difficulty......

Shri E. P. Varghese : May I point out that the Homeopathic system may have a separate council.

Shri A. Thanu Pillai : Yes; for homeopathy, there might be a separate council. There is already in that Bill a proposal to have different council for Eastern Medicine. So that does not in any way militate against having a common council. Even though I do not want to dogmatize, that is an aspect of the matter that should receive the attention of the Select Committee. I also agree with Shri Varghese in thinking that the same Select Committee should deal with this Bill, because if, eventually they find that this Bill is not at all necessary and the necessary provisions may be incorporated in the other Bill, the same council functioning in respect of both the bills, they may do so. Let us not, at the outset provide against that contingency; if the Select Committee arrives at that conclusion, let them be free to do it. At any rate, the same Select Committee should consider the two Aills.

As for the composition of the council contemplated under the Medical Practitioners Bill' it consists of the Surgeon General and practitioners of medicines with experience; why not have also some nurses and midwives who are leading members in their line, with experience and great technical skill. I do not think there is anything militating against that idea.

One word about the point raised by the member for Shertallai. I think there is very great force in what she said. Here Clause 32 provides:

> "No person other than a nurse or midwife registered under this Act shall practise or hold himself out either directly or by implication as a practising nurse or midwife...."

That is a very wholesome provision, no doubt. But what are the conditions in the country today? We cannot forget that in this context. The Bill would penalise anybody who is not qualified to practise under the Bill. Are we in a position to do so? Can we penalise a woman without the necessary qualification who is practising some kind of midwifery in the rural parts of this State? I would most definitely welcome the suggestion that they should be prohibited to practise. But at the same time, we should consider whether we have provided enough midwives, so that we may so prohibit them. Until we have provided enough midwives throughout the state, how can we say that a woman who has been carrying on this kind of work, however unqualified and unskilled she may be, should be penalised? When I say this, let me not be understood to be standing up for any kind of quack professional practice. It is not that. We know as a matter of fact that there are in the village areas,

[Shri A. Thanu Pillai]

women of some experience who go about attending to delivery cases. Can they be penalised? It is a matter which must be viewed very seriously. My suggestion is that we should first see that enough nurses are provided throughout the State with as little delay as possible. There is no use legislating for a set of conditions which do not really exist. You want only qualified midwives to attend to delivery cases, but at the same time, you are not able to provide enough midwives. What is the proposal that the Government have in regard to this? I know that they are training some midwives now and then. But that does not solve the problem. The Government must have a definite scheme to provide the necessary number of midwives within a fixed period of time, say two or three years. I do not insist on the nurses to the same extent. But midwives must be made available. I do not know how many midwives would be necessary. I find the member in charge of the Bill had also nothing to say on that aspect of the question. He was dwelling at length on the undesirability of unqualified people attending to delivery cases. But what we expect him is to answer the questions how many midwives we want in the country; how many we have at present, how many more he proposes to produce during a stipulated time. Of course, if he should get conscious support for this provision, he must be able to tell us that he would see to it that adequate facilities are given to produce the necessary number of midwives. I do not know what is the duration of the course. I think it is three years. Some friends here say it is six months. If that is so, I do not know what they are going to pick up in six months' time. Even if we cannot have a full course, let us try to equip them with knowledge that is absolutely essential to their avocation. For example, I feel that a knowledge of physiology or anatomy and similar subjects may not be essential to them; but they should get training in some of the subjects most essential. What would be the minimum time required to give them that training? We cannot, of course, have perfection everywhere. In a case of necessity like this, we must be content with giving the minimum equipment necessary for practising the profession. Considering all these, how many midwives can you produce and in what time can you produce them. The hon. Minister must be able to say that. Otherwise he cannot be taken to be sincere or even honest. I am not saying that Mr. Madhavan is dishonest. What I am driving at is, that apart from this law, we must have enough midwives throughout the State and that in as short a time as possible. What is the provision he is going to make for that? With these words, I support the principles of this Bill, with this reservation, whether this Bill is necessary as an independent Bill, apart from the Medical Practitioners 'Bill, and even if this Bill is necessary, whether it is necessary to have a separate council for each of the two Bills.

ശ്രീ. ആർ. കേശവപിള്ള: സർ, ഈ ബില്ലിന്റെ രൂപത്തിൽ സാങ്കേതികമായ ചില വ്യത്യാസങ്ങൾ വരുത്തി ഇതു നിയമമാക്കേണ്ടതു

ആവശ്യമാണ്. ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലും ഈ ബില്ലും പ്രത്യേകം പ്രത്യേകം രണ്ടായിട്ടു വേണൊ, ഒന്നായിട്ടു പോരെയോ എന്നുള്ളതിനെ സംബന്ധിച്ചു ചില അഭിപ്രായങ്ങൾ ഇവിടെ പറഞ്ഞുകേൾക്കയുണ്ടായി. ഇതുരണ്ടും രണ്ടായിട്ടുതന്നെവേണമെന്നാണ് എന്റെ അഭിപ്രായം. മെഡിക്കൽ പ്രാക്ടീഷണേഴ്സ് എന്ന പേരുകൊണ്ടുതന്നെ അതു ഡാക്ടർമാരേയും വൈദ്യന്മാരേയും നിയന്ത്രിക്കുവാനുള്ളതാണെന്നു വ്യക്തമാണ്. നഴ്സിന്റെയും മിഡ്വൈഫുമാരുടെയും കാൎയ്യങ്ങൾ ഡാക്ടർമാരുടെ നിയന്ത്രണത്തിനുവേണ്ടിയുള്ള ബില്ലിൽ ഉൾപ്പെടുത്താവുന്നതല്ല. നഴ്സ്, മിഡ്വൈഫ് എന്നിവർ രോഗികളുടെ അടുത്തുനിന്ന് അവൎക്കുവേണ്ട പരിചരണങ്ങൾ നൽകേണ്ടവരാണ്. ആ നിലയിൽ ഡാക്ടർമാരുടേയും, നഴ്സ്, മിഡ്വൈഫ് എന്നിവരുടെയും തൊഴിലിനുതന്നെ വലിയ വ്യത്യാസമുണ്ട്. ആ വ്യത്യാസത്തെ അടിസ്ഥാനമാക്കിയാണ് ഇങ്ങനെ പ്രത്യേകിച്ചു ഒരു ബിൽ ആവശ്യമാണെന്നു ഞാൻ പറയുന്നതു്. സാങ്കേതികമായി നോക്കുന്നപക്ഷം ഈ ബില്ലുകളുടെ പ്രവൎത്തനവും രണ്ടുതരത്തിലാണ്. എന്നാൽ ഇതുരണ്ടും രണ്ടായിട്ടു നിൎമ്മിക്കുമ്പോൾ പണസംബന്ധമായ കൂടുതൽ ചെലവുവരുമെന്നു പറഞ്ഞു. പക്ഷേ, ആ കാൎയ്യംമാത്രം ഓൎത്തുകൊണ്ടു രണ്ടുംകൂടി ഒന്നാക്കണമെന്നു പറയുന്നതു യോഗ്യതയല്ല. ബഹുമാനപ്പെട്ട തുറവൂർ മെംബർ പറഞ്ഞതുപോലെ നഴ്സുമാൎക്കും മിഡ്വൈഫുമാൎക്കും ഒരു പ്രത്യേക പരീക്ഷായോഗ്യത നിശ്ചയിക്കേണ്ട ആവശ്യമുണ്ടെന്ന അഭിപ്രായം എനിക്കില്ല. മിഡ്വൈഫുമാരും നഴ്സുമാരുമായി ധാരാളംപേർ ഈ രാജ്യത്തുണ്ട്. ഇപ്പോഴുള്ളവൎക്കെല്ലാം പരിശീലനംകൊടുക്കത്തക്ക സൗകൎയ്യങ്ങളും നമ്മുടെ സ്റ്റേററിൽ കൂടുതലായുണ്ട്. അങ്ങിനെയിരിക്കേ നമ്മുടെ നാട്ടിലെ ഇന്നത്തെസ്ഥിതിക്ക്, നഴ്സുമാൎക്കും മിഡ്വൈഫുമാൎക്കും സേവനസാദ്ധ്യത വേണ്ടിടത്തോളം നൽകുവാൻ സന്ദർഭമില്ലാതിരിക്കുന്ന ഈ അവസരത്തിൽ ഇങ്ങനെയൊരു പ്രത്യേക പരീക്ഷായോഗ്യതകൂടിവച്ചു് അവരുടെ സംഖ്യ ക്ലിപ്തപ്പെടുത്തണമെന്ന് എനിക്കഭിപ്രായമില്ല. വളരെയധികം ജനസംഖ്യയുള്ള ഈ സ്റ്റേററിൽ എല്ലാഭാഗത്തും മിഡ്വൈഫുമാരുടെയും നെഴ്സുമാരുടെയും ആവശ്യമുണ്ട്. അതുകൊണ്ട് ഇപ്പോൾ നെഴ്സുമാരായും മിഡ്വൈഫുമാരായും ഇരിക്കുവാൻ കഴിവുള്ളവൎക്കെല്ലാം കൂടുതൽ പരിശീലനം നടത്തുന്നതിനുള്ള സൗകൎയ്യങ്ങൾ ചെയ്തുകൊടുക്കേണ്ടതു് ആവശ്യമാണ്. അല്ലാതെ അവൎക്കു പരീക്ഷയും മററും നിശ്ചയിച്ചു് അതിനൊരു തടസ്ഥമുണ്ടാക്കരുതു്. ഈ ബില്ലിനെസംബന്ധിച്ചു് എനിക്കു പറയുവാനുള്ള അഭിപ്രായങ്ങൾ തന്നെ മിക്ക ബഹുമാനപ്പെട്ട മെംബർമാരും ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതിൽ കൂടുതലായി ഒന്നും ഞാൻ പറയണമെന്ന് വിചാരിക്കുന്നില്ല. എന്റെ അഭിപ്രായത്തിൽ മുൻപറഞ്ഞ രണ്ടു ബില്ലുകളും പ്രത്യേകമായിട്ടുതന്നെ സ്വീകരിച്ചാൽ തെററില്ല. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, ഈ ബില്ലിന്റെ തത്വത്തെപ്പററിയും ഇതിന്റെ ദോഷവശങ്ങളെപ്പററിയും ഇവിടെ പല അംഗങ്ങളും പറയുകയുണ്ടായി. ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതു്:

> "It is expedient to provide for the registration and training of nurses and midwives in the State of Travancore—Cochin."

എന്നാണ്.

[ശ്രീ. എൻ. രാജഗോപാലൻനായർ]

ഈ ബില്ലിലെ എല്ലാ വകുപ്പുകളും പരിശോധിച്ചു നോക്കിയാൽ ഇതിന്റെ പ്രിയാമ്പിളിൽ പറഞ്ഞിരിക്കുന്ന ആവശ്യം നടത്തത്തക്കവണ്ണം വേണ്ട വകുപ്പുകൾ ഇതിൽ ഇല്ല എന്നു കാണാം. രജിസ്ട്രേഷനു വേണ്ടിയുള്ള വകുപ്പുണ്ടു്. നെഴ്സസ് ആന്റ് മിഡ്‌വൈഫ്സിനു് ട്രെയിനിംഗു നൽകുന്ന കാര്യത്തെപ്പററിയൊന്നും ഇതിൽ പറഞ്ഞിട്ടില്ല. അതിനു് ഒരു സ്കീം ഗവണ്മെന്റിനുള്ളതായിട്ടുപോലും ഇതിൽ പറയുന്നില്ലെന്നുള്ളതാണു് പരമാർത്ഥം. ഈ നിലയിൽ ഈ ബില്ലു പാസ്സാകുകയാണെങ്കിൽ ഉടനടി ഉണ്ടാകാവുന്ന ഒരു ഫലം രജിസ്ട്രേഷൻ ഫീസായിട്ടു കുറെ പണം ഗവണ്മെന്റിനു കിട്ടുമെന്നുള്ളതാണു്. ഒരു കൊല്ലം എന്നോ രണ്ടുകൊല്ലമെന്നോ ഗവണ്മെന്റു നിശ്ചയിക്കുന്ന കാലത്തേയ്ക്കു് മിഡ്‌വൈഫായിട്ടോ നെഴ്സ് ആയിട്ടോ ഇരിക്കുവാൻവേണ്ടി മെഡിക്കൽ പ്രാക്ടീഷണേഴ്സിന്റെ പക്കൽനിന്നു് "ഇത്ര കൊല്ലത്തെ പരിശീലനം സിദ്ധിച്ചിട്ടുണ്ടു്" എന്നൊരു സർട്ടിഫിക്കററുകൊണ്ടു വന്നാൽ അവരെ രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ കുറെ രജിസ്ട്രേഷൻ ഫീസു ഗവണ്മെന്റിനു കിട്ടുമെന്നുള്ളതല്ലാതെ മറെറന്തുപ്രയോജനമാണു് ഈ ബില്ലുകൊണ്ടുണ്ടാകുവാൻ പോകുന്നതെന്നു് എനിക്കു നിശ്ചയമില്ല. ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ പറഞ്ഞതുപോലെ ഗവണ്മെന്റു നിശ്ചയിക്കുന്ന ആ ഒന്നോ രണ്ടോ കൊല്ലക്കാലാവധി കഴിഞ്ഞാൽപിന്നെ ബാക്കിയുള്ള കാലത്തേയ്ക്കു നെഴ്സുമാരും മിഡ്‌വൈഫുമാരും എങ്ങിനെയാണു് ആവശ്യത്തിനുണ്ടാകുക എന്നുള്ളതിനെപ്പററിയൊന്നും ഇതിൽ സൂചിപ്പിച്ചിട്ടില്ല.

൧൭ അംഗങ്ങൾ മെഡിക്കൽ കൗൺസിലിൽ ഉണ്ടെങ്കിൽ കഷ്ടിച്ചു ൩ അംഗങ്ങൾ മാത്രമേ നെഴ്സുമാരിലും മിഡ്‌വൈഫുമാരിലുംനിന്നു് ഉണ്ടായിരിക്കുകയുള്ളു. മററുള്ള ഒന്നുരണ്ടു പേരെക്കൂടി ഗവണ്മെന്റുതന്നെ നെഴ്സുമാരിൽനിന്നോ മിഡ്‌വൈഫുമാരിൽനിന്നോ നാമിനേററു ചെയ്യും. ആ കൗൺസിലിലെ അംഗങ്ങളിൽ കൂടുതൽ ആളുകളും കാർപ്പറേഷനിലും മുനിസിപ്പാലിററിയിലുംനിന്നു തിരഞ്ഞെടുക്കപ്പെടുന്നവരാണു്. എന്നാൽ ഗവണ്മെന്റു നാമിനേററു ചെയ്യുന്നവരായിരിക്കും അതിൽ ഭൂരിപക്ഷം ആളുകളും. മിഡ്‌വൈഫുമാരേയും നെഴ്സുമാരെയും രജിസ്റ്റർ ചെയ്യുന്ന കാര്യം മാത്രമല്ലാതെ കൗൺസിൽ എന്നുള്ള നിലയ്ക്കു് അതൊരു ആട്ടോണമസ് ബാഡിയായിരിക്കണമെന്നുള്ള തത്വം ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഈ കൗൺസിലിന്റെ അധികാരപരിധിയെപ്പററി ചർച്ച ചെയ്യുമ്പോൾ ഈ കൗൺസിലിനുതന്നെ പ്രസിഡന്റിനെ നോമിനേററു ചെയ്യുവാൻ ഉള്ള അധികാരം വേണമെന്നു വ്യവസ്ഥ ഇതിൽ ഇല്ലെന്നുള്ളതോ പോകട്ടെ, പ്രത്യേകിച്ചും ഒരു അഞ്ചു കൊല്ലത്തെ കാലഅളവിനുള്ളിൽ ഒരു സ്ഥാനം ഒഴിവുവന്നാൽ വീണ്ടും തെരഞ്ഞെടുപ്പു് നടത്തുവാനുള്ള വകുപ്പും ഈ ബില്ലിലില്ല. കൂടാതെ ഈ കൗൺസിലിനോടും ഗവണ്മെന്റിനോടും ഉത്തരവാദിത്വമുള്ള രജിസ്ട്രാർമാരെ നിയമിക്കാനുള്ള ഒരു വകുപ്പും ഇതിലുണ്ടു്. ഒരു രജിസ്ട്രാരെ മാററണമെന്നുണ്ടെങ്കിൽ ഗവണ്മെന്റുവേണം ചെയ്യുവാൻ. പക്ഷെ രജിസ്ട്രാരുടെ പ്രവർത്തനം കൗൺസിലിന്റെ കീഴിലുമാണു്. ആ സ്ഥിതിക്കു് രജിസ്ട്രാരെ നിയന്ത്രിക്കുവാനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ പരി

ശോധിക്കുവാനുമുള്ള ചുമതല കൌൺസിലിനില്ല എന്നു വരുമ്പോൾ ആ കൌൺസിലിനെ ധിക്കരിച്ചുകൊണ്ടു രജിസ്ട്രാരുടെ പ്രവൎത്തനം മുന്നോട്ടു പോകും. ആ രീതിയിൽ രജിസ്ട്രാരുടെ പ്രവൎത്തനം മുന്നോട്ടുപോകുന്നതിനു സഹായകമായിട്ടുള്ള വകുപ്പുകളെ നിശ്ചയമായും എടുത്തുകളയേണ്ടതായിട്ടുണ്ടു്.

പിന്നെ ഓരോ പ്രദേശത്തേയും നേഴ്സിന്റെയും മിഡ്വൈഫിന്റെയും പ്രവൎത്തനങ്ങളെ പരിശോധിക്കുന്നതിനു് ഓരോ പ്രദേശത്തും സൂപ്രവൈസറെ നിയമിക്കുന്നതിനും സൂപ്രവൈസർമാരെയെല്ലാം സൂപ്രവൈസു് ചെയ്യുന്നതിനു് ഒരു കേന്ദ്രസൂപ്രവൈസറെ നിയമിക്കുന്നതിനും ഉള്ള വകുപ്പുകൾ ഇതിലുണ്ടു്. നമ്മുടെ രാജ്യത്തുള്ള നേഴ്സിന്റേയും മിഡ്വൈഫ്സിന്റെയും സ്ഥിതി മനസ്സിലാക്കുകയാണെങ്കിൽ, കൂടുതൽ വകുപ്പുകൾ ഉൾപ്പെടുത്തി രജിസ്ട്രാർമാരെയും സൂപ്രവൈസർമാരെയും നിയമിച്ചു് അവരെ നിയന്ത്രിക്കുന്നിടത്തോളം കാലം അതു് അവർക്കു് ഹാനികരമായേ വരികയുള്ളൂ. കാരണം ഇന്നു നമ്മുടെ നാട്ടിൽ നഴ്സുമാൎക്കും മിഡ്വൈഫുമാൎക്കും സാമൂഹ്യമദ്ധ്യത്തിൽ വളരെ താഴ്ന്ന ഒരു നിലയാണുള്ളതു്. മെഡിക്കൽ ഡിപ്പാർട്ടുമെന്റിലായാലും പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെന്റിലായാലും മറ്റേതുവകുപ്പിലായാലും സാമൂഹ്യമായി ഏററവും താഴ്ന്ന ഒരു പടിയിലാണു് അവരുടെ സ്ഥിതി. ബഹുമാനപ്പെട്ട തൂറവൂർ മെംബർ സൂചിപ്പിച്ചതുപോലെ ഒരു പെൺകുട്ടി സിനിമായിൽ ചേൎന്നാൽ സമൂഹം ഒരു താഴ്ന്ന നിലയാണു് ആ കുട്ടിക്കു കൊടുക്കുന്നതു്. അതേ രീതിയിലാണു് നേഴ്സായി പോകുന്ന സ്ത്രീയെ ഇന്നു സമൂഹം ഗണിക്കുന്നതു്. നേഴ്സിനും മിഡ്വൈഫിനും പലവിധ അസ്വാതന്ത്ര്യങ്ങൾ ഉണ്ടാകാറുണ്ടു്. അതിനുള്ള അവസരം വൎദ്ധിപ്പിക്കുവാനേ ഈ രജിസ്ട്രാരും സൂപ്രവൈസർമാരും അവരുടെ മുകളിലുള്ള കൌൺസിലും മററും ഉപകരിക്കുകയുള്ളൂ എന്നുള്ളതു നിഷ്പക്ഷമായി ചിന്തിക്കുകയാണെങ്കിൽ നമുക്കു ബോദ്ധ്യമാകും. അതുകൊണ്ടു് കൂടുതൽ നഴ്സുകളെ ട്രെയിൻ ചെയ്യിക്കുവാനുള്ള സ്കീം ഇല്ലാത്ത കാലത്തോളം ഈ രജിസ്ട്രേഷനുവേണ്ടി മാത്രം ഇങ്ങിനെ ഒരു ബിൽ കൊണ്ടുവരുന്നതുകൊണ്ടുള്ള പ്രയോജനം എന്താണു്? രജിസ്ട്രേഷൻ ഇല്ലാത്തതുകൊണ്ടു് പല നഴ്സുകളും മിഡ്വൈഫുകളും ചില കുഴപ്പങ്ങൾ കാണിക്കുന്നുണ്ടെന്നു് ഞാനും സമ്മതിക്കുന്നുണ്ടു്. ചില കമ്പൌണ്ടർമാർ ചികിത്സ നടത്തുന്നതുപോലെ പല മിഡ്വൈഫുകളും അനധികൃതമായി പ്രസവകാൎയ്യങ്ങളിൽ ഇടപെടുന്നുണ്ടു്. അതു വളരെ നിസ്സാരമായ കാൎയ്യമാണെന്നു ഞാൻ പറയുന്നില്ല. നമ്മുടെ നാട്ടിൽ ഇന്നു മിഡ്വൈഫുമാരും നഴ്സുകളും വളരെ ചുരുക്കമാണുള്ളതു്. ഇങ്ങനെ ഒരു രജിസ്ട്രേഷൻ വന്നുകഴിഞ്ഞാൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഇന്നു നിലവിലുള്ള വയററാട്ടിമാരുടെ സ്ഥിതി എന്താണു്? ഗ്രാമപ്രദേശങ്ങളിലുള്ള വയററാട്ടിമാരെ ആ പ്രവൃത്തിയിൽനിന്നു ഒഴിവാക്കിയാൽ പിന്നെ ഗ്രാമപ്രദേശങ്ങളിലെ ഗർഭിണികൾക്കു പ്രസവശുശ്രൂഷയ്ക്കുള്ള പോംവഴി എന്താണു്? അതിനുള്ള ഏർപ്പാടുകൾ ഒന്നും ചെയ്യാതെ രജിസ്ട്രേഷനുവേണ്ടി മാത്രമേ ഈ ബിൽ ഉപകരിക്കുകയുള്ളൂ എന്നുള്ള നിലയിൽ, ഇതു പാസാക്കി എടുക്കുവാൻ നിർബന്ധം പിടിക്കുന്നതിൽ യാതൊരു അൎത്ഥവും ഞാൻ കാണുന്നില്ല. കൂടുതൽ നേഴ്സുകളേയും മിഡ്വൈഫുമാരേയും എടുക്കുവാനും അവർ

[ശ്രീ. എൻ. രാജഗോപാലൻനായർ]

ഇന്ന അനുഭവിക്കുന്ന പ്രയാസങ്ങളെ തരണം ചെയ്യുവാനും സാമൂഹ്യമദ്ധ്യത്തിൽ അവക്ക ഇന്നുള്ള താഴ്ന്ന നില ഇല്ലാതാക്കുവാനും ഉള്ള വ്യവസ്ഥകഠം ഇല്ലാതെ എത്ര കൌൺസിൽ ഉണ്ടാക്കിയാലും അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകയില്ല. നമ്മുടെ നഴ്സുമാക്ക വിവാഹം കഴിക്കുവാനുള്ള സ്വാതന്ത്ര്യം ഇല്ലാത്തതുകൊണ്ട് വളരെ അധികം പരാതികഠം ഉണ്ടാകുന്നുണ്ട്. ഈ ബിൽ ഇതേപടി പാസാക്കിയാൽ അപ്രകാരമുള്ള പരാതികഠംക്ക കൂടുതൽ ചാൻസ് ഉണ്ടാകുന്നതാണ്. അതുകൊണ്ട് ഇതിൽ ആവശ്യമായ ഭേദഗതികഠം വരുത്തുന്നതിന ഈ ബിൽ സെലക്ററകമ്മിററിക്ക അയയ്ക്കണമെന്ന അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : സർ, ഈ ബില്ലിനെക്കുറിച്ചു ആദ്യം പ്രസംഗിച്ച പല ബഹുമാനപ്പെട്ട അംഗങ്ങളും സൂചിപ്പിച്ചതുപോലെ ഈ ബിൽ ഈ രീതിയിൽ, അല്ലെങ്കിൽ ഏതാനും ഭേദഗതികഠം ചേർത്ത് അംഗീകരിച്ചാൽതന്നെ, പ്രസവശുശ്രൂഷയെ സംബന്ധിച്ച പ്രവൃത്തിവ്യാപകമായ നിലയിൽ നടത്തുവാൻ കുറച്ചു പ്രയാസം നേരിടും. ഇതിനകത്തു പറഞ്ഞിട്ടുള്ള മിഡ്വൈഫിനെയും നേഴ്സുകളേയും ആശ്രയിക്കുന്നതു അലോപ്പതി സമ്പ്രദായം അനുസരിച്ച് മാത്രമാകാനാണ് ഇടയുള്ളതു്. ആയുർവ്വേദത്തിലാണെങ്കിൽ സൂതികർമ്മിണികളെ സംബന്ധിച്ച് ശാസ്ത്രീയമായ വേണ്ടത്ര ഇടപാടുകഠം ഉണ്ട്. ഇന്ന് ഒരു പക്ഷെ ആയുർവ്വേദത്തിലെ ആ ശാസ്ത്രഭാഗം അധഃപതിച്ചുകിടക്കുകയാണെങ്കിൽ തന്നെ, നമ്മുടെ ഗവണ്മെൻറ ആയുർവ്വേദത്തിന ഇന്ന് നൽകിവരുന്ന സഹായംമൂലം ആയുർവ്വേദത്തിന്റെ ആ സിദ്ധി അഭിവൃദ്ധിപ്പെടുവാൻ ഇടയുണ്ട്. ഇങ്ങിനെ നേഴ്സിനും മിഡ്വൈഫിനും ഒരു കൌൺസിൽ വരുമ്പോഠം ആയുർവ്വേദത്തിലുള്ള സൂതികർമ്മിണികളെ സംബന്ധിച്ച ശാസ്ത്രഭാഗത്തെ കൂടി കൊണ്ടുവരുവാൻ സാദ്ധ്യതകഠം ഇല്ലാതായിട്ടാണ് കാണുന്നതു്. അതും ഇതിൽ ഉഠംപ്പെടും എന്നുള്ളതിനെപ്പററി പ്രവചിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. സെക്ഷൻ ൨൦ അനുസരിച്ച് ക്വാളിഫൈഡായിട്ടുള്ള നേഴ്സ്, അല്ലെങ്കിൽ, മിഡ്വൈഫ് ഇവിടെ ഉണ്ടാകണം. അവക്ക മാത്രമേ ഈ പ്രവൃത്തി പാടുള്ളു എന്നു വന്നാൽ നാട്ടിൻപുറങ്ങളിൽ വളരെ വിഷമങ്ങഠം ഉണ്ടാകും. നാം ഒരു നിയമം ഉണ്ടാക്കുകയും അതിന എതിരായി ഒരു പ്രവൃത്തി നാട്ടിൽ നടക്കുകയും ചെയ്യാൽ അതു ഗൌനിക്കാതെ തരമില്ല. ഏതെങ്കിലും നിലയിൽ നാട്ടിൽ ഉള്ള ഗർഭിണികളെയെല്ലാം ആരെങ്കിലും കൊന്നുകൊള്ളട്ടെ എന്നുള്ള മനോഭാവത്തോടു കൂടിയല്ല ഞാൻ ഇതു പറയുന്നതു്. നാട്ടിൻപുറങ്ങളിൽ സാധാരണ ഗർഭശുശ്രൂഷ ഇന്നു കുറെയൊക്കെ അപകടമുണ്ടാക്കുന്നുണ്ടെങ്കിലും അതു വയററാട്ടികഠം മൂലമല്ല, നേരേ മറിച്ച് വേണ്ടത്ര വയററാട്ടികളെ കിട്ടാത്തതുകൊണ്ടാണെന്നുകൂടി ഓർമ്മിക്കണം. ശാസ്ത്രീയശിക്ഷണം ലഭിക്കാത്ത പതിച്ചികളാണ് അതു് നോക്കുന്നതു് എന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ അശിക്ഷിതരായ വൃദ്ധകളെ ഇതിൽനിന്നു വിലക്കാമെന്നുവന്നാൽ സാധാരണയായി നാട്ടിൻപുറങ്ങളിൽ ഗർഭിണികഠംക്ക ഇന്നു കിട്ടുന്ന പ്രസവശുശ്രൂഷ കൂടി കിട്ടുകയില്ല എന്നുള്ളതാണ് ഉണ്ടാകുക. തിരുവ

ന്തപുരം മെംബർ പറഞ്ഞതുപോലെ നാട്ടിൻപുറങ്ങളിലെല്ലാം സുശിക്ഷിതരായ മിഡ്‌വൈഫുകളെ കൊടുക്കാൻ നമുക്കു കഴിവുണ്ടോ? ക്വാളിഫൈഡായിട്ടുള്ള നഴ്സുകളേയും മിഡ്‌വൈഫുകളേയും ധാരാളം കിട്ടുവാൻ നമുക്കു കഴിവുണ്ടോ എന്നു നോക്കിയാൽ അതിനു ഒരു സ്കീം ഉണ്ടാക്കുവാൻ ഉപകരിക്കുന്ന ഒരു വകുപ്പും ഇതിൽ കാണുന്നില്ല. ഏതാനും നേഴ്സുകളേയും മിഡ്‌വൈഫുകളേയും പരിശീലനത്തിനു എടുക്കുന്നുണ്ട് എന്നുള്ളതിനെ അവഗണിച്ചല്ല ഞാൻ ഇതു പറയുന്നതു്. അങ്ങിനെ ഏതാനും മിഡ്‌വൈഫുകളേയും നേഴ്സുകളേയും പരിശീലനത്തിനു എടുത്തിട്ടുണ്ടെങ്കിൽ അവരിൽ എത്രപേർക്കു് സ്റ്റൈപ്പൻറ കൊടുത്തിട്ടുണ്ടു്. ബഹുമാനപ്പെട്ട തുറവൂർ മെംബർ പറഞ്ഞതുപോലെ ഈ ജോലിക്കു ഇറങ്ങുന്ന സ്ത്രീകൾക്കു സാമൂഹ്യമദ്ധ്യത്തിൽ ധാരാളം അപഖ്യാതി ഉണ്ടു്. ഇന്നു ഈ പരിശീലനത്തിനു എടുക്കുന്നവക്കു വേണ്ടത്ര പ്രോത്സാഹനം ഗവണ്മെൻറ കൊടുക്കുന്നില്ല. അന്തസ്സും പണവും ഉള്ള ആളുകൾ ഈ പരിശീലനത്തിനു പ്രായേണ വരികയില്ല. സാധാരണ പണമില്ലാത്ത യുവതികളാണു് ഈ പരിശീലനത്തിനു വരുന്നതു് ഇന്നത്തെ നിലയ്ക്കു സാധുക്കൾ ഈ പരിശീലനത്തിനു വന്നാൽ ആശുപത്രിയിൽ താമസിച്ചു് മൂന്നു കൊല്ലക്കാലം മാസം ൧൦൦ രൂപയും മററും ചിലവാക്കി ട്രെയിനിംഗ് കഴിക്കുവാൻ സാദ്ധ്യമല്ല. - ഇന്നു ഈ അപമാനം അവഗണിച്ചു ട്രയിനിംഗിനു തയ്യാറാകുന്ന നേഴ്സിനും മിഡ്‌വൈഫിനും വേണ്ടത്ര ആനുകൂല്യം കൊടുക്കുവാൻ ഗവണ്മെൻറ തയ്യാറാകുന്നില്ല. അവക്കു വേണ്ട ആനുകൂല്യം ചെയ്തുകൊടുക്കുവാൻ ഗവണ്മെൻറ തയ്യാറാകാത്ത കാലത്തോളം ഈ ബിൽ അപകടമാണു്. ഇക്കൊല്ലംതന്നെ വളരെ അധികം ആളുകളെ ട്രെയിനിംഗിനു എടുത്തിട്ടുണ്ടു്. അതിൽ കുറേ ആളുകൾക്കു് സ്റ്റൈപ്പൻറ അനുവദിച്ചിട്ടുണ്ടു്. സ്റ്റൈപ്പൻറ ആക്കാണു് കൊടുത്തിട്ടുള്ളതെന്നു് ഞാൻ പറയുന്നില്ല ആപേക്ഷികമായ സാമ്പത്തികശേഷി വദ്ധിച്ച ചില ആളുകൾക്കു സ്റ്റൈപ്പൻറ കൊടുത്തിട്ടുണ്ടു്. മൊത്തത്തിൽ നാം ഏററവും വളരെ ദൈവീകമെന്നോ, പാവനമെന്നോ പറയുന്ന കായ്യങ്ങൾക്കുവേണ്ടിയാണു് ഇതൊക്കെ ചെയ്യുന്നതു്. അത്രമാത്രം പ്രാധാന്യമുള്ള ഒരു കായ്യത്തിനുവേണ്ടി ചെയ്യുന്ന പ്രവൃത്തിയാണു് ഇതു്. തീച്ചയായും ട്രെയിനിംഗിനു ശരിയായ സ്റ്റൈപ്പൻറ കൊടുക്കുകയാണു് വേണ്ടതു്. ഇന്നത്തേതിലും വളരെയേറെ ആളുകൾക്കു് ട്രെയിനിംഗ് കൊടുക്കണം ഇവിടെ ക്വാളിഫൈഡായിട്ടുള്ള നേഴ്സുകൾക്കും മിഡ്‌വൈഫുകൾക്കും മാത്രമേ പ്രസവശുശ്രൂഷ ചെയ്യുവാൻ അവകാശമുള്ളു എന്നു വയ്ക്കുകയാണെങ്കിൽ ആകപ്പാടെ രാജ്യത്തു് ഒരു പ്രസവസ്തംഭനം തന്നെ ഉണ്ടാകുവാൻ ഇടയുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഒരുപക്ഷെ സന്താനനിയന്ത്രണം അതിൻെറ ഫലമായി ഉണ്ടായേക്കാം. തീച്ചയായും ഇന്നത്തെ നില നമുക്കു മാററണം. അശിക്ഷിതരായ പതിച്ചികളും വയററാട്ടികളും മാത്രം നമ്മുടെ ഗർഭിണികളുടെ ഭാഗധേയം നിണ്ണയിച്ചുകൊള്ളണം എന്നു മക്കടമുഷ്ടി പിടിക്കുകയല്ല ഞാൻ. ആയുവ്വേദത്തിനും, സിദ്ധത്തിനും, ഹോമിയോപ്പതിക്കും, യൂനാനിക്കും പ്രത്യേകം പ്രത്യേകം സൂതികമ്മിണി വ്യവസ്ഥകൾ ഉണ്ടായിരിക്കണമെന്നു് ഞാൻ കരുതുന്നു. ഏതെല്ലാം വൈദ്യസമ്പ്രദായമുണ്ടോ ആ വൈദ്യസമ്പ്രദായങ്ങളുടെ കീഴിൽ സൂതികമ്മിണികളെ ഉണ്ടാക്കുവാനുള്ള അവകാശം കൊടുക്കണം. അങ്ങനെ കാലക്രമത്തിൽ വേണ്ടത്ര ക്വാളിഫൈഡായ മിഡ്‌വൈഫുകൾ ഉണ്ടായി

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ,]

കഴിയുമ്പോൾ അഞ്ചോ പത്തോ കൊല്ലത്തിനുശേഷം നമ്മുടെ ഈ രാജ്യത്തുണ്ടാകുന്ന ജനപ്രതിനിധിസഭ ഇതിനെപ്പററി ആലോചിക്കുന്നതും വളരെ കാര്യമായ തീരുമാനമെടുക്കുന്നതുമായിരിക്കും. മൊത്തത്തിൽ പറഞ്ഞാൽ ഈ മാതിരി അസൌകര്യങ്ങളെ പരിഗണിച്ചാൽ ഈ മാതിരി ഒരു പ്രത്യേക നിയമം നാം ഉണ്ടാക്കേണ്ട ആവശ്യമില്ല എന്ന പക്ഷമാണു് എനിക്കുള്ളതു്. അതുപോലെ മെഡിക്കൽ കൌൺസിലുകൾക്കു് അതാതു വൈദ്യസമ്പ്രദായത്തിൽകൂടി അതാതു സമ്പ്രദായത്തിന്റെ ശാസ്ത്രീയവീക്ഷണം അനുസരിച്ചു് സൂതികർമ്മിണികളേയും നഴ്സുകളേയും കൂടുതലായി വർദ്ധിപ്പിക്കുവാനുള്ള പരിപാടികൾ നിയമത്തിൽ ഉൾപ്പെടുത്തുവാനാണു് നാം ശ്രമിക്കേണ്ടതു്.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻനായർ: ഹോമിയോപ്പതിയിലും, യൂനാനിയിലും നേഴ്സുമാരുണ്ടോ?

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ആയുർവ്വേദത്തിലുണ്ടു് എന്നു എനിക്കറിയാം. ഹോമിയോപ്പതിയിലും യൂനാനിയിലും ഉണ്ടോ എന്നു അറിയുകയില്ല.

മറെറാരു സംഗതി എനിക്കു പറയുവാനുള്ളതു് പബ്ലിക്ക് ഹെൽത്തു യൂണിററുകളെപ്പററിയാണു്. പബ്ലിക്ക് ഹെൽത്തു യൂണിററുകൾ മൂന്നുനാലു സ്ഥലങ്ങളിൽ ഉണ്ടു്. പ്രസവത്തെ സംബന്ധിച്ചു ശുശ്രൂഷ വേണ്ടതു പത്താമത്തെ മാസത്തിൽ കുട്ടി ജന്മമെടുക്കുന്ന സമയത്തു മാത്രമാണു് എന്ന ധാരണ നാം വെടിയണം. പ്രസവകാലത്തിനുമുണ്ടു് അനുഷ്ഠിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും ഗർഭകാലചര്യകളെ സംബന്ധിച്ചും നമ്മുടെ സ്ത്രീകൾക്കു വേണ്ട പരിശീലനം കൊടുക്കണം. അതിനുപകരം തിടുക്കത്തിൽ ഈ നിയമം എൻഫോഴ്സ് ചെയ്തതുകൊണ്ടു മാത്രമാകയില്ല. സെലക്ടുകമ്മററി ഈ കാര്യങ്ങളെപ്പററി ആണു് പ്രധാനമായി ആലോചിക്കേണ്ടതു് എന്നു എനിക്കു അഭിപ്രായമുണ്ടു്.

The House rose for lunch at 1 p. m. and reassembled at 2 p.m with Mr. Speaker in the Chair.

[2 P. M.]

ஸ்ரீ. கணபதி: ஸார், இந்த பில்லின் மூன்றாவது கிளாஸை எடுத்துக்கொண்டால் சாதாரண ஏழை ஜனங்கள் தான் இதனால் பாதிக்கப்படுகிறார்கள் என்பது தெளிவாகும். எப்படியென்றால், உதாரணமாக கிராமப் பிரதேசங்களிலோ அல்லது மலைப் பிரதேசங்களிலோ, டாக்டர்களையோ அல்லது நர்ஸ்களையோ எதிர்பார்க்கமுடியாது. அந்தப் பிரதேசங்களில் பொதுவாக ஒவ்வொரு கிராமத்திலும் சிகிச்சை செய்துகொண்டு வருகிற சிலர் உண்டு. மலைப்பிரதேசங்களில் உள்ளவர்களுக்கு, டாக்டர்கள் இல்லாத இடங்களில், மேற்சொன்ன சிகிச்சை செய்பவர்களுக்கு சர்க்கார் அங்கீகாரம் கொடுக்கப் போகிறதாக சில பேப்பர்களிலும் புஸ்தகங்களிலும் வந்திருந்தது. ஆனால் இந்த பில்லை எடுத்துப் பார்த்தால் சர்க்கார் அதிகாரம்

பெற்ற டாக்டர்களையோ, நர்ஸ்களையோ தவிர மற்றுள்ளவர்கள் யாருக்கும் சிகிச்சை செய்யமுடியாது; செய்யவும் கூடாது. பொதுவாக, எனக்கு முன்பேசிய தோழர்கள் சொன்னதுபோல் பிரசவம் போன்ற காரியங்களில் ஏழை பாமர ஜனங்களுக்கு சர்க்கார் டாக்டர்களையோ, நர்ஸ்களையோ எதிர்பார்க்க முடியாது. அப்படியே அவர்கள் எதிர்பார்த்தாலும்கூட அவர்களுக்கு அவசியமான ரூபாய் கொடுக்க முடியாது. டாக்டர்களோ, நர்ஸ்களோ ரூபாய் வாங்கக் கூடாது என்று சட்டமிருந்தபோதிலும் கூட அவர்களுக்கு கார் போன்ற வாகன சௌகரியங்கள் செய்து கொடுக்காவிட்டால் அவர்களால் வரமுடியாது. ஆனால் சமூகவாழ்க்கைக்குரிய வசதிகள் குறைவான காட்டுப் பிரதேசங்களில், அந்த நாட்டு மக்களால் அங்கீகரிக்கப்பட்ட சிலர் அந்தப் பிரதேசத்திலுள்ள மக்களின் ஆதரவைப் பெற்று, சர்க்கார் டாக்டர்களைவிட, மற்றுமுள்ள நாட்டு வைத்தியர்களைவிட, ஆயுர்வேத வைத்தியர்களைவிட இவர்களால் நல்ல முறையில் சிகிச்சை செய்துவருகிறார்கள். மலைப்பிரதேசங்களில் கரடி, புலி முதலிய மிருகங்கள் மலைவாசிகளை அடித்துக் காயப்படுத்துவதுண்டு. அப்போது உடனே அங்குள்ள வைத்தியர்கள் சில பச்சிலைகளை கொண்டு வந்து அந்தக் காயத்தைக் குணப்படுத்துகிறார்கள். அவ்விதம் சர்க்கார் அதிகாரம் பெற்ற பெரிய பெரிய டாக்டர்களையும், மெடிக்கல் காலேஜில் படித்துப் பாசானவர்களையும்விட நல்ல முறையில் சிகிச்சைகள் செய்து அங்குள்ள பல ஏழை மக்களை காப்பாற்றியதுண்டு. அப்பேர்பட்டவர்களுக்கு, இந்தச் சட்டம் பாசாகினால் நான் மேற்சொன்னமாதிரி சிகிச்சை செய்ய முடியாதபடி, வீடு வீடாய் சென்று சிகிச்சை செய்யாதபடி தடை ஏற்படும் என்று நிச்சயமாகக் கூறலாம். அதுவுமன்றி அதிகாரம் பெற்றிருக்கிற நர்ஸ்கள் அனேகமாக பெரும்பாலுமுள்ள நர்ஸ்களைவிட பிரசவக் கேஸ்களுக்குச் சென்று பழகியவர்கள் இக்கிராமப் பிரதேசங்களிலுண்டு. 40 வயதுக்கு மேற்கொண்ட பெண்மணிகள் தான் இந்த சேவைகளெல்லாம் செய்வது வழக்கம். அவர்களுக்கு இரண்டும் ஐந்தும் ரூபாய் மாத்திரம் கொடுத்தால் போதும். வாங்கிகொள்வார்கள். அதுவுமில்லாவிட்டால் இனமாக, மற்ற சர்க்கார் டாக்டர்களைவிட கருணையுடன் கவனிக்கக் கூடியவர்கள் இருக்கிறார்கள். தோட்டப் பிரதேசங்களை எடுத்துக்கொண்டால் ஆஸ்பத்திரி டாக்டர்களைவிடக் கூடுதல் அபிமானமுடனும் அன்புடனும் இப்படிப்பட்ட சேவைகள் செய்யப்படுவார்களாவார்கள் இவர்கள். சாதாரண தொழிலாளிகளுக்கும் சாதாரண மக்களுக்கும், இவர்களிடம் அபிமானமும் அன்புமுண்டு. ஏனென்று கேட்டால் அவர்கள் பல தடவைகள் மற்றவர்களை விட அன்போடும் ஆதரவோடும் அந்தக் கேஸ்களை சிகிச்சை செய்து நல்ல முறையில் செய்வது தான் காரணம். அடுத்தபடியாக இன்று மட்டுமல்ல, இந்தமாதிரி பழக்க வழக்கங்கள் நமது தேசத்தில் நடைபெற்று வருகிறது. கடந்த பல நூற்றாண்டுகளாகவே இந்தமாதிரி பழக்கவழக்கங்கள் நமது தேசத்தில் உண்டு. இன்று இங்கு அதிகாரம் பெற்ற டாக்டர்களும் மற்றுமுள்ள மெடிகல் ஆபீசர்களும் நமது ராஜ்யத்தில் ஏற்படுவதற்கு முன்னாலே

[ஸ்ரீ. கணபதி.]

நான் மேற்சொன்னபடியுள்ள வைத்தியம் செய்பவர்களும் உண்டு. பண்டைக்கால அரசாங்கங்கள் கூட அல்லது அரசாங்கத்தைச் சார்ந்தவர்கள்கூட இவர்களுக்கு நல்ல மதிப்பும் கொடுத்து இவர்களுடைய சேவைகளையும் எதிர்பார்த்ததுண்டு. அடுத்தபடியாக இவர்களைப் போல் சாதாரணமாக எந்தப் பிரதேசத்திலானாலும் சரி ஐந்தும் பத்தும் மைல்கள் சென்று சேவை செய்யக்கூடியதொரு எண்ணம் மற்றெந்த உயர்தர வகுப்பாருக்கும் கிடையாது. அதுவும் இன்று சாதாரண ஜனங்களுக்கு உதவி செய்ய மற்று உயர்தர வகுப்பாரை எடுத்துக்கொண்டால் 90% உயர்தர வகுப்பார், உத்தியோகஸ்தர்களைப் போன்றவர்கள் வசிக்கக்கூடிய நகரங்கள், பட்டணங்கள், எடுத்துக்கொண்டால் அங்குள்ளவர்கள் டாக்டர்களையும் நர்ஸ்களையும் எதிர்பார்ப்பார்கள். இதற்கு நேர்மாறாக மற்ற பாகங்களை நாம் பார்ப்போமேயானால் மலைப்பிரதேசத்திலும், கிராமப்பிரதேசத்திலும் உள்ளவர்க்கு டாக்டர்களையும், நர்ஸ்களையும் பற்றி ஒன்றுமே தெரியாது. அடுத்தபடியாக, இனமாக அவர்கள் பக்கத்திலுள்ள ஆஸ்பத்திரிகளுக்குப் போகவேண்டுமானால் அதற்குத் தகுந்த வசதிகளை நம் சர்க்கார் உண்டுபண்ணி கொடுத்தது கிடையாது. ஒவ்வொரு நோயாளியையும் பக்கத்து ஆஸ்பத்திரிகளுக்குக் கொண்டுபோகத் தகுந்தபடி ஆயிரக்கணக்கில் ஆம்புலன்ஸ்கள் நிறுவினாலும் அதற்கு செலவு செய்வது நியாயமே. இப்போதைய நிலையில், நூற்றுக்கணக்கான டாக்டர்களும் நர்ஸ்களும் கூட இல்லாதிருக்கும்போது, அப்படி நியமித்தால்கூட இவர்கள் அந்தந்தப் பிரதேசத்திலுள்ள மக்களுக்கு சிகிச்சை செய்ய முன் வரமாட்டார்கள். சின்ன சின்ன சிகிச்சைகள் செய்வதற்கு அந்தந்தப் பிரதேசவாசிகளுக்கு உரிமை அளிக்கவேண்டும். இந்த 20-ம் கிளாஸ் பிரகாரம் சர்க்கார் அங்கீகாரம் பெற்ற டாக்டர்களுக்கும் நர்ஸ்களுக்கும் தான் முக்யத்வம் கொடுக்கப்பட்டிருக்கிறது. ஆயுர்வேத வைத்தியர்களுக்கு அங்கீகாரம் கொடுப்பதுபோல் பிரஸவ கேஸ் போன்ற பெரிய கேஸ்கள், அல்லது தலைவலி, மண்டைவலி, போன்ற சின்னச் சின்ன வைத்தியங்கள் செய்வதற்காவது அந்தந்தப் பிரதேசங்களிலுள்ள, அங்குள்ள மக்களின் ஆதரவைப் பெற்றிருக்கும், இவர்களுக்கு இந்த சட்டத்தில் அங்கீகாரம் கொடுக்கப்படவேண்டும். எப்படி என்று கேட்டால் நமது கிராமப்பிரதேசத்திலுள்ள தலையாரி போன்றவர்களுக்கு அதுவுமின்றி அங்குள்ள மக்களின் ஆதரவைப் பெற்று சட்டசபை மெம்பர்களின் அல்லது பஞ்சாயத்து சபை மெம்பர்களின், அல்லது அங்குள்ள முக்கியஸ்தர்களின், சிபார்சுபடி சர்க்கார் இவர்களுக்கும் அங்கீகாரம் அளிக்கவேண்டுமென்று நான் உங்களிடம் கேட்டுக்கொள்கிறேன். இந்தமாதிரிப்பட்ட கேஸ்கள் அநேக இடங்களில் சாதாரணமாக வருவதுண்டு. இன்று மறையூர் போன்ற சில இடங்களில் உள்ள சர்க்கார் ஆஸ்பத்திரிகளில் டாக்டர்கள் கிடையாது. அங்கு மலேரியா போன்ற காய்ச்சல்களால் பீடிக்கப்பட்டு ஏழைகளான மலைவாசிகள் என்று சொல்லக்கூடிய ஹரிஜ

னங்கள் முன்னேற்றமடைய முடியாதவர்களாய், முன்னேற்றம் அடைந்தவர்கள் என்று சொல்ல முடியாதவர்களாய் இருக்கிறார்கள். பச்சிலைகளைவைத்து சிகிச்சை செய்வது, நான் நேரில் கண்ட உண்மை. இப்படிப்பட்டவர்களுக்கு எந்த விதத் தடங்கலும் செய்யக் கூடாது. இதை தகுந்த முறையில் செலக்ட் கமிட்டிக்கு அனுப்பிப் பரிசீலனை செய்யவேண்டுமென்று மீண்டும் ஒரு முறை கேட்டு கொண்டு எனது சிற்றுரையை முடித்துக்கொள்கிறேன்.

ഡാക്ടർ എൻ. എസ്. പിള്ള : സർ, ഈ സഭയുടെ മുൻപാകെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെ പിൻതാങ്ങാൻ എനിക്കു വളരെ സന്തോഷമുണ്ടു്. ഈ ബില്ലിനെപ്പററി ഒന്നും പറയണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്നാൽ പത്മനാഭപുരം മെംബറും, കല്ലൂപ്പാറ മെംബറും ഈ നഴ്സിൻെറ കാര്യം പറയാൻ കാണിച്ച സന്തോഷാധിക്യം കണ്ടു് ഈ കാര്യം അവർക്കുതന്നെ വിട്ടുകൊടുക്കാമെന്നു ഞാൻ വിചാരിച്ചു. എന്നാൽ ഇവരുടെ സ്നേഹം നഴ്സുകളെ അപകടത്തിൽ ആക്കുകയില്ലയൊ എന്നു സംശയിക്കുന്നു. രോഗികളെ ശുശ്രൂഷിക്കാനാണു് നാം ഈ നഴ്സസ്സിനെ നിയോഗിക്കുന്നതു്. പ്രസവവേദന യനുഭവിച്ചിട്ടുള്ളയാളുകൾ ഈ സഭയിലുണ്ടെന്നു എനിക്കു തോന്നുന്നില്ല. ബ്രിട്ടീഷു പാർലമെൻറിലെ ഒരു മെംബർ മൂന്നു പ്രാവശ്യം കൺസീവു് ചെയ്തതായി കേട്ടിട്ടുണ്ടു്. നല്ല ചുണയുള്ള നഴ്സുകൾ ഉണ്ടെങ്കിലേ നല്ല ഡാക്ടരന്മാരെ പ്രസവിക്കാൻ സാധിക്കൂ. പ്രസവം വളരെ മുൻകരുതലോടുകൂടി ചെയ്യേണ്ട കാര്യമാണു്. എന്നാൽ ആരും അതു ചെയ്യുന്നില്ല.

ശ്രീ. കെ. കെ. അയ്യപ്പൻ : നഴ്സുകളാണോ പ്രസവിപ്പിക്കുന്നതു് ?

ഡാക്ടർ എൻ. എസ്. പിള്ള : തന്നത്താനെയാണു് പ്രസവിക്കുന്നതു്. ആരു പ്രസവിച്ചാലും ശരി, നല്ല കുട്ടികൾ ഈ നാട്ടിൽ ഉണ്ടാകണമെന്നു എനിക്കു് ഒരു നിർബ്ബന്ധമുണ്ടു്. ഇവിടെ അവിശ്വാസ പ്രമേയം പാസ്സായില്ലെങ്കിലും ഈ കാര്യത്തിലുള്ള വിശ്വാസം എനിക്കു തീരെ കുറഞ്ഞിട്ടില്ല. പ്രസവവും വേണ്ടാ ഒന്നുംവേണ്ടാ എന്നു പറഞ്ഞുകൊണ്ടിരുന്ന ആളുകളെല്ലാം ഇന്നു പ്രസവം തുടങ്ങിയിരിക്കുകയാണു്. ഒന്നോ രണ്ടോ പ്രസവിക്കാൻ അവർക്കു സന്തോഷം കാണും. ഭാവി തലമുറമുഴുവനും ഇന്നത്തെ സ്ത്രീകൾ പ്രസവിച്ചുണ്ടാകാനുള്ളതാണു്.

തീർച്ചയായും ചിലപ്പോൾ ഡാക്ടറുടേയും നഴ്സിൻേറയും ആവശ്യമുണ്ടാകും. പ്രസവകാര്യത്തിൽ ഡാക്ടർമാരുടേയും നഴ്സുകളുടേയും ജോലി പ്രത്യേകമാണു്. അതുകൊണ്ടു് വളരെ പരിചയമുള്ള നഴ്സുകൾ അത്യാവശ്യമാണു്. അതിനാൽ നഴ്സുകൾക്കു് പ്രത്യേകം ഒരു കൗൺസിൽ ആവശ്യമുണ്ടു്. അതിൽ കുറെ ഡാക്ടറന്മാരെക്കൂടി ചേർക്കുന്നതിൽ വിരോധമില്ല. എന്നാൽ മെഡിക്കൽ പ്രാക്ടിഷണേഴ്സ് ആക്ററിൻെറ പരിധിയിൽ നഴ്സുകളെ ഉൾപ്പെടുത്താൻ പാടില്ല.

എസ്റ്റേററുകളിൽ ധാരാളം തൊഴിലാളികളുണ്ടു്. അവിടെ നടക്കുന്ന പ്രസവങ്ങൾ വാസ്തവത്തിൽ നാൽക്കാലി മൃഗങ്ങൾ നടത്തുന്ന

[ഡാക്ടർ എൻ. എസ്. പിള്ള.]

പ്രസവത്തെക്കാൾ വളരെ കഷ്ടത്തിലാണ്. അത് പറയുന്നതോ കേൾക്കുന്നതോ മന്ത്രിമാർക്കോ ഗവൺമെൻറിനോ ഇഷ്ടമില്ലാത്ത കാര്യങ്ങളായിരിക്കും. നഴ്സുകളെപ്പററി പറയുകയാണെങ്കിൽ പല കൊള്ളരുതാത്ത കാര്യങ്ങളും അവർ നടത്തുന്നുണ്ട്. പക്ഷെ, അത് നെസ്സസ്സറി ഈവിൾസ് ആണ്. പാടവവും ശുഷ്കാന്തിയുമുള്ള നഴ്സുകൾ ഉണ്ടാകേണ്ട ചുമതല ഈ കൗൺസിലിന് ഉണ്ടായിരിക്കണം. അതിൽ വല്ല ശ്രദ്ധക്കുറവുണ്ടായാൽ ഭാവിതലമുറയോടു സമാധാനം പറയേണ്ടിവരും. ഇന്ന് നമ്മുടെ രാജ്യത്ത് ആവശ്യമുള്ളത്ര നഴ്സുകൾ ഒരു ഭാഗത്തുമില്ല. അതുകൊണ്ട് വളരെ വൈഷമ്യങ്ങൾ ജനങ്ങൾക്കുണ്ട്. ആ ഒരു നില വന്നതു ഇന്നു അധികാരത്തിലിരിക്കുന്ന ഗവൺമെൻറിൻെറ കുററംകൊണ്ടാണ്. തുറവൂർ മെംബർ ആയ എൻെറ സഹോദരി പറയുകയുണ്ടായി നാട്ടിൻെറ നാനാഭാഗങ്ങളിലും നഴ്സുകൾ ആവശ്യത്തിന് ഇല്ലാതിരിക്കകൊണ്ട് ആളുകൾ വിഷമിക്കുന്നുണ്ടെന്ന്. പ്രസവം നടക്കുന്ന അവസരത്തിൽ ഒരു നഴ്സുണ്ടായിരിക്കുന്നതു് വളരെ നല്ലതും അത്യാവശ്യവുമായ ഒരു കാര്യമാണ്. ഇന്ന് നാട്ടിൻപുറങ്ങളിലുള്ള വയററാട്ടികളുടെ പ്രവൃത്തികൾ വളരെ മോശമായ നിലയിലാണ്. നാട്ടിൻപുറങ്ങളിൽ പ്രസവവേദനയനുഭവിക്കുന്ന സ്ത്രീകളെ വയററാട്ടികൾ ശുശ്രൂഷിക്കുന്നതു് എങ്ങനെയാണെന്ന് നിങ്ങളിൽ പലക്കും അറിവില്ലായിരിക്കും. എന്നാൽ ഭാഗ്യംകൊണ്ടോ ദുർഭാഗ്യംകൊണ്ടോ അതറിയുന്നതിനും കാണുന്നതിനും എനിക്ക് ഇടയായിട്ടുണ്ട്. പരിചയമില്ലാത്ത സ്ത്രീകളുമായി യോജിച്ച് ഒരു പ്രസവക്കേസ് അററൻറ് ചെയ്യുക എന്നുള്ളതു് ഏററവും വലുതായ ഒരു കഷ്ടതയാണ്. അവരുമായി യോജിച്ച് അററൻറ് ചെയ്യുന്നതു് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് അനുസരിച്ച് കുററകരവുമാണ്. ഗർഭപാത്രത്തിൻെറ ശക്തിക്കുറവുകൊണ്ട് ചിലപ്പോൾ പ്രസവത്തിന് താമസമുണ്ടാകാം. പത്തുമാസം തികഞ്ഞിരിക്കുന്ന അങ്ങനെയുള്ള സ്ത്രീകളെ പ്രസവവേദനയുണ്ടാകുന്നതിനുവേണ്ടി പിടിച്ചുകുലുക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അടുത്തതായി ചിലപ്പോൾ തവിക്കണ കൊണ്ടുവരാൻ പറയുന്നതും ഞാൻ കേട്ടിട്ടുണ്ട്. വല്ല ചാമ്പലിലോ മറേറാ കിടക്കുന്ന തവിക്കണ ഈ പതിച്ചികളുടെ വൃത്തിഹീനമായ വസ്ത്രംകൊണ്ടു തുടച്ച് പ്രസവവേദനയനുഭവിക്കുന്ന സ്ത്രീയുടെ വായ്ക്കകത്തു വയ്ക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. മനുഷ്യസമുദായത്തോടു നമുക്ക് ചുമതലയുള്ളപക്ഷം ഈ മാതിരി നടപടികളെ നിരോധിക്കേണ്ടതു് വളരെ അത്യാവശ്യമാണ്. ഇതിനെപ്പററി വളരെ വളരെ കാര്യങ്ങൾ ഇനിയും പറയാനുണ്ട്. പക്ഷെ അതെല്ലാം പറഞ്ഞു് സമയം അപഹരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇംഗ്ലണ്ടിൽ നൂറ് നൂററമ്പതു വർഷങ്ങൾക്ക് മുമ്പുമുതൽ തന്നെ മെഡിക്കൽ കൗൺസിൽ ഉണ്ട്. അവിടെ നഴ്സുകൾക്കും ഒരു കൗൺസിൽ ഉണ്ട്. ആസ്ത്രേലിയാ മുതലായ പരിഷ്കൃതരാജ്യങ്ങളിലെല്ലാം ഈ മാതിരി കൗൺസിലുകൾ ഉണ്ട്.

ശ്രീ. നെടുമങ്ങാട്. ആർ. കേശവൻ നായർ: നമ്മുടെ നാട്ടിൻപുറങ്ങളിലുള്ള ക്ഷുരകക്കാരികൾ ഇതിലേക്കു വിദഗ്ദ്ധകളല്ലേ ?

ഡാക്ടർ എൻ. എസ്. പിള്ള : പറയാം. അച്ഛനമ്മമാരുടെ ഗുണംപോലിരിക്കും ഉണ്ടാകുന്ന കുട്ടിയുടെ സ്വഭാവമെന്നു ഞാൻ സാധാരണയായി കേട്ടിട്ടുണ്ടു്. അതേ അവസരത്തിൽ ചിലടത്തു് പ്രസവം അററൻഡ് ചെയ്യുന്ന ക്ഷുരകക്കാരിയുടെ ഗുണംപോലിരിക്കും കുട്ടിയുടെ സ്വഭാവമെന്നും പറഞ്ഞുകേട്ടിട്ടുണ്ടു്. ഏതായാലും നെടുമങ്ങാട്ടു മെംബർ ആ കാര്യം ഓർമ്മിപ്പിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. അദ്ദേഹത്തിനു് അതിനെപ്പററി കൂടുതൽ പരിചയമുണ്ടായിരിക്കാം. ഈ ക്ഷുരകക്കാരികളുടേയും കാര്യം ഞാൻ മുമ്പു പറഞ്ഞതുതന്നെ. തവിക്കണകൂത്തലും കുലുക്കലുംകൊണ്ടു് കുഞ്ഞുങ്ങൾ ഉണ്ടാകേണ്ട എന്നാണു ഞാൻ പറയുന്നതു്. വളരെ അത്യാവശ്യമായി പാസ്സാക്കേണ്ട ഒന്നാണു് ഈ ബിൽ. തീർച്ചയായും ഇതിനു് പ്രത്യേകം ഒരു കൗൺസിലും വേണ്ടതാണു്. സെലക്ട്കമ്മിററി കൂലങ്കഷമായി ആലോചിച്ചു് ഈ ബില്ലിൽ വേണ്ട ഭേദഗതികൾ വരുത്തണമെന്നു അഭിപ്രായപ്പെടുന്നതോടുകൂടി ഈ ബിൽ സെലക്ട്കമ്മിററിക്കു് അയയ്ക്കണമെന്നുള്ളതിനെ ഞാൻ ശക്തിയായി പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. വി. മാധവൻ : ഈ ബില്ലിൻെറ ആവശ്യകതയെപ്പററി ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരും അനുകൂലിക്കയുണ്ടായിയെന്നാണു കാണുന്നതു്. ബില്ലിനെ സംബന്ധിച്ചു് പല വിലയേറിയ നിർദ്ദേശങ്ങളും ഇവിടെ ഉന്നയിച്ചിട്ടുണ്ടു്. സെലക്ട്കമ്മിററിയിൽ ഈ ബിൽ പരിശോധിക്കുമ്പോൾ അതിൽ വരുത്താവുന്ന മാററങ്ങളെല്ലാം വരുത്താൻ സൗകര്യങ്ങളുണ്ടാകുമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ മിഡ്‌വൈഫുകളും നേഴ്സുകളും എത്ര വേണമെന്നുള്ളതിനു് ഒരു പ്ലാൻതന്നെ വേണമെന്നു് എന്നെ അനുസ്മരിപ്പിക്കുകയുണ്ടായി. അതു് വിലയേറിയ നിർദ്ദേശമാണെങ്കിലും ഒരു പ്ലാൻ ആസൂത്രണം ചെയ്യുന്നതിനു് സാധിച്ചില്ലെന്നു മാത്രമേ പറയാനുള്ളു. അതേ അവസരത്തിൽ അതിനു ചില പ്രായോഗിക വൈഷമ്യങ്ങളുണ്ടെന്നുള്ള കാര്യവും എനിക്കു ചൂണ്ടിക്കാണിക്കുവാനുണ്ടു്. ഈ രാജ്യത്തെ ആവശ്യത്തിനു മിഡ്‌വൈഫുകളും നേഴ്സുകളും എത്ര വേണമെന്നു മുൻകൂട്ടി പ്ലാൻവച്ചുകൊണ്ടു പ്രവർത്തിക്കുന്നതു ശരിതന്നെയെങ്കിലും എത്രയാണു വേണ്ടതെന്നു് ചിന്തിക്കാനുള്ള ഒരു പന്ഥാവു് ഉണ്ടെന്നു് എനിക്കു തോന്നുന്നില്ല. ചുരുങ്ങിയതു് ൫൦൦-ഓളം പഞ്ചായത്തുകൾക്കുതന്നെ വേണ്ടിവരുമെന്നാണു തോന്നുന്നതു്. ഒരു പഞ്ചായത്തിൽ ഒരു മിഡ്‌വൈഫുതന്നെ മതിയാകുമോ എന്നും സംശയമാണു്. ജനസംഖ്യ വർദ്ധിക്കുംതോറും ഈ സൗകര്യങ്ങളും ഗവണ്മെൻറ് വർദ്ധിപ്പിച്ചുകൊടുക്കേണ്ടിവരും. രാജ്യത്തിനു് ആവശ്യമുള്ളിടത്തോളം മിഡ്‌വൈഫുകളും നേഴ്സുകളും ഇല്ലെന്നുള്ളതു് പരമാർത്ഥംതന്നെയാണു്. ആ കുറവു പരിഹരിക്കുന്നതിനുവേണ്ടി ആണ്ടുതോറും ഏതാനും നേഴ്സുകളേയും മിഡ്‌വൈഫുകളേയും പരിശീലനം നൽകി പുറത്തയയ്ക്കണമെന്നാണു ഗവണ്മെൻറുദ്ദേശിക്കുന്നതു്. അവരുടെ പരിശീലനത്തെപ്പററി വിവരമായി ഒന്നും പറഞ്ഞില്ലെന്നും ഇവിടെ പ്രസ്താവമുണ്ടായി. മിഡ്‌വൈഫുകൾക്കു് രണ്ടുവർഷത്തെ കോഴ്സാണുള്ളതു്. ആ കോഴ്സ് കഴിഞ്ഞു് ആറുമാസം ഏതെങ്കിലും ആസ്പത്രിയിൽ വാളണ്ടിയർ ചെയ്യുന്നതിനയയ്ക്കും. നേഴ്സുകൾക്കാണെങ്കിൽ നാലുവർഷത്തെ കോഴ്സു മാത്രമേയുള്ളു. അവരെ അതു കഴിഞ്ഞാൽ നിയമിക്കും.

[ശ്രീ. വി. മാധവൻ.]

എന്റെ സ്നേഹിതൻ കല്ലൂപ്പാറ മെംബർ പറയുകയുണ്ടായി എന്തെങ്കിലും ഒരു ഡാക്ടർ സർട്ടിഫൈ ചെയ്യുകയാണെങ്കിൽ അതു മാത്രം വച്ചുകൊണ്ടു് ഈ ജോലിചെയ്യാൻ അനുവദിക്കുന്നതു ശരിയല്ലെന്നു്. അങ്ങനെ ചെയ്യാതിരുന്നാലുള്ള പ്രയാസങ്ങളെപ്പററി പല ബഹുമാനപ്പെട്ട മെംബറന്മാരും ഇവിടെ പറഞ്ഞതിൽനിന്നും ബില്ലിൽ ഇപ്പോൾ അങ്ങനെയൊരു വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ യുക്തി വെളിപ്പെടുമെന്നാണു ഞാൻ വിചാരിക്കുന്നതു്. എല്ലാം സ്ഥലത്തും മിഡ്വൈഫുകളേയും നേഴ്സുകളേയും നിയമിക്കുന്നതിനു മതിയാകുന്ന ആളുകൾ ഇപ്പോൾ ഇല്ല. ആ സ്ഥിതിക്കു് പഴയ രീതിയിലുള്ള ആളുകളെ ഒരു ഡാക്ടരുടെ സർട്ടിഫിക്കററുണ്ടെങ്കിൽ അതിലേയ്ക്കു് അനുവദിക്കേണ്ടതു് ആവശ്യമാണെന്നാണു് എനിക്കു തോന്നുന്നതു്. ഡാക്ടറന്മാർ അവരെ പരിശോധിക്കാതെ സർട്ടിഫിക്കററു കൊടുക്കുമെന്നു പ്രഥമദൃഷ്ടിയിൽ വിചാരിക്കാൻ ന്യായമില്ല. എല്ലാ കാര്യങ്ങളും സെലക്ടുകമ്മററിയിൽ ചർച്ചചെയ്യാമെന്നുള്ളതുകൊണ്ടു ഇതിൽ കൂടുതലായി ഒരു മറുപടി പറയണമെന്നു ഞാൻ കരുതുന്നില്ല. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ നിർദ്ദേശിച്ചുപോലെ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിനു് തെരഞ്ഞെടുത്തിട്ടുള്ള കമ്മററി അംഗങ്ങളെത്തന്നെ ഈ ബില്ലിലേയ്ക്കും നാമനിർദ്ദേശം ചെയ്യണമെന്നാണു ഞാൻ വിചാരിക്കുന്നതു്. രണ്ടുപേരെക്കൂടി പുതുതായി ഈ കമ്മററിയിൽ ചേർക്കേണ്ടതുണ്ടു്. ശ്രീമതി കെ. ആർ. ഗൗരിയേയും ശ്രീ. കെ. മാധവനുണ്ണിത്താനേയും കൂടി ഈ കമ്മിററിയിൽ ഉൾപ്പെടുത്തണമെന്നാണു വിചാരിക്കുന്നതു്. കമ്മററി അംഗങ്ങളുടെ പേരുവിവരം ഞാൻ പറയാം.

൧. ശ്രീ. അലക്സാണ്ടർ പറമ്പിത്തറയിൽ
൨. ഡാക്ടർ പി. ററി. താമസ്
൩. ശ്രീ. എൽ. എം. പൈലി
൪. ,, ആർ. ഗംഗാധരർ
൫. ,, ഇ. പി. വർഗ്ഗീസ്
൬. ,, ആർ. പൊന്നപ്പനാടാർ
൭. ,, കാമ്പിശ്ശേരിൽ കരുണാകരൻ
൮. ,, നെടുമങ്ങാട്ട് ആർ. കേശവൻനായർ
൯. ഡാക്ടർ എൻ. എസ്. പിള്ള
൧൦. ശ്രീമതി. കെ. ആർ. ഗൗരി
൧൧. ശ്രീ. കെ. മാധവനുണ്ണിത്താൻ

കോറം അഞ്ചായിരിക്കുന്നതാണു്. ബിൽ സാധാരണ ഗതിയിൽ റിപ്പോർട്ടു ചെയ്യണം.

Mr. Speaker: The question is that the Travancore-Cochin Nurses and Midwives Bill be referred to the Select Committee consisting of:

1. Shri Alexander Parambitharayil,
2. ,, L. M. Pylee.
3. Dr. P. T. Thomas.

4. Shri R. Gangadharan.
5. ,, E. P. Varghese.
6. ,, R. Ponnappa Nadar.
7. ,, Kambisseril Karunakaran.
8. ,, Nedumangad R. Kesavan Nair.
9. ,, K. Madhavan Unnithan.
10. Dr. N. S. Pillai.
11. Shrimati K. R. Gowri.

The quorum will be five and the Report will be submitted in due course.

The motion was put and carried.

THE TRAVANCORE-COCHIN IRRIGATION TANKS (PRESERVATION AND IMPROVEMENT) BILL.

Chief Minister (**Shri A. J. John**): I beg to present the report of the Select Committee on the Travancore-Cochin Irrigation Tanks (Preservation and Improvement) Bill. I move that the Bill, as revised by the Select Committee, be taken up for consideration.

Minister for Home Affairs (**Shri T. M. Varghese**): I second it.

ശ്രീ. എ. ജെ. ജാൺ. സർ, സെലക്ട് കമ്മിററി ഈ ബില്ലിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ടു്. മൂന്നാമത്തെ ക്ലാസ്സിൽ വിവരിച്ചിരുന്നതു് ഒരു കളക്ടർ ആവശ്യപ്പെടുന്നതനുസരിച്ചു് അവിടെയുള്ളതായ ഇറിഗേഷൻ ടാങ്കുകളെപ്പററിയും കിണറുകളെപ്പററിയും ഉള്ള വിവരങ്ങൾ വസ്തു ഉടമസ്ഥന്മാരും വസ്തു കൈവശക്കാരും അദ്ദേഹത്തെ അറിയിക്കണമെന്നായിരുന്നു. എന്നാൽ ഭേദഗതിവരുത്തിയ ബില്ലിൽ ഉടമസ്ഥൻ എന്നുള്ള ഭാഗം എടുത്തുകളഞ്ഞിട്ടു വസ്തു കൈവശക്കാരൻ അറിയിക്കണമെന്നാണു് സെലക്ട കമ്മററി റിപ്പോർട്ടുചെയ്തിരിക്കുന്നതു്. അതിനുള്ള കാരണം മിക്കപ്പോഴും വസ്തു ഉടമസ്ഥന്മാർ സ്ഥലത്തില്ലാതിരിക്കുകയൊ മററു പ്രകാരത്തിലൊ ഏതെങ്കിലും ഉടമസ്ഥനു അതേപ്പററിയുള്ള വിവരങ്ങൾ അറിയുന്നതിനു സാധിക്കുന്നില്ല എന്നുള്ളതാണു്. അതുകൊണ്ടാണു് സെലക്ടുകമ്മററി ആ ഭേദഗതി വരുത്തിയതു്.

രണ്ടാമതായി ഭേദഗതി വരുത്തിയതു് ഒരു പുതിയ ക്ലാസുകൂട്ടിച്ചേർക്കുകയായിരുന്നു. അതായതു്. ഗവൺമെൻറിൽനിന്നും ഒരു കുളമൊ കിണറൊ കൃഷിക്കാവശ്യമാണെന്നു ഗസററിൽ പരസ്യം ചെയ്യുന്നതിനു മുമ്പുതന്നെ അതേപ്പററി അന്വേഷണം നടത്തണമെന്നാണു് അതിൽ ചേർത്തിരിക്കുന്നതു്. ആദ്യത്തെ ബില്ലിൽ അങ്ങനെ ഒരു വ്യവസ്ഥയില്ലായിരുന്നു.

മൂന്നാമതായി വരുത്തിയ ഭേദഗതി ൧൭-ാമത്തെ ക്ലാസ്സിലാണു്. അതായതു്, ഈ കുളത്തിന്റെയൊ കിണറിന്റെയൊ ഉടമസ്ഥൻ അല്ലെങ്കിൽ കൈവശക്കാരൻ അതു ശരിയായി നന്നാക്കണമെന്നു വിവരിച്ചിരുന്നു. അതിനിപ്പോൾ ഒരു ഭേദഗതി വരുത്തിയിരിക്കുന്നു. അതായതു്, കുളം

[Shri A. J. John.]

കൊണ്ടോ കിണർകൊണ്ടോ ആർക്കെല്ലാം ഗുണം കിട്ടുമോ അവരെല്ലാം ഇവ നന്നാക്കുന്നതിനുള്ള ചെലവിന്റെ വീതാംശമനുസരിച്ചുള്ള ചെലവു വഹിക്കണമെന്നാണ് ഭേദഗതി ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും ഭേദഗതി വരുത്തി ഈ ബില്ലിനെ ഇവിടെ ഹാജരാക്കിക്കൊള്ളുന്നു.

Shri M. Gopalan Nair: Sir, I move that the Bill be recommitted to the Select Committee for consideration without limitation. The reasons to move this motion are the following.

There is nothing in the Act to show that there is already an irrigation Act in force. Under that Act irrigation tanks are classed as Major tanks, Minor tanks and Petty tanks. Major tanks are those which are two hundred acres and above in extent and those falling between 200 and 5 acres are classed as minor tanks. Government has undertaken the repair and maintenance of the major tanks and they occasionally repair the minor irrigation tanks also and leave the rest of the irrigation tanks to the ryots. So far as the petty irrigation tanks are concerned, Government have never taken up the duty and responsibility of maintaining these tanks. But now it seems that Government intend to bring private tanks also within the scope of this Bill. If that is so, some other question has also to be considered. If the Government has the intention to bring private tank also within the scope of this Bill, then two things have to be borne in mind. First of all Government must, by this Bill or by some other enactment, get the power to declare all these as irrigation tanks. Unfortunately, there is no such provision in this Bill. Clause 3 only says that:

'The Government may, for the purpose of notifying irrigation tanks under this Act, require by notification in the Gazette, the persons in possession of tanks, wells, canals eries or other reservoirs used for the storage of water for purposes of cultivation, to furnish to the Collector within specified periods particulars of the said tanks, canals, wells, eries or other reservoirs used for the storage of water for purposes of cultivation, in such form as may be prescribed.'

Sub-Clause 2 says:

'Government may, for the purpose of determining whether a tank, well, canal, eri or other reservoir used for the storage of water for purposes of cultivation shall be deemed fit to be notified as an irrigation tank for the purposes of this Act, cause such enquiries to be made as they may consider necessary.'

All these doubt confer upon Government the power to declare any tank an irrigation tank. My submission is that there should be some provision enabling Government to make such declarations and any procedure of Government without such provision will be ultra vires.

Then there is another thing. When private tanks are taken over by Government, the question of compensation naturally arises. Under Art. 31 of the Constitution no property can be taken possession of or acquired without compensation. Any acquisition contrary to this will be regarded as curtailment of the fundamental rights of the citizen. The property can be taken possession only after paying compensation. This Bill is lacking in such a provision. Therefore, my submission is that the bill is defective in these two respects and so I move that the Bill be recommitted to the Select Committee for inclusion of these provisions.

Shri K. Balakrishna Menon: In a sense I am seconding the motion. Incidentally I would bring to the notice of the House certain legal aspects of the validity of the Bill in its present form. I believe that my friend has in view Art. 31 (2) when he stated the bill would offend the constitution. He has not made any reference to the subsequent amendment to Art. 31. Article 31 A. amended reads as follows :

'Saving of laws providing for acquisition of estates, etc :—

(1) Notwithstanding anything in the foregoing provisions of this Part, no law providing for the acquisition by the State of any estate or of any rights therein or for the extinguishment or modification of any such rights shall be deemed to be void on the ground that it is inconsistent with, or takes away or abridges any of the rights conferred by, any provisions of this Part.

(2) In this article,—

(a) the expression "estate" shall, in relation to any local area have the same meaning as that expression or its local equivalent has in the existing law relating to land tenures in force in that area, and shall also include any jagir, inam, or muafi or other similar grant."

Now the question is this. What definition are we going to put on the term "estate". Are we going to have it applied in its generic sense, that is to say, including all what a man possesses as "property"corporeal or incorporeal or in its restricted sense such as Zamindari estate. If it is only in the restricted sense, my submission is that this will have to be declared invalid in as much as Art. 13 (2) of the Constitution would operate. I say that this aspect of the question is necessarily to be considered for this reason ; that in the process of enforcing this present legislation we have necessarily to deprive the possession of the occupant temporarily or permanently.

Now I would invite the attention of the House to the significance of the two terms used in Art. 31 (2).

"No property, movable or immovable, including any interest in, or in any company owning, any commercial or industrial undertaking, shall be taken possession of or acquired.........."

[Shri K. Balakrishna Menon.]

What exactly is meant by making this distinction between acquisition and possession? Does the one connote the other; or does the term "taking possession" mean only the temporary taking possession of the property? If it is only the temporary taking possession of the property my submission is that in the restricted sense which we are going to give the term "estate" in 31 A will not apply and necessarily this bill has to be accompanied by compensation. If that is not done, probably the law will be challenged especially when the Government are going to invest huge amounts of money. I take it that no owner is going to improve the land; so that whenever there is a failure on the part of the owner to improve the tank, Government will have necessarily to take over temporary possession of the tank and improve the property at their own expense. And later on if Government take action against him to realise the improvement charges, he might go to a court of law. The court of law can declare that the law is void and then Government will stand to lose a huge amount of money. In this connection I would request that we may be enlightened on this point by the learned Advocate-General.

I might place this as a point of order.

ശ്രീ. എ. ജെ. ജാൺ: ഈ ബില്ല് പുറമ്പോക്കിലുള്ള കുളങ്ങളേയും കിണറുകളേയും ബാധിക്കുന്നതല്ല. ഈ വസ്തുത ഈ ബില്ലിന്റെ ഓബ്ജക്റ്റ്സ് ആന്റ് റീസൺസിൽതന്നെ പറഞ്ഞിരിക്കുന്നതാണ്. അതു ഞാൻ വായിക്കാം.

"Representations have been received by the Government that private tanks, wells, canals etc. useful for irrigation purposes are being levelled up and converted into wet lands or parambas. In the interests of agricultural operations and activities connected with the Grow More Food Campaign of the Government, it is considered necessary to preserve and improve such tanks etc. The Bill is intended to achieve the above object."

അതുകൊണ്ട് ബഹുമാനപ്പെട്ട നേമം മെംബർ ഇവിടെ ഉന്നയിച്ച വാദഗതികൾ ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. സ്വകാര്യ വ്യക്തികളുടെ കൈവശത്തിലിരിക്കുന്ന കുളങ്ങളെയോ കിണറുകളെയോ ബാധിക്കുന്ന കാര്യമാണ് ബില്ലിൽ പറഞ്ഞിരിക്കുന്നതു്. അത്തരം കുളങ്ങളിലെ വെള്ളം മററു കൃഷിക്കാർക്കൂടി ഉപയോഗിക്കുന്നതിനെ സംബന്ധിച്ചാണ് ഈ വ്യവസ്ഥകൾ. രണ്ടാമതായി ഇത്തരത്തിലുള്ള കുളങ്ങളൊ കിണറുകളൊ ഗവണ്മെന്റിനൊ അല്ലെങ്കിൽ വേറെ ഏതെങ്കിലും കൃഷിക്കാർക്കൊ കൈവശപ്പെടുത്തണമെന്നു ഉദ്ദേശമില്ല. സ്വകാര്യ വ്യക്തികളുടെ കയ്യിലിരിക്കുന്ന കുളങ്ങൾ ഗവണ്മെന്റ് നിർദ്ദേശമനുസരിച്ച് അവർ നന്നാക്കിയില്ലെങ്കിൽ കളക്ടരുടെ ഉത്തരവാദിത്വത്തിൽ ഗവണ്മെന്റ് പണം ചെലവാക്കി നന്നാക്കണമെന്നു പറഞ്ഞി

ട്ടുണ്ട്. എന്നാൽ അതിനുള്ള കാമ്പൻസേഷൻ വകയിൽ എന്തെങ്കിലും തുക ഗവണ്മെന്റ് കൊടുക്കണമെന്നു വിചാരിക്കുന്നില്ല. ഇത്തരം കുളങ്ങളിലെ വെള്ളം ഉപയോഗിക്കുന്ന കർഷകർക്ക് ഒരു ഈസ്മെന്റ് റൈറ്റ് ഉണ്ടെന്നു തീരുമാനിച്ചാൽ മാത്രമേ കുളങ്ങൾ നന്നാക്കുകയുള്ളു. അഥവാ, കൈവശക്കാരനോ അല്ലെങ്കിൽ ഉപയോഗിക്കുന്നവരോ നന്നാക്കുന്നില്ലെങ്കിൽ കളക്ടരുടെ മേൽനോട്ടത്തിൽ ഗവണ്മെന്റിൽ നിന്നും നന്നാക്കുന്നതാണ്. ചിലവാക്കുന്ന പണം ഉത്തരവാദപ്പെട്ടവരിൽനിന്നും ഈടാക്കും. ആയതിനാൽ ഈ ബില്ല് ഒരു സെലക്ട് കമ്മിററിക്കു അയക്കേണ്ട ആവശ്യമില്ല.

Shri P. S. Nataraja Pillai : May I know whether clause 4 is not a restriction on the right of ownership ? "No person shall convert an irrigation tank into wet land or dry land," etc. Will it not be a restriction of the right of ownership if it is a purely private land ?

ശ്രീ റ്റി. ജെ. ജോൺ: സാധാരണയായി ഈസ്മെന്റ് റൈറ്റ് ഇല്ലാത്ത കുളങ്ങളുണ്ട് നികത്തുന്നത്.. വല്ല കുളങ്ങൾക്കും ഈസ്മെന്റ് റൈറ്റ് ഉണ്ടെങ്കിൽ ആ കുളങ്ങൾ നികത്താൻ പാടില്ല.

Mr. Speaker : Do you press the motion, Mr. Gopalan Nair?

Shri M. Gopalan Nair : Yes ; I press it.

The motion for recommittal was put and lost.

The question that the Bill, as reported by the Select Committee, be taken into consideration, was put and carried.

Mr. Speaker : We will now proceed with the Bill clause by clause.

Clauses 2 to 6.

Shri K. Balakrishna Menonn Sir, I move :

> "In clause 2 after sub-clause (i) add the following:—
> '(ii) "Panchayat" means the Panchayat constituted under the Panchayat Act for a particular area."

Mr. Speaker : Then what happens to the existing sub-clause (ii) ? I think it has to be re-numbered as sub-clause (iii).

Shri K. Balakrishna Menon : Yes, I catch the point. Sub-clause (ii) will have necessarily to be re-numbered as sub-clause (iii).

My idea in moving this amendment is this. The whole power and responsibility, as it is, is centralised in the Collector. On two grounds, I want it to be decentralized, because the Collector happens to be an official who is overworked. His jurisdiction and area are so vast that the possible number of tanks to be declared as irrigation tanks under him would be many and would be situated at great distances that perhaps it may not be possible for the Collector to bestow as much attention as is expected of him. On the contrary, if it is decentralized and these powers are handed over to the panchayats, then it may be possible for the panchayats to expeditiously despatch business. Therefore it is that I am moving this amendment.

ശ്രീ. സി. അച്യുതമേനോൻ: സർ, ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെംബർ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതിയെപ്പററി എനിക്കു് അല്പം ചില സംഗതികൾ പ്രസ്താവിക്കാനുണ്ടു്. ഇറിഗേഷൻ കുളങ്ങളെ സംബന്ധിച്ചിടത്തോളം ആ കുളങ്ങൾക്കു് ആവശ്യമായിട്ടുള്ള അററകുററപ്പണികൾ തീർക്കാൻ ഉള്ള അധികാരം ആവശ്യമുള്ള അവസരത്തിൽ ഉണ്ടായിരിക്കേണ്ടതു് കളക്ടർ മുഖാന്തിരം ഗവണ്മെൻറിനല്ല. അതു് പഞ്ചായത്തിനുവേണം വിട്ടുകൊടുക്കാൻ. സംസ്ഥാനത്തിൻെറ ഏതെങ്കിലും ഭാഗത്തു് സ്വകാര്യവ്യക്തികളുടെ അധീനതയിൽ ഉള്ള കുളങ്ങളോ കിണറുകളോ അററകുററം തീർക്കാതെ ഇട്ടിരിക്കുന്നതുമൂലം ആ ഭാഗത്തുള്ള കൃഷിക്കു ദോഷമുണ്ടെന്നു കാണുന്നപക്ഷം ആ സ്ഥലങ്ങളിൽ ആവശ്യമുള്ള ജലസേചനം ചെയ്യുന്നതിനുള്ള ചുമതല പഞ്ചായത്തിനു കൊടുക്കുന്നതായിരിക്കും ഏററവും സൗകര്യപ്രദമായിട്ടുള്ളതു്. പഞ്ചായത്തുകളെ വിപുലപ്പെടുത്തി കൂടുതൽ അധികാരം കൊടുക്കണമെന്നും മററും ആണു് നാം വിചാരിക്കുന്നതു്.

Mr. Speaker: Have Panchayats been formed ?

Shri C. Achyutha Menon: They are going to be formed. In Cochin, panchayats are already there. In Travancore, they are going to be formed. There is an Act which has to be applied. That is all.

പഞ്ചായത്തുകളെ വിപുലപ്പെടുത്തുന്നതോടുകൂടി ഇറിഗേഷൻ കുളങ്ങളെ സംബന്ധിച്ചുള്ള സകല അധികാരങ്ങളും അവയ്ക്കു വിട്ടുകൊടുക്കണം. കളക്ടർ ഒരു വലിയ ഭൂവിഭാഗത്തിൻെറ ഉത്തരവാദം വഹിക്കുന്ന ആളായതുകൊണ്ടു് അദ്ദേഹത്തിനു ഇത്തരം ചെറിയ കാര്യങ്ങളിൽ ശ്രദ്ധ പതിഞ്ഞുവെന്നു വരികയില്ല. മാത്രവുമല്ല, കൂടുതൽ ചുമതലബോധത്തോടും ഉത്തരവാദിത്വത്തോടും പ്രവർത്തിക്കാൻ പഞ്ചായത്തുകൾ നിർബന്ധിതരായതുകൊണ്ടു് ഈ കാര്യം അവയ്ക്കു വിട്ടുകൊടുക്കുകയാണു് ഉത്തമമായിട്ടുള്ളതു്.

ശ്രീ. എ. ജെ. ജാൺ: സർ, ശ്രീ. അച്യുതമേനവൻെറ അഭിപ്രായത്തെ ഞാൻ എതിർക്കുകയാണു് ചെയ്യുന്നതു്. കാരണം സ്വകാര്യവ്യക്തികളുടെ കൈവശമിരിക്കുന്ന വസ്തുവിൻെറ താൽക്കാലികമായ കൈവശാവകാശം എടുക്കുന്ന ഒരു ബില്ലാണു് ഇതു്. മാത്രവുമല്ല, ഇറിഗേഷൻ കുളങ്ങളെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ

"(2) Government may, for the purpose of determining whether a tank, well, canal, eri or other reservoir used for the storage of water for purposes of cultivation," etc.

ഒരു കനാൽ എന്നു പറയുന്നതു് ഒരു പഞ്ചായത്തിൻെറ ഏരിയായിൽ മാത്രം ഒതുങ്ങി നിന്നു എന്നു വരികയില്ല. അതിനടുത്തുള്ള പഞ്ചായത്തു ഏരിയായിൽ കൂടി വ്യാപിച്ചിരിക്കും. ആ സ്ഥിതിക്കു ആ കനാലിനെപ്പററിയുള്ള ചുമതലകൾ ഒരു പഞ്ചായത്തിനുമാത്രം കൊടുക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടാണു് അവയുടെ ചുമതലകൾ കളക്ടർക്കു കൊടുക്കണമെന്നു് വ്യവസ്ഥചെയ്തിരിക്കുന്നതു്.

Shri K. Balakrishna Menon: I do not by this amendment mean that powers of declaration should be included in the Bill. That may as well be made by the Collector.

ശ്രീ. എ. ജെ. ജോൺ: ഈ ബില്ലിലെ ക്ലോസ്സ് ആറിൽ ഒരു ഭേദഗതി വടക്കാഞ്ചേരി മെംബർ അയച്ചിട്ടുണ്ട്. അതു് ഇതാണ്.

> "In clause 6, sub-clauses (1) and (2), delete the word 'collector' where found and substitute the word 'Panchayat' in their places with necessary corresponding changes in their pronouns."

Shri A. Thanu Pillai: May I make a suggestion? This amendment may be considered after the substantive provision sought to be introduced by Mr. Balakrishna Menon is disposed of. If necessary we shall define it. This may be put off till after consideration of the other motion.

ശ്രീ. എ. ജെ. ജോൺ: അതു് ക്ലാസ്സ് ൬-നെപ്പറ്റിയുള്ള ഭേദഗതിയാണ്. കളക്ടർ എന്ന വാക്ക ബില്ലിൽ എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടോ അവിടെയെല്ലാം പഞ്ചായത്ത് എന്ന പദം ഉപയോഗിക്കണമെന്നാണ് ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു്.

This is the amendment: "In clause 6, sub-clauses (1) and (2) delete the word 'Collector' wherever found and substitute the word 'Panchayat' in their places with necessary corresponding changes in their pronouns."

Mr. Speaker: The purport of the amendment is the same. The most important section is section 6. If the word "Collector". be substituted by the word "Panchayat", practically the Collector becomes a non-entity.

Shri K. Balakrishna Menon: That is for the actual purpose of taking possession. Instead of the Collector doing it, the panchayat will be doing it.

Shri A. J. John: At the end of clause 6, it is said that "the expenses incurred by the Collector in the execution of such work shall be recoverable from the person who was required to execute the work as arrears of land revenue." etc. So the panchayat gets all the powers of the Collector to recover the amount under the Revenue Recovery Act and to decide the matter also. "If the person so required fails to restore the irrigation tank to its original state, the Collector may without prejudice to any other action that may be taken under this Act cause such work to be executed," etc. So those powers of the Collector also will have to be given to the panchayats.

Shri K. Balakrishna Menon: In the usual process of realising these debts under the Revenue Recovery Act, the official concerned will be naturally doing it. The reference is only to be made by the panchayat.

Shri A. J. John: The power to collect may be entrusted to a lower authority, but the power to decide the question has to be vested with the Collector. That is what I am saying.

Shri K. Balakrishna Menon : I would like to make a suggestion.

Mr. Speaker : As matters stand, I may inform the hon. Member, that no purpose will be served by accepting this amendment without the whole Bill being recast. All the powers of the Collector contemplated under Section 6 are sought to be given to Panchayat. It comes to that. I think the object of the learned mover cannot be achieved by accepting these amendments. The explanation of the learned Member is that some of the powers of the Collector may be exercised by the Panchayat. That seems to be in his mind. But what is in his mind cannot be achieved by accepting these amendments unless the whole Bill is recast.

Shri P. S. Nataraja Pillai : Sir, even if the definition of panchayats is accepted, there will be no consequential difficulty The hon. Member in charge of the Bill pointed out that the proposed amendment to clause 6, namely, to substitute the word "Panchayat" for the word "Collector" in clause 6, would bring in further complications. I would like to say Sir, that the substitution does not in any way bring in difficulties There are two different aspects of the matter. Under clause 3, the right of declaring a private tank to be an irrigation tank is given to the Collector.

3 P. M.]

That is not sought to be disturbed by the mover of the amendment. What he wants is that the execution, restoration and repair of the irrigation tank should be done by the Panchayat. That is what is intended by the amendment. In doing that, one difficulty was pointed out. In the last sentence of sub-clause (1) of Clause 6, it is provided that the expenses incurred by the Collector in the execution of such work shall be recoverable from the person who was required to execute the work, as arrears of land revenue under the provisions of the Travancore-Cochin Revenue Recovery Act, 1951. If the amendment is accepted, the arrears will be realised by the Panchayats from the party under the provisions of the Revenue Recovery Act. What is the harm in it ? It is not necessarily exercising the rights of the Collector. Even in the Excise Department, if there are arrears of revenue, it is provided that they may be realised under the Revenue Recovery Act. That is the authorities under that Act will recover the arrears.

Shri N. P. Varghese : Will you kindly read the previous sentence also ?

Shri P. S. Nataraja Pillai : I have read it. "The Collector may enter or authorise the entry into the irrigation tank and the lands adjacent to it of such persons as may be necessary for the execution of such "work." As amended, the sentence will read "The Panchayat may enter or authorise the entry into the irrigation tank and the lands adjacent to it of such persons as may be necessary for the execution of such work."

Shri N. P. Varghese: If you say that the amendment will suit, it is all right.

Shri P. S. Nataraja Pillai: It will authorise somebody under the Panchayat to make the entry. I think it will lead to substantial gain and avoidance of real hardship in the country.

Shri N. P. Varghese: The whole bill will have to be recast.

Shri P. S. Nataraja Pillai: A certain amount of recasting will be necessary but it will not distort the provisions. There may be a necessity for consequential changes but it is not clear that by this substitution the whole bill will become meaningless. On the other hand some slight changes may be necessary. I hope, Sir, that the House will appreciate the avoidance of hardship and the facility in working that will result if the agency is made the Panchayat. What matters most here is the utility of tank to the adjoining cultivators. And that can be appreciated by the local Panchayat most. The collector at Trivandrum is not going to know the practical utility and benefit that might be derived from a private bank in a remote part of the district. It is the local Panchayat that can immediately understand the difficulty and take the necessary steps. On the other hand, if the Collector, with his multifarious duties, is called upon to attend to this work, he will not find the time to investigate the matter fully and even if he does, the work will not be very satisfactory. Therefore, I support the amendment.

Shri E. P. Varghese: If the word Panchayat is substituted for Collector, it may lead to difficulties in Clause 6. Can we, for instance, permit the Panchayats to enter?

Shri P. S. Nataraja Pillai: I concede that, to a certain extent, some recasting may be necessary.

Shri A. Thanu Pillai: I suggest that the amendments 4 and 5 of Shri Balakrishna Menon relating to clause 6 may also be moved and discussed along with this amendment.

Mr. Speaker: Yes. Shri Balakrishna Menon may move those amendments as well.

Shri K. Balakrishna Menon: I move:

> "In clause 6, sub clauses (1) and (2) delete the word 'Collector' wherever found and substitute the word 'Panchayat' in their places with necessary corresponding changes in their pronouns." And
>
> "In clause 6, sub clauses (1) and (2) add, after the words 'Revenue Recovery Act 1951' the following:
>
> "in easy instalments covering a period of 15 years."

A lot of discussion has been carried on here and perhaps I would only be repeating what has been said already. But, for

[Shri K. Balakrishna Menon]

clarity's sake, I would just read the whole clause as it stands and with the necessary amendments so that the House could understand it at first sight. As the clause stands, it reads :

> "6 (1) If any person, in possession and control of an irrigation tank converts it into wet land or dry land in contravention of the provisions of Section 4, the Collector may, by notice in writing, require such person within such time as may be fixed by the Collector to restore the same to its original state. If the person, so required fails to restore the irrigation tank to its original state, the Collector may without prejudice to any other action that may be taken under this Act, cause such work to be executed or may take such measures or do that which in his opinion is necessary for restoring the same to its original state. The Collector may enter or authorise the entry into the irrigation and the lands adjacent to it of such persons as may be necessary for the execution of such. The expenses incurred by the Collector in the execution of such shall be recoverable from the person who was required to execute the work, as arrears of land revenue under the provisions of the Travancore-Cochin Revenue Recovery Act, 1951.
>
> (2) Where an irrigation tank is not maintained in good repair, the Collector may, by notice in writing, require the person in possession or control thereof or other persons who are in possession or control of adjoining lands and who are likely to be benefited by maintaining the tank in good repair, to maintain in good repair the said tank within such time as may be specified in the notice. If the aforesaid persons do not repair and maintain the tank as required by the Collector within the time specified, the Collector may cause such repairs to be executed or may take such measures or do that which in his opinion is necessary for maintaining the tank in good repair. The Collector shall, subject to the subsisting rights between the several persons whose lands are benefited, apportion the expenses of repairs between the several persons whose lands are benefited by the repair in proportion to the benefit derived or derivable by such persons on account of such repairs. Any expenses incurred by the Collector for the purposes of repairing and maintaining an irrigation tank and any amount apportioned by the Collector as due from a party under this sub-section, may be recovered from the party concerned as an arrear of land revenue under the Revenue Recovery

Act, 1951. The Collector may, for the purposes of repairing and maintaining an irrigation tank, enter or authorise the entry into the irrigation tank and the land adjoining to it of such persons as may be necessary for the execution of such repairs and other maintenance works."

With the amendments it will read:

"6 (1) If any person, in possession and control of an irrigation tank converts it into wet land or dry land in contravention of the provisions of Section 4, the Panchayat may, by notice in writing, require such person within such time as may be fixed by the Panchayat to restore the same to its original state. If the person so required fails to restore the irrigation tank to its original state, the Panchayat may without prejudice to any other action that may be taken under this Act, cause such work to be executed or may take such measures or do that which in its opinion is necessary for restoring the same to its original state. The Panchayat may enter or authorise the entry into the irrigation tank and the lands adjacent to it of such persons as may be necessary for the execution of such work. The expenses incurred by the Panchayat in the execution of such work shall be recoverable from the person who was required to execute the work, as arrears of land revenue under the provisions of the Travancore-Cochin Revenue Recovery Act, 1951.

